മലയാളനാട് വാരിക

പത്രാധിപർ: എസ്. കെ. നായർ

പുസ്തകം 3 ലക്കം 21 1147 കന്നി 31

the malayalanadu weekly, quilon October 17, *1971*

താളുകൾ മറിക്കുമ്പോൾ

ലേഖനം

ഒരു പിറന്നാളിന്റെ ഓർമ്മ (എന്റെ കഥ) —മാധവിക്കുട്ടി 5

നമ്മുടെ നാടകശാലകളിൽ —എം. ആർ. ബി. 14

അഭിനയകലാസാമ്രാജ്യത്തിൽ അല്ലം —ഇയ്യങ്കോട്ട് ശ്രീധരൻ 36

ഒരു സ്ത്രീയുടെ ദുഃഖം —ഗോപിനാഥ് പനങ്ങാട്ട് 65

കവിത

ഉദയം —അപ്പൻ തച്ചേത്ത് 16

ഹവിസ്സ് —ഹിരണ്യൻ 39

കഥ

അ എന്ന വേട്ടക്കാരൻ— സക്കറിയ 11

പറങ്കിത്താഴ് —കുഴിതടത്തിൽ 34

ഒരു രാത്രിക്കുവേണ്ടി —ഈശ്വർചന്ദർ 40

നോവൽ

ജനറൽ ചാത്തൻസ് —വി. കെ. എൻ. 18

ഞാൻ—ഞാൻമാത്രം —വി. ടി. നന്ദകുമാർ 23

തകഴിച്ചിറകുകൾ —ഖലീൽജിബ്രാൻ 29

പംക്തികൾ

വായനക്കാരുടെ കത്തുകൾ 2

വിദ്യാർത്ഥി – യുവജനനേതാക്കളെപ്പററി —ഡോ. രഘുവരൻതമ്പി 12

സാഹിത്യവാരഫലം —എം. കൃഷ്ണൻനായർ 21

സ്ത്രീകൾ സ്ത്രീകളെപ്പററി —സി. കെ. ലില്ലി 50

നാടകനിരൂപണം —പ്രസന്ന 56

എന്റെ സങ്കല്പങ്ങളിലെ ഭർത്താവ് —മായാമണി 58

ബാലലോകം 60

റോബോട്ടറാം —ഗഫൂർ 64

സിനിമ —ബാർകാ 67

മുഖചിത്രം: ഫോട്ടോ: ശിവൻ

അടുത്തലക്കത്തിൽ ചിലത്

ലേഖനം

അനുരാഗം എന്ന പദത്തിന്റെ അർത്ഥം (എന്റെ കഥ)— മാധവിക്കുട്ടി

കാട്ടും കിണറും —സി. ടി. അലി ബി. ഇ.

ദീപാവലി— കൊട്ടങ്ങല്ലൂർ രാഘവൻ

ശ്രദ്ധേയനായ ഒരു രാഷ്ട്രീയനേതാവ്—എം. കെ. എസ്. പിള്ള

കവിത

കവിയുടെ പൂന്തോട്ടം —പി. കുഞ്ഞിരാമൻനായർ

നീലോല്പലലഹരി —കൃഷ്ണകുമാർ

കഥ

വേരുകളില്ലാതെ —എസ്. പി. രമേശ്

പുലരി —ജെ. കെ. വി.

പരാശരനും മുക്കുവസ്ത്രീയും —വി. എസ്. നിർമ്മല

കൂടാതെ രണ്ടു നോവലുകളും മററു സ്ഥിരംപംക്തികളും

വായനക്കാരുടെ അഭിപ്രായം

ഭൂചലനം

മാധവിക്കുട്ടിയുടെ ആത്മകഥയെന്ന ഭൂചലനത്തിന് അഭിനന്ദനങ്ങൾ. ഉഗ്രം, ഘോരം, സുന്ദരം, സസ്യശാമളകോമളം.

സിന്താബാദ്"!
സ്നേഹത്തോടെ,
തിക്കോടിയൻ.

കൃത്യമായി അയയ്ക്കുക

മലയാളനാട്ട് കൃത്യമായി കിട്ടുന്നില്ല. മാധവിക്കുട്ടിയുടെ ആത്മകഥ വായിപ്പാൻ അമിതമായ താൽപര്യമുള്ളതുകൊണ്ട് ഒന്നു കൃത്യമായി അയയ്ക്കാൻ ഏർപ്പാടുചെയ്യുമോ?

സ്നേഹപൂർവ്വം
എൻ. പി. മുഹമ്മദ്

ആമിയുടെ കഥ

മലയാളനാട്ട് വിശേഷാൽപ്രതിയിൽ മാധവിക്കുട്ടി എഴുതിയ 'കരുവിയുടെ ദുരന്തം' വായിച്ചില്ല. എന്നാൽ 18-ാം ലക്കത്തിലെ 'എന്റെ കഥ' ഒന്നാംഭാഗം വായിച്ചു. അയൽവാസിയാണെങ്കിലും, മറുനാട്ടിൽ ജീവിക്കുകൊണ്ടു വളരെ കുറച്ചു തവണമാത്രം കാണുകയും സംസാരിക്കുകയും മാത്രമേ ചെയ്തിട്ടുള്ളുവെങ്കിലും, ആമി (നാലപ്പാട്ട് കമലയെ അവരുടെ വീട്ടുകാരും അടുത്തസുഹൃത്തുക്കളും അങ്ങിനെയാണു വിളിക്കുക) യെക്കുറിച്ചു വളരെ വ്യക്തമായ ചില ധാരണകളുണ്ടെനിക്ക്. നാലപ്പാട്ട് നാരായണമേനോനുമായി സംസാരിച്ചിട്ടുണ്ടോ? എന്റെ കുട്ടിക്കാലത്തെ മറക്കാനാവാത്ത മാനസികോല്ലാസ (Mental exercise)മായിരുന്നു, അദ്ദേഹവുമൊത്തു കഴിച്ചുകൂട്ടാൻ തരപ്പെട്ട മണിക്കൂറുകൾ. ആ മനുഷ്യൻ, കൽക്കത്തയിലും ബോംബേയിലുമാണു വളർന്നതെന്നു വിചാരിക്കുക. എന്നാൽ ആമിയെപ്പോലെ ചിന്തിക്കുമായിരുന്നു എന്നെനിക്കു തോന്നാറുണ്ട്. ശരിയാണോ? ആവോ? ഇക്കഴിഞ്ഞ ഇലസ്ട്രേറേഡ് വീക്കിലിയിൽ ആമി "പ്രേമവും സൌഹൃദവും" എന്ന പരമ്പരയിൽ "ഞാൻ പഠിക്കേണ്ടിയിരുന്ന എല്ലാ പുരുഷന്മാരേയും ഞാൻ പഠിച്ചിട്ടുണ്ട്" എന്ന ശീർഷകത്തിൽ ഒരു കൊച്ചുലേഖനം, അവരുടെ കവിതപോലെതന്നെ സുന്ദരമായൊരു സാധനം, എഴുതിയിട്ടുണ്ട്. അതുകൂടി മലയാളനാട്ടിൽ ചേർക്കൂ. അവരെല്ലാ പുരുഷന്മാരേയും പഠിച്ചുകഴിഞ്ഞിരിക്കുന്നു. നാം പുരുഷന്മാർ, മാധവിക്കുട്ടിയോ സത്യത്തിൽ പെണ്ണുങ്ങളെ ഇനിയുമെത്രയോ പഠിക്കേണ്ടിയിരിക്കുന്നു better to be good looking than good ഇതു പുരുഷന്റെ തത്വശാസ്ത്രമായിരിക്കണം. നാം തെററിദ്ധരിച്ചിരിക്കുകയായിരുന്നു; സ്ത്രീകളുടെയാണെന്ന് ആമി പറഞ്ഞാൽ വിശ്വസിക്കാതിരിക്കാൻ എന്നെക്കൊണ്ടാവില്ല

—കാട്ടുമാടം നാരായണൻ,
പെരുമ്പടപ്പ്.

ജീവിതം-തിക്തം, തീക്ഷ്ണം!

ആധുനികമലയാളകഥാസാഹിത്യവേദിയിൽ ഞാൻ കണ്ടെത്തിയ ധീരവും സ്വാതന്ത്ര്യവുമായൊരു ശബ്ദത്തിന്റെ ഉടമസ്ഥയാണ് ശ്രീമതി മാധവിക്കുട്ടി! ജീവിതത്തിന്റെ സമരമുഖത്തു നിന്നുകൊണ്ട് ജോൺ കീററ്സിന്റെ കൃവിഡിന്റെ കന്യാസ്ത്രീയായി മാറുവാൻ മാധവിക്കുട്ടി ആഗ്രഹിച്ചിട്ടില്ല; തിക്തവും തീക്ഷ്ണവുമായ സംസാരസാഗരത്തിലെ ഏറ്റവും വലിയ 'ചുഴി'യായി കാങ്ങിയടിക്കുന്ന ഈ അക്ഷയശക്തി കാലഘട്ടത്തിന്റെ നേട്ടമാണ്.....

"കണ്ണുനീർത്തുള്ളികളു," "ഏത്തശ്ശി"യുമെല്ലാം കാഴ്ചവെച്ച നാലപ്പാട്ടതറവാടിന്റെ നാലുകെട്ടിലെ ഈ വാടാമല്ലികയ്ക്കുള്ള സ്ഥാനത്തെപ്പററി ഞാനെന്തിനു പ്രകീർത്തിക്കണം? ശ്രീമതി മാധവിക്കുട്ടിയുടെ ഈ ആത്മകഥാപരമ്പര സ്ഫോടനാത്മകമായൊരു ജീവിതത്തിന്റെ സത്യസന്ധമയൊരാവിഷ്കാരമാണ് ... ... മലയാളത്തിന്റെ മകളേ... . ...അഭിനന്ദനങ്ങൾ.....!!

—അപ്പൻ തച്ചേത്ത്,
മദിരാശി.

ഈ തലമുറയുടെ കാമുകി

—മറവൂർ

'സിമത്തേരിയിലെ ബോഗൻവില്ല' എന്ന അദ്ധ്യായത്തിൽ മാധവിക്കുട്ടി സുപ്രസിദ്ധ കവയിത്രിയായ ലോറൻസ് ഹോപ്പിനെക്കുറിച്ചെഴുതിയിട്ടുണ്ടല്ലോ; ലോറൻസ് ഹോപ്പിന്റെ ശവകുടീരം കൽക്കട്ടയിലെ പാർക്സ്ട്രീററിലെ സിമത്തേരിയിലാണു സ്ഥിതി ചെയ്യുന്നതെന്നു ലോറൻസ് ബാൻററൽമൻ ദില്ലിയിൽ വച്ചു മാധവിക്കുട്ടിയോടു പറഞ്ഞതായി.

ലോറൻസ് ഹോപ് എന്ന തൂലികാനാമത്തിൽ കവിതകൾ എഴുതിയ അഡേലാ ഫ്ളോറൻസ് ആത്മഹത്യ ചെയ്തതു മദ്രാസിൽവച്ചാണ്. മദിരാശിയിലെ സെൻറ് മേരീസ് സിമത്തേരിയിലാണ് അവരുടെ ജഡം അടക്കംചെയ്തിട്ടുള്ളതു്.

അർഹിക്കുന്ന പ്രശസ്തി എന്തുകൊണ്ടോ ലഭിക്കാതെ പോയ അനുഗ്രഹീതയായ ഒരു കവയിത്രിയായിരുന്നു പത്തൊമ്പതാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഇംഗ്ലണ്ടിൽ ജനിച്ച ലോറൻസ് ഹോപ്. അവരുടെ ഭർത്താവായ ലെഫ്ററനൻറ് ജനറൽ നിക്കോൾസൻ ഇൻഡ്യൻ ആർമിയിലെ ഏററവും ഉയർന്ന ഉദ്യോഗസ്ഥന്മാരിലൊരാൾ ആയിരുന്നു.

ഹൈന്ദവസംസ്കാരത്തിന്റെ സവിശേഷതകൾ കാവ്യാത്മകമായി വിശ്വസാഹിത്യത്തിനു പരിചയപ്പെടുത്തിക്കൊടുത്ത ചുരുക്കം ചില പ്രതിഭാശാലികളിൽ ഒരാളാണ് ഹോപ്പ്. മാധവിക്കുട്ടിയെപ്പോലെ ഈ സ്ത്രീയും ശ്രീകൃഷ്ണനിൽ പുരുഷസൌന്ദര്യത്തിന്റെ പൂർണ്ണമായ, ഉദാത്തമായ മാതൃക കണ്ടെത്തി. കാശ്മീരിലെ ഉദ്യാനങ്ങളും, തടാകങ്ങളും, രാസക്രീഡയ്ക്കു പശ്ചാത്തലമൊരുക്കിയ യമുനാസൈകതത്തളും അവരുടെ സർഗ്ഗശക്തിയുടെ ചക്രവാളങ്ങൾ വികസിപ്പിച്ചെടുത്തു. The Garden of Kama, The stars of the Desert, Indian love എന്നിവയാണ് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള അവരുടെ കവിതാസമാഹാരങ്ങൾ. ടാഗോറിന്റേയും സരോജനീനായിഡുവിന്റേയും, ചങ്ങമ്പുഴയുടേയും കവിതകളിൽ ലോറൻസ് ഹോപ്പിന്റെ ശൈലിയുടേയും, ജീവിതനിദർശനത്തിന്റേയും സ്വാധീനം കാണാം.

ഭർത്തൃമതിയായിരിക്കുമ്പോൾ തന്നെ, അവിഹിതങ്ങളായ പ്രണയബന്ധങ്ങളിലേപ്പെട്ട് ഒട്ടുങ്ങാത്ത ജീവിതതൃഷ്ണയോടെ കൊടുങ്കാററുപോലെ ജീവിച്ച ലോറൻസ ഹോപ്പിനോടു മാധവിക്കുട്ടിയുടെ സ്ഥിരം കഥാനായികമാർക്കുള്ള സാദൃശ്യം എന്നെ പലപ്പോഴും അത്ഭുതപ്പെടുത്തിയിട്ടുണ്ട് ഒരിന്ത്യൻകാമുകനുമായുള്ള ലൈംഗികബന്ധമായിരുന്നത്രെ 'The pale hands I loved beside Shalimar' തുടങ്ങി സുപ്രസിദ്ധങ്ങളായ പല കവിതകളും എഴുതാൻ ലോറൻസ്ഹോപ്പിനു പ്രചോദനം നൽകിയതു്.

സ്വന്തം ഭാര്യയുടെ അവിശുദ്ധബന്ധത്തിനെക്കുറിച്ചറിഞ്ഞ നിക്കോൾസൻ ഹൃദയംപൊട്ടി മരിച്ചു. പശ്ചാത്താപപരവശയായ ലോറൻസ്ഹോപ് എട്ടാനും ദിവസങ്ങൾക്കകം വിഷംകുടിച്ചു് ആത്മഹത്യചെയ്തു. തന്റെ മുപ്പത്തിയൊമ്പതാമത്തെ വയസ്സിൽ സെൻറ്മേരീസ് സിമത്തേരിയിലുള്ള നിക്കോൾസന്റെ ശവക്കല്ലറയ്ക്കടുത്തുതന്നെയാണ് അവരേയും സംസ്കരിച്ചതു്.

സംഭോഗശൃംഗാരത്തിന്റെ സമൂർത്തപ്രതീകമായിട്ടല്ലേ ലോറൻസ്ഹോപ് ശ്രീകൃഷ്ണനെ സ്നേഹിച്ചിരുന്നതെന്നു വൃന്ദാവനത്തിലെ നിത്യകാമുകനെക്കുറിച്ചുള്ള അവരുടെ കവിതകൾ വായിക്കുമ്പോൾ എനിക്കു തോന്നിയിട്ടുണ്ട്,

ചപലയും, ഭാവനാസമ്പന്നയും, അനുഗ്രഹീതകവയിത്രിയുമായ ലോറൻസ്ഹോപ് ജനിക്കുന്നതും, മരിക്കുന്നതും നാലാംതീയതിയാണ്. ന്യൂമെറോളജിയിൽ നാല് എന്ന സംഖ്യയ്ക്കുള്ള സവിശേഷതകൾ ശ്രദ്ധിക്കുക

മാധവിക്കുട്ടിയുടെ ആത്മകഥയെ സം

ബന്ധിച്ചിടത്തോളം, ലോറൻസ്ഹോപ്പിൻെറ ശവകുടീരം മദിരാശിയിലോ കൽക്കത്തയിലോ എന്ന ചരിത്രസത്യത്തിനു വലിയ പ്രസക്തിയില്ലെന്നറിയാം. സാന്ദർഭികമായി ഇത്രയും ചൂണ്ടിക്കാണിച്ചുവെന്നേയുള്ളൂ. ആത്മകഥ പുരോഗമിക്കട്ടെ; ഈ തലമുറയുടെ കാമുകി എന്ന അസൂയാർഹമായ സ്ഥാനം മാധവിക്കുട്ടി പിടിച്ചെടുക്കട്ടെ. എല്ലാ മനുഷ്യരിലും 'ലിബിഡോ' ഉണ്ടെന്നല്ലേ സിഗ്മണ്ട് ഫ്രോയിഡ് പറഞ്ഞിരിക്കുന്നത്.

ആത്മാവിൻെറ വിശ്വരൂപം

മാധവിക്കുട്ടിയുടെ ഈ ആത്മകഥ സൈമൺ ഡി ബൊവിയ എന്ന ഫ്രഞ്ച് നോവലിസ്റ്റിൻെറ "The Prime of life" എന്ന ആത്മകഥയെ മുന്നിട്ടുനില്ക്കുമെന്ന് തോന്നുന്നു. സ്വന്തം ആത്മാവിനെ പച്ചയായി വരച്ചുകാട്ടാനുള്ള അദമ്യമായ ദാഹം വളരെക്കുറച്ച് എഴുത്തുകാരിലേ കാണാറുള്ളൂ. എല്ലാം തുറന്നുപറയാനുള്ള ധൈര്യം അതിലും കുറച്ചുപേരിലേ കാണൂ.

"One august afternoon I was at Sainte-Redegonde, reading on the bank of that overgrown semi-island which I have already referred to. I heard an odd noise behind me: cracking twigs, and an animal panting that sounded like a death rattle. I turned around to find a man crouching in the bushes, a tramp, his eyes fixed on me, masturbating. I fled panick-stricken..."
("The Prime of Life"–pp-74)

എഴുത്തുകാരിയുടേതായാലും ആത്മകഥയെന്നാൽ നോവലല്ല. ചെറുകഥയല്ല. അതു കഥയേയല്ല. 'ആത്മ'മാണ്. ആത്മം. ആത്മാവ്. സത്യസന്ധതയിലൂടെ മാത്രമേ ആ ആത്മാവിൻെറ വിശ്വരൂപം കാട്ടാനൊക്കൂ.

—കെ. താപസൻ,
ന്യൂഡൽഹി.

ബൊക്കെകൾ

മാധവിക്കുട്ടിയുടെ ആത്മകഥയുടെ തുടക്കം താല്പര്യപൂർവ്വംതന്നെ വായിച്ചുതീർത്തു. സാന്ദർഭികമായി പറഞ്ഞുകൊള്ളട്ടെ, ഇതോടെയാണു ഞാൻ മലയാളനാട്ടു വാരികയുടെ വായനക്കാരനായതു്. ശോകത്തിൻെറ പരിവേഷം കലർന്ന വാക്കുകളിലൂടെ വരയ്ക്കപ്പെടുന്ന ആ ചിത്രം ഹൃദയക്രമമായിരിക്കുന്നു. ഉള്ളിയുടെ മണം, ചുവന്ന പാവാട, പക്ഷിയുടെ മണം ഇങ്ങനെ തുടങ്ങിയാൽ ശക്തിയുററ ആ തൂലികയാൽ രൂപം കൊണ്ട സാഹിത്യകുമ്പാരങ്ങൾ ഇവിടെ ഓർത്തുപോകുന്നു. സ്വാനുഭൂതികൾ തികച്ചും സ്വകീയമായ ശൈലിയിൽ കുരമ്പുപോലെ അനുവാചകഹൃത്തുകളിലേക്കു ചെന്നു തറയ്ക്കുംവിധം വരച്ചുകാട്ടിത്തരുവാൻ ഈ കഥാകർത്രിക്കുള്ള അഭ്യസനപാടവം ഒന്നു വേറെത്തന്നെയാണ്. അവർക്കും അവരെ പരിചയപ്പെടുത്തിത്തരുന്ന മലയാളനാടിനും അഭിനന്ദനത്തിൻെറ "ബൊക്കെ"കൾ നിതരാം അപ്പിക്കുന്നു.

—കക്കാറ പി. രാമചന്ദ്രൻ.

അക്ഷരശ്ലോകമത്സരം

സമസ്തകേരള സാഹിത്യപരിഷത്തിൻെറ 32-ാം വാർഷികത്തോടനുബന്ധിച്ച് ഒരു അക്ഷരശ്ലോകമത്സരം തൃശ്ശിവപേരൂരിൽവെച്ച് നടത്തുവാൻ പരിഷത്നിർവ്വാഹകസമിതി തീരുമാനിച്ചിരിക്കുന്നു. വിജയികൾക്കു സമുചിതമായ സമ്മാനവും സർട്ടിഫിക്കററും നൽകുന്നതാണ്.

മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 1971 ഒക്ടോബർ 15-ാംനു-ള്ളിലു് "ശ്രീ. എൻ. ഡി. കൃഷ്ണനുണ്ണി, കൺവീനർ, അക്ഷരശ്ലോകമത്സരം, വാരിയം ലെയിൻ, തൃശ്ശിവപേരൂർ" എന്ന മേൽവിലാസത്തിൽ എഴുതി പേർ രജിസ്റ്റർ ചെയ്യേണ്ടതാണ്. മത്സരതീയതിയും സ്ഥലവും വഴിയെ അറിയിക്കുന്നതാണ്.

—o—

എൻെറ കഥ

എൻെറ ഒൻപതാംവയസ്സിൽ അച്ഛൻ എന്നെ തൃശ്ശൂരിലുള്ള ഒരു ബോർഡിങ്ങിൽ കൊണ്ടുപോയി ചേർത്തു. റോമൻ കത്തോലിക്ക സമുദായത്തിൽപ്പെട്ട കന്യാസ്ത്രീകളുടെ ഒരു മഠമായിരുന്നു അതു്.

മുൻ വശത്തു ചരൽപാകിയ മുററം. ഇടത്തു്, കുറച്ചു വാരകൾക്കപ്പുറം, ഒരു കയററത്തിൽ നിർമ്മിച്ച ബോർഡിങ്ങ്. അതിൻെറ മുമ്പിൽ വെണ്ടയ്ക്കാത്തോട്ടം. കോൺവെൻറിൻെറ പിന്നിൽ, കടച്ചക്കമരം. ആ മരത്തിൻെറ കീഴിൽ ഒരാശ്ചര്യദ്യോതകമായ ശബ്ദമുണ്ടാക്കി ഓടി നടക്കുന്ന തുക്കിക്കോഴികൾ...പള്ളി. ഇ

നാലു്
ഒരു പിറന്നാളിൻെറ ഓർമ്മ

തെല്ലാം നോക്കിക്കണ്ടു് ഞാൻ കരച്ചിലൊതുക്കി.

അച്ഛൻ മടങ്ങിയപ്പോൾ സിസ്റ്റർ ഫിലോമിന എന്ന മദ്ധ്യവയസ്കു തൻെറ തടിച്ചു മൃദുലമായ കൈത്തലം എൻെറ ചുമലിൽ വെച്ചു "വരൂ, ഡിയർ" അവർ പറഞ്ഞു അപ്രതീക്ഷിതമായ ആ സ്നേഹപ്രകടനത്തിൻെറ മുമ്പിൽ വളച്ചയെത്താത്ത എൻെറ ഹൃദയം സർവ്വായുധങ്ങളും നിലത്തുവെച്ചു കീഴടങ്ങി.

രണ്ടോ മൂന്നോ മാസം കൂടുമ്പോൾ എന്നെ നാലപ്പാട്ടേക്കു കൊണ്ടു രൻ അമ്മ ചില ബന്ധുക്കളെയും കാര്യസ്ഥന്മാരെയും പറഞ്ഞു ശട്ടംകെട്ടിയിരുന്നു. ഞാൻ കോൺവെൻറിലെത്തിയതു് ശവപ്പെട്ടിപോലെ നീണ്ടുപരന്ന ഒരു കറുത്ത പെട്ടിയുംകൊണ്ടാണ്. അതു കണ്ടയുടനെ കുട്ടികൾ പരിഹസിച്ചു ചിരിച്ചു. എൻെറ കുപ്പായങ്ങൾ കണ്ടപ്പോൾ അവർ അതിലുമധികം ചിരിച്ചു. കോൺവെൻറിലേക്കു കൊണ്ടുപോവാനായി അമ്മ വെളുത്ത മിൽഖദറിൻെറ എട്ടു ഫ്രോക്കുകളാണ് കുമാരനെന്ന തുന്നൽക്കാരനെക്കൊണ്ടു ഉണ്ടാക്കിച്ചിരുന്നതു് നേ

മാധവിക്കുട്ടി

ത്തതും ഇഴകൾ നീങ്ങിയതുമായ ആ തുണിയിൽക്കൂടി എന്റെ ശരീരത്തിന്റെ നഗ്നപാമരത്വം പ്രത്യക്ഷപ്പെട്ട ഫ്രോക്കിന്റെ അടിയിൽ പെററിക്കോട്ട് എന്നൊരു അടിവസ്ത്രം ധരിക്കണമെന്ന് അന്ന് അമ്മയ്ക്കോ എനിക്കോ അറിവുണ്ടായിരുന്നില്ല.

"She had nothing under
When she came..."

എന്ന് ഉറക്കെ പാടിക്കൊണ്ട് ചില ആംഗ്ലോ ഇന്ത്യൻകുട്ടികൾ എന്നെ എതിരേററു. അവരുടെ പൊട്ടിച്ചിരിക്കു മുമ്പിൽ ഒരു കുററവാളിയെപ്പോലെ ഞാൻ നിന്നു പരുങ്ങി. ഭാഗ്യവശാൽ എനിക്ക് റൂംമേററുകളായി കിട്ടിയതു് സൌശീല്യമുള്ള മൂന്നുപേരെയാണ്. 12 വയസ്സുകാരി രാജി, 14 വയസ്സായ മീനാക്ഷി, 16 വയസ്സായ ശാരദമേനോൻ. ശാരദ മുറിയുടെ കാരണവത്തിയായിരുന്നു. എനിക്ക് അവരെല്ലാവരുംകൂടി "ഉൽഭ" എന്ന ഓമനപ്പേരു് സമ്മാനിച്ചു. നാലു കുട്ടികളുള്ള ആ ലോകത്തിലെ ഏററവും പ്രായം കുറഞ്ഞവളായിരുന്നതുകൊണ്ട് അവരാരെങ്കിലും എന്തു തിന്നുമ്പോഴും എനിക്ക് ഒരാഹരി തരുമായിരുന്നു.

ശാരദ സിങ്കപ്പൂരിൽ വളർന്നവളായിരുന്നതുകൊണ്ട് ഭംഗിയായി തയ്പിച്ച പല ഉടുപ്പുകളും അവൾക്കുണ്ടായിരുന്നു. ശാരദയ്ക്ക് അന്നുതന്നെ അഞ്ചടി അഞ്ചിഞ്ച് ഉയരമുണ്ടായിരുന്നു. അല്പം പാർശ്വങ്ങളിലേക്ക് വളഞ്ഞതെങ്കിലും (bowlegged) ഒരു പ്രത്യേക ഭംഗിയുള്ള കണങ്കാലുകൾ പ്രദർശിപ്പിച്ചുകൊണ്ട് നടന്നിരുന്ന ശാരദയെ പ്രേമിക്കാനും ആരാധിക്കാനും

നവദമ്പതിമാർ—മാധവദാസും, കമലയും 'സൗഹൃദത്തിന്റെ ഒരു തുടക്കം. ഭർത്താവാണു തന്റെ ഏററവും അടുത്ത സുഹൃത്ത് എന്ന് മാധവിക്കുട്ടി വിശ്വസിക്കുന്നു,

കോൺവെൻറിലെ സ്വവർഗ്ഗപ്രേമികൾ കരുങ്ങിപ്പുറപ്പെട്ടു. പക്ഷേ. ശാരദ അവരെ കഠിനമായി ശകാരിച്ചു. ഒടുവിൽ ഫ്ളോറി എന്നൊരുത്തി ഒഴികെ എല്ലാവരും പിൻമാറി. ഫ്ളോറി ശാരദ മുറിയിലില്ലാത്തപ്പോൾ അവളുടെ തലയിണ ചുംബിക്കുകയും അവളുടെ തോള്ളുമുണ്ട് മണക്കുകയും മററും ചെയ്തുകൊണ്ടിരുന്നു. ഈ രംഗങ്ങൾക്കൊക്കെ സാക്ഷിയായി ഞാൻ എന്റെ കട്ടിലിൽ ഇരുന്നു. പക്ഷേ, ഫ്ളോറി എന്റെ സാന്നിദ്ധ്യം തീരെ ഗൌനിച്ചില്ല.

രാജി പണക്കാരനായ ഒരു ഡോക്ടറുടെ ഏക പുത്രിയായിരുന്നു. അമിതമായ ലാളന കുന്നിഷ്ടക്കാരിയാക്കിയ ഒരു കുട്ടി. അവളെ ഒരു പാഠം പഠിപ്പിക്കാനായിരുന്നു മാതാപിതാക്കന്മാർ ബോർഡിങ്ങിലേക്ക് അയച്ചതു്. അവളാണെങ്കിലോ സമാസമയം കന്യാസ്ത്രീകളെ ഒരു പാഠം പഠിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു.

ബോർഡിങ്ങ് മിസ്ട്രസ്സായ സിസ്റ്റർ ലോറൻസ് എന്ന കന്യാസ്ത്രീയെ രാജി കലശലായി വെറുത്തു. അവരുടെ ശകാരം കേൾക്കുമ്പോഴൊക്കെ രാജി പിറുപിറുത്തു: "കൊല്ലണം ഈ അസത്തിനെ."

ഒരിക്കൽ രാജിക്ക് പനി പിടിച്ച് ക്ലാസ്സിൽ പോവാതെ മുറിയിൽത്തന്നെ കിടക്കുമ്പോൾ സിസ്റ്റർ ലോറൻസ് കള്ളട്ടീനക്കാരെപ്പററി ഒരു ലഘുപ്രസംഗം നടത്തി. ക്ലാസ്സിൽ പോവാനുള്ള മടികൊണ്ട് രാജി വായിൽ കൈകടത്തി ഛർദ്ദിച്ചതാണെന്ന് അവർ പറഞ്ഞുവത്രേ. അന്നു വൈകുന്നേരം ക്ലാസ്സ് കഴിഞ്ഞു് മടങ്ങിയെത്തിയപ്പോൾ രാജി പെട്ടിയിൽ സാമാനങ്ങൾ ഒതുക്കിക്കൊണ്ട് വീട്ടിലേക്ക് പുറപ്പെടുകയായിരുന്നു. അവൾക്ക് മഞ്ഞക്കാമലയാണെന്ന് ഡോക്ടർ പറഞ്ഞുവെന്നും വീട്ടിൽ അറിയിച്ചപ്പോൾ അച്ഛൻ ഉടനെ കാറിൽവന്ന് വീട്ടിലേക്ക് കൊണ്ടുപോവാമെന്ന് പറഞ്ഞുവെന്നും രാജി പറഞ്ഞു. കാറിൽ കയറുന്നതിനുമുമ്പ് മഞ്ഞച്ച കണ്ണുകളും കരിഞ്ഞ ചുണ്ടുകളുമായി രാജി ഒരിക്കൽക്കൂടി എന്റെ അടുത്തേക്ക് ഓടിവന്നു.

"ഇന്ന് ഉച്ചയ്ക്ക് ഞാൻ കള്ളസിസ്റ്ററുടെ ചുമരിലും കളിപ്പുറിപ്പുരയുടെ ചുമരിലും സിസ്റ്റർ ലോറൻസിനെപ്പററി ചില കാര്യങ്ങൾ എഴുതിയിട്ടുണ്ട്. നീ പോയി നോക്ക്."

അവൾ എന്റെ ചെവിയിൽ മന്ത്രിച്ചു.

"എനിക്ക് ഈ സിസ്റ്ററിനെയെന്നല്ല

"ഇതിലും ചീപ്പായിട്ട് ഒന്നുമില്ലെന്നോ?" അദ്ദേഹം അത്ഭുതം പ്രകടിപ്പിച്ചു. എനിക്കു ഭൂമിയുടെ ഉള്ളിലേയ്ക്കു സീതാദേവിയെപ്പോലെ അന്തർദ്ധാനം ചെയ്യാൻ ആഗ്രഹം തോന്നി ആ നിമിഷത്തെപ്പററി ഞാൻ ഇരുപത്തഞ്ച് കൊല്ലങ്ങൾക്കു ശേഷം ഒരു ദിവസം വിനോദത്തോടെ ഓർത്തുപോയി.

മദ്ദറിനെയും പേടിയില്ല." രാജി പറഞ്ഞു.

രാജി പോയ ഉടനെ ഞാൻ കള്ളസിസ്റ്ററുടെ ചുവരിലും കളിപ്പുരയുടെ ചുവരിലും എഴുതപ്പെട്ട രഹസ്യങ്ങൾ വായിക്കുവാൻ ഓടിച്ചെന്നു. സിസ്റ്റർ ലോറൻസ് ഒരു മൊച്ചക്കാരണ്ട് ആണെന്നും അവരുടെ തലയുടെ അകത്ത് ദൈവം നായിന്റെ കാഷ്ഠവും ചാണകവും തിരുകിവെച്ചിരിക്കയാണെന്നും അവരെ ഒടുവിൽ ഈശ്വരൻ അടിച്ചുകൊല്ലാതിരിക്കില്ല എന്നും ഞാൻ ആ ചുവർലിഖിതത്തിൽനിന്നു മനസ്സിലാക്കി രാജിയോട് ആ നിമിഷത്തിൽ എനിക്ക് അനന്യസാധാരണമായ ആദരവു തോന്നി.

അച്ഛനെ കാത്ത് മാധവിക്കുട്ടിയും പുത്രനും

രാജി മടങ്ങിവന്ന മാസത്തിലായിരുന്നു എന്റെ പത്താം ജന്മദിനം. അതു ഗംഭീരമായി ആഘോഷിക്കുവാൻ എന്റെ റൂംമേറ്റുകൾ തീരുമാനിച്ചു. ആദ്യമായി ഒരു പട്ടുടുപ്പ് അയച്ചു തരാൻ എന്റെ അച്ഛന്ന് എഴുതുവാൻ അവർ എന്നെ നിർബ്ബന്ധിച്ചു. മനമില്ലാമനസ്സോടെ ഞാൻ അച്ഛനെഴുതി ഈ വസ്ത്രഭ്രമം കാരണം ഞാൻ അമ്മയുടെ കണ്ണിൽ അല്പംകൂടി താണുപോവുമെന്ന് എനിക്കറിയാമായിരുന്നു. പക്ഷേ, എന്റേതിൽനിന്നും തുലോം വ്യത്യസ്തമായ ഒരു പശ്ചാത്തലത്തിൽ വളർന്നുവന്ന ആ മുത്തസഹോദരിമാരോട് ഒരക്ഷരം മറുത്തുപറയുവാനും എനിക്കു കെല്പുണ്ടായില്ല ജന്മദിനം അടുത്തുവന്നു ഫ്രോക്ക് കൽക്കത്തയിൽനിന്നു വന്നിട്ടുമില്ല ആയിടയ്ക്കു ശനിയും ഞായറും നാലപ്പാട്ടു കഴിച്ചുകൂട്ടി, എന്റെ വലിയമ്മായിയുടെ സഹോദരന്റെ കൂടെ ഞാൻ തൃശ്ശൂക്കു മടങ്ങി. എനിക്കൊരു കുപ്പായത്തിനു തുണി വാങ്ങിക്കണമെന്നു പറഞ്ഞ് അമ്മമ്മ കുറച്ചു പണം അദ്ദേഹത്തിന്റെ കയ്യിൽ കൊടുത്തു. അതു തുച്ഛമായ ഒരു സംഖ്യ ആയിരുന്നിരിക്കണം. എന്തുകൊണ്ടെന്നാൽ ചാക്കോളയുടെ തുണിക്കടയിൽ കയറിയ ഉടനെ അദ്ദേഹം തെരുവിലേക്കിടി പോവുന്ന വക്കുകൂടി കേൾക്കാവുന്ന വിധത്തിൽ വിളിച്ചുപറഞ്ഞു:

"ഈ കുട്ടിക്കു കുപ്പായത്തിന്റെ ശീല വേണം എത്ര നിറമായാലും വേണ്ടില്ല, 'ചീപ്പാ'വണം." പലതരത്തിലുള്ള തുണികൾ ഞങ്ങളുടെ മുമ്പിൽ നിരത്തപ്പെട്ടു. പക്ഷേ, ഒന്നും അദ്ദേഹം ഉദ്ദേശിച്ചിരുന്നത്ര ചീപ്പായിരുന്നില്ല.

"ഇതിലും ചീപ്പായിട്ട് ഒന്നുമില്ലെന്നോ?" അദ്ദേഹം അത്ഭുതം പ്രകടിപ്പിച്ചു. എനിക്കു ഭൂമിയുടെ ഉള്ളിലേയ്ക്കു സീതാദേവിയെപ്പോലെ അന്തർദ്ധാനം ചെയ്യാൻ ആഗ്രഹംതോന്നി. ആ നിമിഷത്തെപ്പററി ഞാൻ ഇരുപത്തഞ്ചു കൊല്ലങ്ങൾക്കു ശേഷം ഒരുദിവസം വിനോദത്തോടെ ഓർത്തുപോയി ഞാൻ വളരെയധികം സ്നേഹിച്ചിരുന്ന ഒരു ധനികൻ എന്റെ പിറന്നാൾദിവസം എന്നോടു പറഞ്ഞു: "നിനക്ക് എന്താണു ഞാൻ വാങ്ങിത്തരേണ്ടതു്? വൈരമാലയോ? പട്ടുസാരികളോ? നിനക്കാണു സമ്മാനം തരുന്നതു് എന്നു് ആലോചിക്കുമ്പോൾ ഇതൊക്കെ വളരെ വിലകുറഞ്ഞ വസ്തുക്കളായി എനിക്കു തോന്നുന്നു."

എന്റെ വലിയമ്മായിയുടെ സഹോദരൻ ചാക്കോളയുടെ പീടികയിൽനിന്നു കറുത്ത പുള്ളികളുള്ള ഒരു വെള്ളത്തുണി വാങ്ങി എന്റെ കയ്യിൽ ഏൽപ്പിച്ചു

എന്റെ റൂംമേറ്റുകൾക്ക് ആ തുണി തീരെ ഇഷ്ടപ്പെട്ടില്ല. "പാവം ഉൽഭ" അവർ പറഞ്ഞു. കല്ക്കത്തയിൽനിന്നു് ഫ്രോക്ക് വരാതിരിക്കില്ല എന്നു പറഞ്ഞു് ഞാൻ അവരെ സമാധാനിപ്പിച്ചു. പക്ഷേ, അച്ഛൻ ജേലിയിൽ സദാസമയവും വ്യാപൃതനാണെന്നും ഫ്രോക്ക് മുതലായ അപ്രധാന കാര്യങ്ങൾ ഓർക്കുവാൻ സമയം കിട്ടില്ല എന്നും എനിക്ക് അറിയാമായിരുന്നു. ജന്മദിനത്തിന്റെ തലേദിവസം മദർ സുപ്പീരിയറുടെ അനുമതിയോടെ ഞാനും ശാരദയും മീനുവും രാജിയും ഷോപ്പിങ്ങിനു പോയി ശാരദയുടെ ചെറിയമ്മയുടെ മകൾ സത്യവതിക്ക് തുണി വാങ്ങി അയയ്ക്കാനാണെന്നു പറഞ്ഞു് ശാരദ ഞങ്ങളെ ഒരു തുണിപ്പീടികയിലേക്ക് ആനയിച്ചു "സത്യവതിക്കു നിന്റെ പ്രായമാണ്. അതുകൊണ്ടു നീ അവൾക്കുള്ള ശീല തിരഞ്ഞെടുക്കണം." ശാരദ എന്നോടു പറഞ്ഞു.

പല വർണ്ണങ്ങളിലുമുള്ള തുണികൾ മഹാത്ഭുതങ്ങൾപോലെ എന്റെ മുമ്പിൽ വന്നുവീണു. ഓരോ കെട്ടും നിവരുമ്പോൾ അതിൽനിന്നു് ഉതിരുന്ന പുതുമണം എന്നെ മത്തുപിടിപ്പിച്ചു.

ഞാൻ വയലററ് നിറത്തിൽ വെളുത്ത പൂക്കളുള്ള ഒരു ഇംഗ്ലീഷ് ചീട്ടിത്തുണി തിരഞ്ഞെടുത്തു.

പിറേറദിവസം രാവിലെ എന്റെ റൂംമേറ്റുകൾ ഓരോരുത്തരും എന്നെ ഉണർത്തി ജന്മദിനാശംസകൾ തന്നു. ഒടുവിൽ എന്റെ തലയിൽ കൈവെച്ചു് അനുഗ്രഹിച്ചുകൊണ്ടു് ശാരദ ഒരു പൊതി എനിക്കു നീട്ടി

"ഇതു നിനക്കാണു് ഉൽഭ" അവൾ പറഞ്ഞു. അങ്ങിനെ സത്യവതിക്കായി വാങ്ങിയ ആ മനോഹരസമ്മാനം എനിക്കു കിട്ടി. എന്റെ ഹൃദയം കിളികൾ പാടുന്ന ഒരു പൂങ്കാവനമായി. ഞാൻ ചിരിച്ചു. കരഞ്ഞു. കണ്ണുനീർ എന്റെ കവിളിലേക്കു് ഒഴുകിയതു് ശാരദ തന്റെ റുമാൽ കൊണ്ടു് തുടച്ചുനീക്കി.

ഏകദേശം മൂന്നാഴ്ച കഴിഞ്ഞപ്പോൾ കല്ക്കത്തയിൽനിന്നു് ഫ്രോക്ക് ബങ്കിയായി വന്നെത്തി. എന്നെ ഒരിക്കലും കാണാത്ത ഒരു മിസ് കാരാപ്പിയററ്, ഓഫീസിലെ സിക്രട്ടറി, എന്നൊരു മദ്ധ്യവയസ്സു തിരഞ്ഞെടുത്തതായിരുന്നതുകൊണ്ടു് അതു് ഒരു പത്തുവയസ്സുകാരിക്കു തീരെ യോജിക്കാത്തതായിരുന്നു എന്നപ്പോൾ ചെ നാലു കുട്ടികളെ അതിൽ ഒതുക്കിനിർത്താൻ കഴിഞ്ഞുമായിരുന്നു. ഞാൻ നിരാശയോടെ അതു് എന്റെ പെട്ടിയുടെ അടിയിൽ മടക്കിവെച്ചു. തൃശ്ശൂരിലെ ആ താമസക്കാലം ഒരായുഷ്കാലംപോലെ ദീർഘമായി എനിക്കു് അനുഭവപ്പെട്ടു ഓരോ ദിവസത്തിന്റെ ചരിത്രവും ഓരോ സാഹസചരിത്രമായിത്തീർന്നു. പേരയ്ക്കു പൊട്ടിച്ചെടുത്തു് അടിക്കാലുറകളിൽ ഒളിപ്പിച്ചു് ഓടുക. തൊട്ടുമുമ്പിലായ സിസ്റ്ററുകൾ തല മൂടി ഉറങ്ങുന്ന മുറികളിലേക്കു് ജനലിന്റെ പടിയിൽകേറി എത്തിച്ചുനോക്കുക, ചിരിച്ചുകൊണ്ടു് അവിടെനിന്നു് ഓടുക, കോൺവെൻറിന്റെ എതിർവശത്തുണ്ടായിരുന്ന റീഗൽ ഹോട്ടലിൽനിന്നു രഹസ്യമായി ഐസ്ക്രീം വരുത്തുക, അനാഥാലയത്തിലെ കുട്ടികൾ പലഹാരങ്ങൾ കക്കുന്നതു കണ്ടുപിടിക്കുക, ഇത്തരം പ്രവൃത്തികളിൽ മുഴുകിക്കൊണ്ടു് ഞാനും രാജിയും ഞങ്ങളുടെ ബോർഡിങ്ങ് ജീവിതം സംഭവബഹുലമാക്കി. ആ കാലത്തെപ്പററി ഓർക്കുമ്പോഴൊക്കെ എന്റെ കൈ മുറുക്കിപ്പിടിച്ചു് എന്നെ വലിച്ചിഴച്ചുകൊണ്ടു് ഓടുന്ന കസ്തൂരിക്കാരിയായ രാജി എന്റെ കൺമുമ്പിൽ വന്നുനില്ക്കും.

—o—

പിറേറദിവസം രാവിലെ എന്റെ റൂംമേറ്റുകൾ ഓരോരുത്തരും എന്നെ ഉണർത്തി ജന്മദിനാശംസകൾ തന്നു. ഒടുവിൽ എന്റെ തലയിൽ കൈവെച്ചു് അനുഗ്രഹിച്ചുകൊണ്ടു് ശാരദ ഒരു പൊതി എനിക്കു നീട്ടി

'ഇതു നിനക്കാണു് ഉൽഭ' അവൾ പറഞ്ഞു. അങ്ങിനെ സത്യവതിക്കായി വാങ്ങിയ ആ മനോഹരസമ്മാനം എനിക്കു കിട്ടി. എന്റെ ഹൃദയം കിളികൾ പാടുന്ന ഒരു പൂങ്കാവനമായി. ഞാൻ ചിരിച്ചു. കരഞ്ഞു. കണ്ണുനീർ എന്റെ കവിളിലേക്കു് ഒഴുകിയതു ശാരദ തന്റെ റുമാൽ കൊണ്ടു തുടച്ചുനീക്കി.

ചെറുകഥ

ഒരു ഗുപ്തഭിക്ഷാടനം

സക്കറിയ

താഴ്‌വരയിൽ നീലരത്നക്കല്ലുപോലെ ഒരു തടാകം തിളങ്ങിയിരുന്നു. പകൽ കാട്ടുതീപ്പടർപ്പുപോലെ ജ്വലിക്കയും നിലാവിൽ മങ്ങിയെരിയുകയും ചെയ്തിരുന്ന ഒന്ന്. നിഴലിൽ ഒരു ഭൂഗർഭരാജ്യം.

സന്ദർശനമവസാനിപ്പിച്ച് അവർ ഇലകളുടെ അറകളിലേയ്ക്കു പോയിക്കഴിഞ്ഞപ്പോൾ അയാൾ തന്റെ പരാജയം ശിരസ്സാ വഹിച്ച്, കുമ്പിട്ട്, തോളിൽനിന്ന് വാറഴിച്ചു തോക്ക് എടുത്തു നിലത്തുവച്ചു. എന്നിട്ട് തടാകക്കരയിലെ പുൽപ്പുറത്തു തലകുനിച്ചിരുന്നു.

തടാകം ഒരു ഘടികാരമായി. അതി

ശേഷം 70-ൽ

തീളുങ്ങുന്ന തന്റെ തോക്ക് തോളിൽതൂക്കി ഒരു ദിവസം അ എന്ന മനുഷ്യൻ ആ കൊടുമുടിതടങ്ങളിലെ വനഭംഗിയിൽ വന്നെത്തി. വേട്ടയായിരുന്നു അയാളുടെ ആനന്ദം.

കൊടുമുടിത്തലപ്പുകളിൽ മേഘങ്ങൾ കെട്ടിപ്പിടിച്ചു കിടന്നു. കടൽപോലെ കാററിരമ്പി. മലഞ്ചെരുവുകളിലെ പാറക്കെട്ടുകളിൽ കാട്ടാടുകൾ മേഘങ്ങൾ പുതച്ചു മേഞ്ഞു. ഇലകളിൽ കാററിന്റെ നിശ്വാസം. പാറിപ്പോവുന്ന മഞ്ഞിൽ നീന്തുന്ന കാട്ട്.

താഴ്‌വരയിൽ നിന്ന് അയാൾ ചുററും നോക്കവേ കാടിന്റെ ഗുഹകളിൽനിന്നും നിഗൂഢാവാസങ്ങളിൽനിന്നും മലയെപ്പൊതിഞ്ഞ വൻമരഛായകളിൽനിന്നും കാററിലതിവേഗം നിലംതൊടാതുരുളുന്ന ഇലകളെപ്പോലെ ആകാംക്ഷപൂണ്ട പാദങ്ങൾ ചലിച്ചു. മലകളിൽനിന്ന് അദൃശ്യമായി പരന്നൊലിക്കുന്ന ഒരു ജലപാതമായി കളമ്പുകളും ചറകുകളും നിശ്ശബ്ദശക്തനഗ്നപാദങ്ങളും നീങ്ങി. കാടിന്റെ ആയിരം ഒളിവാതിലുകളിൽ രഹസ്യമൃഗനേത്രങ്ങളുടെ നിർന്നിമേഷത. ശിഖരത്തിലും പൊന്തയിലും പടപ്പിലും കാത്തിരിപ്പ്.

ഈ അദൃശ്യനേത്രങ്ങൾ തന്നെ സ്പർശിക്കുന്നതറിഞ്ഞുകൊണ്ട് അയാൾ ആ താഴ്‌വരയിൽ നിന്നു. അയാളുടെ തോക്ക് പോക്കുവെയിലിൽ ശുദ്ധമായി മന്ദഹസിച്ചു. കാഞ്ചിയമർത്തുന്ന വിരൽ സ്വപ്നത്തിലെന്നപോലെ ചലിച്ചു. തന്റെ ആസന്നമായ പരാജയത്തിന്റെ ഒരു സൂചനയും അയാൾക്കുണ്ടായിരുന്നില്ല.

അവരിൽനിന്ന് ആദ്യം ഒരു ചെറിയ പക്ഷിയാണ് പുറപ്പെട്ടത്. ചിറകുമുളച്ച ഒരു പന്തിനെപ്പോലെ ആകാശത്തിലൂടെ താണുമുയർന്നും പറന്നുവന്ന് അത് അയാളുടെ തോളിലിരുന്നു ഒരു കൊച്ചു വെള്ളത്തൂവൽക്കെട്ടു മേൽ നോട്ടങ്ങൾ. നിറഞ്ഞ വലിയ കണ്ണുകളും ചുവന്ന ചുണ്ടും.

തന്റെ നില ഭദ്രമാക്കാനയാൾക്കു കഴിയുംമുമ്പ് ഓരോരുത്തരായി കാടിന്റെ വാതിലുകൾ തുറന്ന് അവർ വന്നു.

അവർ അയാളെ മണത്തുനോക്കി. നഖങ്ങളുറയിച്ചിട്ട മൃദുകൈത്തലങ്ങൾകൊണ്ട് തൊട്ടു. അരുമുള്ള നാവുകൾകൊണ്ട് നക്കി. രോമാവൃതമായ ശരീരങ്ങൾ അയാളുടെ മേലുരസി ചുണ്ടുകൾകൊണ്ടും ചിറകുകൾകൊണ്ടും രോമാഞ്ചപ്പെടുത്തുകയും ചെയ്തു. അയാളുടെ ഇടത്തേ കാൽപ്പത്തിമേലിരുന്ന് ഒരണ്ണാൻ ഏതോ കനി ഏകാഗ്രമായി കൊറിച്ചു. അയാളുടെ തോക്കിന്മേൽ പനനത്തകളും വണ്ണക്കിളികളും തലകീഴായിത്തൂങ്ങിക്കിടന്നാടി.

കണിയാപുരം രാമചന്ദ്രൻ

പ്രസംഗം കലയാക്കി മാററിയ നേതാവ്

തിരുവനന്തപുരത്തിൻെറ പ്രാന്തപ്രദേശങ്ങളിൽ ഒന്നായ കണിയാപുരത്തു മുപ്പത്തിമൂന്നുവർഷം മുൻപ് കൊച്ചുവീട്ടിൽ ശ്രീമാൻ രാഘവൻപിള്ളയുടെ മകനായി ഒരു ഉണ്ണി വളന്നു. രണ്ടു സഹോദരന്മാരും, അഞ്ചു സഹോദരികളും ആ കുട്ടിയുടെ കയ്യും, കാലും വളരുന്നതു നോക്കിനിന്നു. ആ കുട്ടി വളന്നു. കവിയായി, ഗായകനായി, പത്രപ്രവർത്തകനായി, യുവജനനേതാവായി, രാഷ്ട്രീയനേതാവായി ഭാവിയുടെ വാഗ്ദാനവും പേറി ദേശാന്തരങ്ങളിൽ സഞ്ചരിക്കുന്നു.

ആ കുട്ടിയാണ്, ഒരു പ്രസംഗം കലയാക്കി മാററിയ ശ്രീ. കണിയാപുരം രാമചന്ദ്രൻ. കണിയാപുരം സെയിൻറ്വിൻസെൻറ് സ്കൂളിലും, ഇൻറർമീഡിയററ് കോളേജിലും, യൂണിവേഴ്സിററിയിലുമായി പഠനം പൂർത്തിയാക്കി. മലയാളം എം. എ. പാസ്സായി. ഹൈസ്കൂൾക്ലാസ്സുകൾ മുതൽ കവിതയെഴുത്തലും, പ്രസംഗകലയിലും സമ്മാനങ്ങൾ കരസ്ഥമാക്കി. കൊല്ലം ശ്രീനാരായണാ കോളേജിൽവച്ച് നടത്താറുള്ള ഇൻറർകോളേജിയേററു പ്രസംഗമത്സരത്തിൽ മുന്നുവർഷം തുടർച്ചയായി യൂണിവേഴ്സിററി കോളേജിന്നു കപ്പുകൾ കരസ്ഥമാക്കിയിട്ടുണ്ട്.

1956 മുതൽ വിദ്യാർത്ഥി ഫെഡറേഷനിൽ പ്രവർത്തിച്ചുതുടങ്ങിയ ശ്രീ. രാമചന്ദ്രൻ തുടർച്ചയായി സ്റ്റുഡൻസ് ഫെഡറേഷൻെറ സ്റ്റേററ് വൈസ്പ്രസിഡണ്ടായിട്ടിരുന്നിട്ടുണ്ട്. 1964-ൽ വിദ്യാർത്ഥി ഫെഡറേഷനെ പ്രതിനിധീകരിച്ചു മോസ്കോയിൽവച്ചു നടന്ന വേൾഡ് യൂത്ത് ഫോറത്തിൽ പങ്കെടുക്കുകയുണ്ടായി.

കോളേജിൽ പഠിക്കുന്ന കാലത്തുതന്നെ ശ്രീ രാമചന്ദ്രൻ നല്ലൊരു പത്രപ്രവർത്തകൻകൂടിയായിരുന്നു. വിശ്വകേരളം, ജനയുഗം എന്നിവയുടെ പത്രാധിപസമിതിയിൽ പ്രവർത്തിച്ചിട്ടുണ്ട്. വിശ്വമേഖലയുടെ പ്രധാന പത്രാധിപരായിരുന്നു. അക്കാലത്താണ്, അന്നു മുഖ്യമന്ത്രിയായിരുന്ന ശ്രീമാൻ ആർ ശങ്കർക്കെതിരെയുള്ള ട്രക്ക്കേസ് വിശ്വമേഖലയിൽ റിപ്പോർട്ടുവന്നതു്. ഇതോടനുബന്ധിച്ച് ചാർജ്ജ്ചെയ്ത കേസ്സിൽ ശ്രീ. രാമചന്ദ്രനും പ്രതിയായിരുന്നു.

ധാരാളം ലേഖനങ്ങളും, കവിതകളും

എഴുതിയിട്ടുള്ള ശ്രീ. രാമചന്ദ്രൻ, 'ഉള്ളുതുമതി' 'മാണിക്യകൊട്ടാരം' തുടങ്ങിയ സിനിമകൾക്കു പാട്ടെഴുതിയിട്ടുണ്ട്. ഈ രംഗത്തേക്കു കടന്നുചെല്ലാൻ ശ്രീ. രാമചന്ദ്രന് ഇപ്പോഴ ആഗ്രഹമുണ്ട്.

ഹംഗറിയിലെ ബുഡാപെസ്ററു് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന 'വേൾഡ് ഫെഡറേഷൻ ഓഫ് ഡെമോക്രാററിക് യൂത്തുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന 'ആൾഇന്ത്യാ യൂത്തു ഫെഡറേഷൻെറ സ്റ്റേററ് പ്രസിഡണ്ടാണ് ശ്രീ. രാമചന്ദ്രൻ. ഒപ്പം കമ്യൂണിസ്റ്റുപാർട്ടിയുടെ സ്റ്റേററു കൗൺസിൽ മെമ്പറും.

1966 മുതൽ '68 വരെ ബൾഗേറിയൻ ഭാഷയും സാഹിത്യവും പഠിക്കുന്നതിനു വേണ്ടി സോഫിയാ യൂണിവേഴ്സിററി

ഡാ: രഘുവരൻതമ്പി

യിലേയ്ക്ക് പോകുകയുണ്ടായി. ഇക്കാലത്തു് സോവിയററുറഷ്യ, ബൾഗേറിയ,

ലേഖകൻ

റുമേനിയ, ഹംഗറി, യുഗോസ്ളാവിയ, ചെക്കോസ്ളോവാക്കിയ, കിഴക്കൻ ജർമ്മനി, പടിഞ്ഞാറൻ ജർമ്മനി, സ്വിററ്സർലണ്ട്. ഇറാലി ആസ്ട്രിയ, ലബണൻ, അഫ്ഗാനിസ്ഥാൻ, ഇറാൻ ഉൾപ്പെടെ മിക്ക ഏഷ്യൻ യൂറോപ്യൻ രാജ്യങ്ങളിലും പഠനപര്യടനം നടത്തുകയുണ്ടായി.

വ്യത്യസ്തരാജ്യങ്ങളിൽ സഞ്ചരിച്ചിട്ടുള്ള ശ്രീ. രാമചന്ദ്രൻ പറയുന്നതു് സോഷ്യലിസ്ററു രാജ്യങ്ങളിൽ സമൂഹത്തെ എങ്ങനെ പുനർസൃഷ്ടിക്കാം എന്നതാണ് യുവജനങ്ങളുടെ ചിന്ത. അതേ സമയം മററു രാജ്യങ്ങളിൽ ആവശ്യങ്ങൾക്കു വേണ്ടിയുള്ള പ്രക്ഷോഭണമാണ് പ്രശ്നം. യുവജനങ്ങളുടെ അസ്വസ്ഥതയെക്കുറിച്ച് ശ്രീ രാമചന്ദ്രൻ യേശുക്രിസ്തുവിനെ ഉദ്ധരിച്ചുകൊണ്ടു പറഞ്ഞതു് അതു് എക്കാലത്തും ഉണ്ടായിരുന്നുവെന്നാണ്

1947-ന് ശേഷമുള്ള പുതിയ ഇന്ത്യയിൽ ജനിച്ചവന് പുതിയ പ്രശ്നങ്ങളെ നേരിടേണ്ടിവരുന്നു. പ്രയോജനമില്ലാത്ത വിദ്യാഭ്യാസവും, വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയും അവനെ അലട്ടുന്നു. ഇതിനുള്ള ഏകപരിഹാരം 'ഒരു സോഷ്യലിസ്ററ് ഇന്ത്യ'യാണെന്നു ശ്രീ. രാമചന്ദ്രൻ തികച്ചും വിശ്വസിക്കുന്നു.

—•—

നമ്മുടെ നാടകശാലകളിൽ

എം. ആർ. ബി.

എന്താണ കല? വെറും അനുകരണമാണോ? ജീവിതചിത്രങ്ങൾ നിർമ്മിക്കലാണോ? അതോ, സങ്കല്പങ്ങളിലൂടേയുള്ള യാത്രാവിവരണങ്ങളാണോ? ഇവയെല്ലാം കൂടിച്ചേർന്നതല്ലയൊ കല? കലകളെല്ലാംതന്നെ മനോഹരങ്ങളും അതേസമയം അവ തുലോം കൃത്രിമങ്ങളുമാണ്. എന്നുവെച്ചാൽ ഇല്ലാത്തതിനെ ഉണ്ടെന്നു തോന്നിക്കലാണല്ലൊ കലയുടെ പ്രവൃത്തി. അതെ, യഥാർത്ഥമായ താമരപ്പൂവാണെന്നു തോന്നിക്കുമാറ് അയഥാർത്ഥമായ താമരയെ വിരിയിച്ചെടുക്കലാണല്ലൊ കലയുടെ ചെപ്പടിവിദ്യ! സാഹിത്യം, സംഗീതം, ആലേഖ്യം, നൃത്തനൃത്യങ്ങൾ തുടങ്ങിയ കലാവിശേഷങ്ങളിലെല്ലാം ചേതോഹരമായ ഈ ചെപ്പടിവിദ്യയുടെ കയ്യടക്കം കാണാം. ഇവയുടെ ആവിഷ്കരണോപാധി പല തരത്തിലാണെന്നു മാത്രം! സാഹിത്യകാരൻ വാക്കുകൊണ്ടും ചിത്രകാരൻ വർണ്ണ കൊണ്ടും, നടൻ ഭാവാദിചലനങ്ങൾകൊണ്ടും തങ്ങളുടെ കലാവിദ്യയെ ആവിഷ്കരിക്കുന്നു.

എന്നാൽ എല്ലാ കലകളിലും വെച്ചു കൂടുതൽ മനുഷ്യനെ ആകർഷിക്കാനും ആവേശം കൊള്ളിക്കാനും നാടകകലയ്ക്കു കഴിയുന്നു. എന്തുകൊണ്ടെന്നാൽ ആകർഷകങ്ങളായ പല കലാവിശേഷങ്ങളുടേയും ഒരു സമാഹാരമാണ നാടകം. നമ്മുടെ ഹൃദയത്തിന്റെ താക്കോൽ അതിന്റെ കയ്യിലത്രേ! നമ്മുടെ അനുവാദം ചോദിക്കാതെതന്നെ വാതിൽ ഉന്തിത്തുറന്ന് അതു നമ്മുടെ അകത്തേയ്ക്കു കടന്നുവരുന്നു.

നാം നാടകശാലയിലേയ്ക്കു കടന്നാൽ എല്ലാം മറക്കുകയായി. സ്വപ്നത്തിലെന്നപോലെ ഒഴുകാൻ തുടങ്ങുന്നു. രംഗത്തുവരുന്ന സംഭവങ്ങളും കഥാപാത്രങ്ങളുമായി നാം പരിചയപ്പെടുകയും സാക്ഷ്യപ്പെടുകയും ചെയ്യുന്നു. അവരൊന്നിച്ചു ചിരിക്കുന്നു; കരയുന്നു ഒരു നവാനുഭൂതി ഉൾക്കൊള്ളുന്നു. നാം നമ്മെത്തന്നെ കണ്ടെത്തുന്നു. ജീവിതത്തെ കണ്ടുമുട്ടുന്നു. നിമിഷനേരം നാം നമ്മളല്ലാതായിത്തീർന്ന് ഒരു പുതിയ മനുഷ്യനായിത്തീരുന്നു. ഇതിന്നുദാഹരണമായി കഴിഞ്ഞ കാലത്തെ ഒരു കഥ ഞാനിവിടെ പകർത്തട്ടെ:

നാളും തീയതിയും ഓർമ്മയില്ല വളരെ വർഷങ്ങൾക്കു മുമ്പ് ഒരുനാൾ സന്ധ്യയ്ക്കു ഞാൻ എറണാകുളം നഗരത്തിൽ ചെന്നുപെട്ടു. രാത്രി കിടക്കാൻതുടങ്ങുമ്പോൾ ഹോട്ടലുടമസ്ഥൻ:

"ഇവിടെ അടുത്തൊരുസ്ഥലത്തു നാടകമുണ്ട്. ഞങ്ങൾ ചിലർ പോകുന്നുണ്ട്; വരുന്നുവൊ?"

"നാടകമെന്താണ്?"

"ശാകുന്തളംനാടകമാണ്."

ഞങ്ങൾ രാത്രി ഇരുട്ടത്തു തപ്പിത്തടഞ്ഞു സാഷ്ടാംഗം നമസ്കരിക്കാൻ തുടങ്ങുന്ന ഒരു സ്കൂളിന്റെ മുററത്തുചെന്നുചേർന്നു. പ്രായംചെന്നവർ, കുട്ടികൾ, സ്ത്രീകൾ എന്നിവരെക്കൊണ്ടു മുററം നിറഞ്ഞു നില്ക്കുന്നു. എല്ലാവരും മണ്ണിൽ ചമ്രംപടിഞ്ഞിരിക്കുകയാണ്. എന്നാൽ ഭേദപ്പെട്ടവരെന്നു ഭാവിക്കുന്ന ചില മാന്യന്മാർ ബഞ്ചിലുമിരുപ്പുണ്ട്. ബഞ്ചൊ പലകയൊ വെച്ചുയർത്തിയ സ്റ്റേജ്. അവിടെ രാജധാനി ചിത്രപ്പെടുത്തിയ പഴകിക്കീറിയ ഒരു കർട്ടൻ തൂങ്ങിക്കിടക്കുന്ന കർട്ടന്റെ മുമ്പിൽ രണ്ടു ഗ്യാസ്ലൈററുകൾ. നാടകം തുടങ്ങി തമിഴിന്റെ കലപ്പുള്ള മലയാളത്തിലാണ സംഭാഷണം. ഇടയ്ക്കു പാട്ടുമുണ്ട്. രംഗങ്ങൾ അങ്ങിനെ നീങ്ങുന്നു. അതിനിടയ്ക്കൊരു ഒരു പോക്ക്; ഗ്യാസ്ലൈററിന്റെ നിറംകുറഞ്ഞു കെടാറായി. അരങ്ങത്തുള്ള ശകുന്തളതന്നെ ലൈററ് പമ്പുചെയ്യാൻ തുടങ്ങി. ഈ ബദ്ധപ്പാടിൽ ശകുന്തളയുടെ മുല വീണുരുണ്ട് പ്രേക്ഷകരുടെ മുമ്പിലായി. കാണികളിൽനിന്നൊരു കുട്ടി എഴുന്നേററ് "ഇതാ ശകുന്തളയുടെ മുല" എന്നുപറഞ്ഞു ശകുന്തളയുടെ കയ്യിൽ കൊടുക്കുന്നു. സദസ്സിന്റെ മുമ്പിൽനിന്നു മുഴങ്ങുന്ന പൊട്ടിച്ചിരി കേട്ടു.

നാടകം മുന്നോട്ടുനീങ്ങുന്നു. ശകുന്തളയും ദുഷ്യന്തനും തമ്മിൽ അനുരക്തരായി ഗാന്ധർവ്വവിവാഹം നടന്നു. ദുഷ്യന്തൻ സ്ഥലം വിട്ടു. എല്ലാമറിയുന്ന കണ്വമഹർഷി വിരഹാർത്തയും ഗർഭവതിയുമായ ശകുന്തളയെ ഭർത്തൃഗൃഹത്തിലേയ്ക്കു—ദുഷ്യന്തരാജധാനിയിലേയ്ക്കു—യാത്രയാക്കി. ശകുന്തള അവിടെച്ചെന്ന് ദുഷ്യന്തന്റെ മുമ്പിൽ നില്ക്കുകയാണ്. ദുഷ്യന്തനാകട്ടെ അവളുടെനേരെ തട്ടിക്കയറുന്നു; അസഭ്യങ്ങൾ ചൊരിയുന്നു—കഴിഞ്ഞതൊന്നും ഓർമ്മയില്ലെന്നമട്ടിൽ! ഗർഭക്ലാന്തയും അനാഥയുമായ ശകുന്തള ഹൃദയം തകർന്നു തേങ്ങുകയായി. അവൾ എവിടെപ്പോകും? എവിടെ പ്രസവിക്കും? ഇവിടെ ദുഷ്യന്തനും ശകുന്തളയുമായുള്ള സംഭാഷണം കത്തിപ്പടരുമ്പോഴുണ്ട് കാണികളിൽനിന്നു മധ്യവയസ്കയായ ഒരു മാന്യയുവതി എഴുന്നേററ് അരങ്ങത്തേയ്ക്കു വരുന്നു. അവർ ശകുന്തളയോടു പതുക്കെ

പറയുന്നതു കേൾക്കായി: "കുട്ടീ, എന്റെ വീട്ടിലേയ്ക്കു പോരൂ; അവിടെ പ്രസവിക്കാം."

ആളുകൾ അന്തംവിട്ടു. ചിരിക്കുകയോ കരയുകയോ ചെയ്യേണ്ടതു്?

ഇതു് നാടകമാണെന്നുള്ള കഥ അവർ മറന്നു. ശകുന്തള ദുഃഖംകെട്ടി വന്നതാണെന്നതും അവർ വിസ്മരിച്ചു. എല്ലാം മറന്ന് അവർ മററാരാളായി നിമിഷനേരത്തേയ്ക്കു്! ഇതു നാടകകലയുടെ വിശ്വവശ്യതയെയല്ലയോ ഉദാഹരിയ്ക്കുന്നതു്?

ഇത്രമേൽ നമ്മോടൊട്ടിനില്ക്കുന്ന നാടകങ്ങളുടെ, നാടകശാലകളുടെ ഇന്നത്തെ സ്ഥിതിയെന്താണ്?

അടുത്തകാലത്തായി കേരളത്തിൽ കലാപരമായ ഉൽബുദ്ധത കാണാനുണ്ട്. തൽഫലമായി നഗരത്തിലും നാട്ടിൻപുറത്തും കലാസമിതികളും നാടകശാലകളും ക്ലബ്ബുകളും മുളച്ചുപൊന്തി കുമ്പെട്ടുത്തു വരുന്നു. പുതിയ നടന്മാർ, നടികൾ, പാട്ടുകാർ എന്നിവർ അരങ്ങത്തു വരുന്നു. അതുപോലെതന്നെ പുതിയ നാടകകൃത്തുക്കളും സംഗീതരചയിതാക്കളും സംവിധായകരും ഉയർന്നുവരുന്നു. അങ്ങനെ നാടകം, കഥകളി, ഗാനമേള എന്നിവകൊണ്ടു ജനജീവിതം ഉന്മേഷംകൊണ്ടു.

എന്നാൽ നമ്മുടെ പല കലാസ്ഥാപനങ്ങളും പെട്ടെന്നു പൊന്തിവരുന്നു; അതുപോലെതന്നെ പെട്ടെന്നു പൊലിഞ്ഞുപോവുകയും ചെയ്യുന്നു! ഇതു് എന്തുകൊണ്ടാണ്? സാമ്പത്തികക്ലേശങ്ങൾ കൊണ്ടാണോ? അതോ, ജനങ്ങളെ ആകർഷിക്കാനും ആവേശംകൊള്ളിക്കാനും കഴിയാത്തതുകൊണ്ടാണോ? രണ്ടുമാവാം.

അടുത്തകാലത്തു പല നാടകങ്ങളും കാണാനിടയായി. നാടകം കണ്ടു മടങ്ങുമ്പോൾ ഗന്ധമുള്ള ഒരു പൂവിതളുപോലും മനസ്സിൽ പററിപ്പിടിച്ചു നിന്നിരുന്നില്ല എന്തേ അങ്ങനെ വരാൻ? നാടകകൃത്ത്, സംവിധായകൻ, നടൻ, ഈ മൂവരുടെയും സമഞ്ജസമായ സമ്മേളനവും സഹകരണവും നാടകസൌഭാഗ്യത്തിന്നു കൂടിയേ കഴിയൂ. കൂടാതെ, വെളിച്ചം, രംഗസജ്ജീകരണം, വേഷാലങ്കാരം, നിയന്ത്രിതശബ്ദങ്ങളും ചലനങ്ങളും—എല്ലാം നാടകത്തിന്റെ വിജയത്തിന്ന് അനുപേക്ഷണീയമത്രേ! ഇവയെപ്പററി നമ്മുടെ നാടകശാലാപ്രവർത്തകന്മാർ വേണ്ടത്ര

ഉദയം

അപ്പൻതച്ചേത്തു്

പുണ്ണ്യോദയമേ, വിതാനിക്കു പ്രാചീ-
തൻ
പൊന്നമ്പലത്തിൻ തിരുമുററമാകവേ!
ഏഴുനിറങ്ങളാൽ നിൻ വിരൽത്തുമ്പുക-
"ളേകഭാവ"ത്തിൻ കളമെഴുതിടുക!
കല്പന നുല്ലും തിരികള ലാകല്പ
ശക്തിതൻ കാത്തികദീപം കൊളുത്തുക!
സർവ്വചൈതന്യമേ, നീയുയർത്തു നിത്യ
സത്യകേദാരപ്പവിഴക്കതിർക്കല!
ഈ വിശ്വഗോളമെന്നന്തരാത്മാവിലെ
പൂവിതളാക്കി നീ മാററുമീ വേളയിൽ
എന്നുപബോധമനസ്സിൻെറ താഴ്വര-
തന്നിൽ വിരിവു വെളിച്ചവും വർണ്ണ്ണ്

നോവൽ

പതിനഞ്ച്

വിപ്ളവഭട്ടാചാര്യനെ അന്നു കാണാൻ സാധിച്ചില്ല. വിപ്ളവത്തിന്റെ സൗന്ദര്യാത്മകബോധം എന്ന വിഷയത്തെക്കുറിച്ച് അദ്ദേഹത്തിനു വൈകുന്നേരം ടൗൺഹാളിൽ പ്രസംഗിക്കേണ്ടിയിരുന്നു. അതുകൊണ്ട് പിറേറന്നു കാലത്തു വെല്ലാൻ കല്പനയായി.

പട്ടണത്തിലുള്ള ബന്ധുഗൃഹത്തിലെ സ്വീകരണമുറിയിൽ ഇൻഡ്യൻവേഷത്തിലാണ് അദ്ദേഹം പ്രവേശിച്ചതു്. മലമൽജ്ജുബ്ബയും മത്സ്യക്കറിയിലിട്ടുന്ന കൊടപ്പുളിയുടെ ഇലക്കരനേരിയതും. എഴുപതു കഴിഞ്ഞ അദ്ദേഹം ആ വയസ്സു തോന്നിച്ചില്ല. അതിലഹമേ മാറവരെ തോന്നാൻ സമ്മതിച്ചുള്ളു.

ഈനവൽ ചാത്തൻസ്

ചെക്കൻ ചാത്തൻസിനെക്കുറിച്ചു രണ്ടു വാക്കു പറഞ്ഞുകഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു:

ചാത്തൻസ്! എന്തൊരു ചാമിങ്ങ് പദം!

തന്നിൽ എന്താണിത്ര രാമണീയകമായിട്ടുള്ളതെന്ന് ചാത്തൻസ് അത്ഭുതപ്പെട്ടു പിന്നീടാണ് അതു പറയുന്നയാൾ ഒരു മുൻ നയതന്ത്രപ്രതിനിധിയാണെന്ന് അവന് ഓർമ്മ വരുന്നതു്. തന്റെ തൊഴിലിൽ അടിക്കടി ഒരു നയതന്ത്രമന്ത്രവാദിക്ക് പ്രയോഗിക്കേണ്ടിവരുന്ന വിശേഷണപദമാണ് ചാമിങ്ങ്. അറുവഷളായ സംഗതികളേയും ചിലപ്പോൾ ചാമിങ്ങ് എന്നു വിശേഷിപ്പിക്കേണ്ടിവരും. തന്റെ രാജ്യത്തിനുവേണ്ടി വിദേശത്തു് 'കല' ചെയ്യേണ്ടവനാണല്ലോ തന്ത്രശാലി. 'കല' എന്ന പദം ഭയാർത്ഥവാഹിയാകുന്നു. ചാത്തൻസ് വിചാരിച്ചു. നുണ പറയുക എന്നും, കാര്യസാദ്ധ്യത്തിനു തല്ലിപ്പൊളിമങ്കകളായാൽക്കൂടി അവരൊത്തു സഹശയനം നടത്തുക എന്നും അർത്ഥമാക്കാം. ഒന്നാം എലിസബത്തുരാജ്ഞിയുടെ കാലത്തു നടന്ന ഒരു സംഭവം ചാത്തൻസ് ഓർത്തു. ഫ്രഞ്ചുഗവർണ്ണേണ്ടിനെക്കൊണ്ടു് അറുകൃത്തിച്ചി എലിസബത്തുരാജ്ഞി ഒന്നാമത്തിക്ക് ഒരു കാര്യം സാധിക്കാനുണ്ടായിരുന്നു. അതിൽനിന്നൊഴിയാൻ ലണ്ടനിലെ ഫ്രഞ്ച്സ്ഥാനപതിയും തിരിഞ്ഞുകളിക്കുകയായിരുന്നു. ഏറെക്കാലം അതു തരമായില്ല. ഒരു ദിവസം രാജ്ഞി അംബാസഡറെ കൊട്ടാരത്തിലേക്കു വിളിച്ചു. നിന്നുകൊണ്ടായിരുന്നു സംഭാഷണം. എന്തൊരു നിൽപ്പ്! രാജ്ഞി തുലോം നേരിയ ഒരു മസ്ലിൻ ഗൗൺമാത്രമേ ധരിച്ചിരുന്നുള്ളു. അതിനടിയിൽ അറുനഗ്നയായിരുന്നു. പൂല്ലും പൊന്തപ്പടർപ്പും മുലക്കണ്ണുകളുമായി ഒരു ക്കൻ ഭൂമിശാസ്ത്രപാഠസംഗ്രഹംമാതിരി. എവിടെ നോക്കണമെന്നു രൂപമില്ലാതായ അംബാസഡർ ഷഡ്ഗവ്യത്തിലായെന്നും രാജ്ഞി കല്പിച്ച കാര്യത്തിനു സമ്മതംമൂളി തടിതപ്പിച്ചുവെന്നും ചരിത്രകാരന്മാർ പറയുന്നു. സമ്മതിച്ച കാര്യം രാജ്യകാര്യമായിരുന്നു. മറേറതല്ല. അതിന് അക്കാലത്തു രാജ്ഞിയുടെ കൊണ്ടുപിടിച്ച കോൾക്കാരൻ എസെക്സിലെ പ്രഭുവുണ്ടായിരുന്നു. ഈ നമ്പൂതിരിയെ പില്ലാലത്തു് അവർ വധിക്കുകയും ചെയ്തല്ലോ. ആലങ്കാരികമായി നിരവധി രാവുകളിൽ വധിച്ചശേഷം അവസാനം ഒരു ദിനം അക്ഷരാർത്ഥത്തിൽതന്നെ.

ചാത്തൻസ് കവികൂടിയാണെന്നു പറഞ്ഞപ്പോൾ വിപ്ളവഭട്ടൻ പൊട്ടിത്തരിച്ചു:

വി. കെ. എൻ.

റിയലി! ഹൌ എക്സ്ട്രീംലി ചാമിങ്ങ്! എന്തുമാതിരി കവിതയാണ് എഴുതാറു്?

ഇട്ടപ്പിന്റെ സന്നിധാനത്തിൽവെച്ചു് പീക്കിങ്ങിൽനിന്നു വന്ന മേനോനോടു് പറഞ്ഞതുമുഴുവൻ ഇപ്പോൾ തന്റെ മുന്നിലിരിക്കുന്ന വിപ്ളവഭട്ടനോടു പറയേണ്ടിവരുമോ എന്നു ചാത്തൻസ് ഭയന്നു. അതുകൊണ്ടു് ഉപായത്തിൽ കഴിച്ചു.

കർഷകഗാനം കിളിപ്പാട്ട്, പതിന്നാലുവൃത്തം.

വിപ്ളവമാണ് തീം. ചെക്കൻ പറഞ്ഞു—കർഷകത്തൊഴിലാളികൾക്ക് മിനിമം കൂലി കിട്ടേണ്ടുന്നതിന്റെ ആവശ്യകത ഉളനീളം ഊന്നിപ്പറഞ്ഞുകൊണ്ടുള്ള ഒരുഗ്രൻകൃതി.

ഹൗ ടൈസ്! കൃതി പ്രസിദ്ധീകരിച്ചിരിക്കുന്നോ?

കൃതി ഇപ്പോൾ മൂന്നാംപതിപ്പിലേക്ക് എത്തിയിരിക്കുന്നു—ചാത്തൻസ് പറഞ്ഞു—പത്തുദിവസംമുമ്പാണ് അതിന് കേരള സാഹിത്യഅക്കാദമിയുടെ സമ്മാനം കിട്ടിയതു്.

വിപ്ളവഭട്ടൻ ക്ഷമായാചനത്തിന്റെ മുഖാവരണം അണിഞ്ഞു.

മടുപ്പ്. വ്യസനിക്കുന്നു എന്നു പറഞ്ഞാൽ എന്റെ ചങ്കു പൊട്ടുകയാണ്. മലയാള പത്രങ്ങൾ വായിക്കാത്തതിലുള്ള തകരാറാണിതു്. വിഷമിക്കരുതു്. തക്ക പ്രതിവിധി നാം ചെയ്യുന്നുണ്ട്.

ഗ്രന്ഥത്തിന് കേന്ദ്രസാഹിത്യഅക്കാദമിയുടെ കാശ് പിടിച്ചുപററാനുള്ള ഏർപ്പാടുകളും പൂർത്തിയായിവരികയാണ്—ചെക്കൻ പറഞ്ഞു.

വികസിച്ചുവരുന്ന ഒരു സ്ഥിതിവിശേഷമാണല്ലോ—അദ്ദേഹം നയതന്ത്രഭാഷയിൽ പറഞ്ഞു—ഒരു വിപ്ളവഗാനം ഇത്രയും വേഗം പുരോഗമിക്കുന്നതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്.

പിതൃരാജ്യത്തെ അവാർഡിന് കൃതി സമർപ്പിച്ചാലോ എന്നു ചാത്തൻസ് ആലോചിക്കുകയാണ്—ചെക്കൻ പറഞ്ഞു—അതിലേക്ക് ഇവിടുത്തെ അനുഗ്രഹാശിസ്സുകൾ തേടാൻ തിരിച്ചതാണ്.

സമർപ്പിക്കു. തീർച്ചയായും സമർപ്പിക്കു.

താങ്ക്സ്. അതുചെയ്യാമെന്നായി ചാത്തൻസ്.

കവിതയിൽ തീവ്രവാദമുണ്ടോ?—വിപ്ലവഭട്ടൻ ചോദിച്ചു.

വിപ്ലവംതന്നെ തീവ്രവാദമല്ലേ, എൻ ഭാൻ ചാത്തൻസ്.

പാർലമെൻററി ജനായത്തസമ്പ്രദായത്തിന്റെ നാലതിരുകൾക്കുള്ളിൽ ഒതുങ്ങുന്ന തീവ്രമായാൽ തരക്കേടില്ല. അതിനപ്പുറം ഉണ്ടോ എന്നാണ് ചോദിക്കുന്നതു്.

അതും കാണും.

അതാണ് വിഷമം ചാത്തൻസ് ഇടതാണോ?

ഗണിതശാസ്ത്രസിദ്ധാന്തപരമായ ഒരു ചോദ്യമാണതു്—ചാത്തൻസ് പറഞ്ഞു—എവിടെനിന്നു നോക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും ഞാൻ ഇടതാണോ അല്ലയോ എന്നതിനുത്തരം. നന്നെ ഇടതുമാറിയാണ് നോട്ടമെങ്കിൽ ഞാൻ വലതും തുലോം വലതുമാറിയാണ് വീക്ഷണമെങ്കിൽ അന്നേരം ഇടതുമായി തോന്നും ആപേക്ഷികസിദ്ധാന്താധിഷ്ഠിതമാണ് സൂത്രം.

വിപ്ലവഭട്ടൻ ചോദിച്ചു:

ഒരു കവിക്കു വേണ്ടതിലുമധികം വീക്ഷണവും നർമ്മബോധവും ചാത്തൻസിനുണ്ട്. ഐക്യരാഷ്ട്രക്കൂടത്തിൽ ഇന്ത്യയുടെ സ്ഥിരം പ്രതിനിധിയായാൽ താങ്കൾ ശോഭിക്കും.

വചനത്തിനു നന്ദി—ചാത്തൻസ് പറഞ്ഞു—തിരികെ തീവ്രവാദത്തിലേയ്ക്ക് സമഗ്രമായ വിപ്ളവം വരുന്നതുവരെ മാത്രമേ കലയും സാഹിത്യവുമുണ്ടാവുകയുള്ളു അതുകഴിഞ്ഞാൽ പിന്നെ എന്തെഴുതാനാണ്, എന്തിനെക്കുറിച്ച് പാടാനാണ്? എല്ലാം ഒന്നാവുന്നസ്ഥിതിയ്ക്ക്, അഥവാ എഴുതുകയാണെങ്കിൽതന്നെ എല്ലാവക്കും അതായ്ക്കൂടേ?

വിപ്ലവഭട്ടന്റെ പുരികങ്ങൾ രാമബാണത്തെ മാതിരി വളഞ്ഞു. ഗഹനമായ ഒരു നോട്ടം അദ്ദേഹം ചാത്തൻസിനു നേക്ക് എയ്തു:

വളരെ കാതലായ ഒരു വിഷയത്തിലേക്കാണ് നിങ്ങൾ വിരൽ ചൂണ്ടുന്നതു്.

ശേഷം 53-ൽ

വായിച്ചിരിക്കേണ്ട പുസ്തകങ്ങൾ

രഹസ്യ ലൈംഗികരോഗങ്ങളും നിവാരണമാർഗ്ഗങ്ങളും വില 1 രൂപ. ഫാമിലിപ്ലാനിംഗ്, നവീന കുടുംബസംവിധാന പ്രായോഗികശാസ്ത്രം. വില 1 രൂപ.

(തപാൽചിലവ് പുറമെ)

ഉപദേശങ്ങളടങ്ങിയ ക്യാററലോഗ് സൗജന്യം.

DAB AGENCIES

Kodimatha, Kottayam

അതാ അവർ നിലവിളിക്കുന്നു നിങ്ങളതു കേൾക്കുന്നില്ലേ? ആ രോദനം നിങ്ങളുടെ അസ്ഥിക്കുള്ളിലെ മജ്ജവരെയും കടന്നുചെല്ലുന്നില്ല? ഉവ്വ് അതുകൊണ്ടാണല്ലോ നിങ്ങളുടെ മുഖത്തു വിഷാദം, ഹൃദയത്തിൽ നൈരാശ്യം എന്താണ് ആ രോദനം? "സഹായിക്ക, സഹായിക്ക" നിങ്ങളും ഞാനും സഹായം നല്കാൻ സന്നദ്ധരാവുന്നു. അധാർമ്മികതക്കെതിരേ, ക്രൂരതയ്ക്കെതിരേ നാം പടവെട്ടാൻ തയ്യാറാവുന്നു. അതിനു സന്നദ്ധരല്ലെങ്കിൽ നാം മനുഷ്യരല്ല. ബംഗ്ലാദേശത്തിന്റെ നിലവിളി കേട്ട് നാം ദുഃഖിക്കുന്നില്ലെങ്കിൽ നാം മനുഷ്യരല്ല. പക്ഷേ, നാം മനുഷ്യർതന്നെ നമ്മൾ ദുഃഖിക്കുന്നു, പ്രകമ്പനം കൊള്ളുന്നു. അങ്ങനെ സങ്കടപ്പെടുകയും ഞെട്ടുകയും ചെയ്യുന്ന നമ്മളുടെയെല്ലാം പ്രതിനിധിയായി ശ്രീ. സി പി. സാബു "മാതൃഭൂമി" വാരികയിൽ പ്രത്യക്ഷപ്പെടുന്നു. "ബംഗ്ലാദേശ്, ബംഗ്ലാദേശ്" എന്ന, അദ്ദേഹത്തിന്റെ, ചെറുകഥ വായിക്കു. ഭാവസംദുർബ്ധതയാന്ന ഒരു ഹൃദയത്തിൽ ഒരു ഭയങ്കരസംഭവം ആഘാതമേല്പിച്ചതെങ്ങനെയെന്നു നമുക്കു മനസ്സിലാക്കാം. ആ ആഘാതമുളവാക്കിയ വികാരങ്ങളെ കലാത്മകമായി ചിത്രീകരിക്കേണ്ടതെങ്ങനെയെന്നു മനസ്സിലാക്കാം. ആണ്ടി എന്നൊരു കഥാപാത്രത്തെ സാബു അവതരിപ്പിക്കുന്നു. അയാളുടെ മനസ്സിന്റെ ദർപ്പണത്തിൽ ബംഗ്ലാദേശത്തിലെ കൊലപാതകങ്ങളും ബലാൽസംഗങ്ങളും രക്തപ്രവാഹങ്ങളും പ്രതിഫലിച്ചതെങ്ങനെയെന്ന് അദ്ദേഹം കലയ്ക്ക് അവശ്യമുണ്ടായിരിക്കേണ്ട നിസ്സംഗതയോടെ വ്യക്തമാക്കുന്നു. കൊട്ടുംതിമിരത്തിൽ കടന്നുവരുന്ന സൂര്യരശ്മിയാണ് ഈ ചെറുകഥ. ബംഗ്ലാദേശത്തിന്റെ സ്വാതന്ത്ര്യാഭിലാഷവും സൂര്യരശ്മിതന്നെ സൂര്യപ്രകാശം ഒരിക്കലും പരാജയപ്പെടുകയില്ല. ഇരുട്ടിനെ ഭേദിച്ച് അതു വീരജിക്കും സാബുവിന്റെ "സൂര്യരശ്മി"യ്ക്ക് എന്റെ അഭിവാദനം. ബംഗ്ലാദേശത്തിന്റെ സ്വാതന്ത്ര്യവാഞ്ഛ പുന്ന സൂര്യരശ്മിക്കും എന്റെ അഭിവാദനം.

സാഹിത്യവാരഫലം

ഇരുട്ടിലെ സൂര്യരശ്മി

എം. കൃഷ്ണൻനായർ

പഴയ കാര്യം പറയുകയാണ്. ഇരുപത്തഞ്ചുവർഷം മുൻപുള്ള അസംബ്ലി. ഒരു മെമ്പർ സർ. സി. പി. രാമസ്വാമി അയ്യരെ നോക്കിപ്പറയുകയാണ്.- "സർ, ട്രാൻസ്പോർട്ട് ബസ്സിലെ ചോർച്ചകാരണം ഒരു നിവൃത്തിയുമില്ല. ഞാൻ ഇന്നലെ ചെങ്ങന്നൂരിൽനിന്ന് തിരുവനന്തപുരത്തേക്കു യാത്ര ചെയ്യുകയായിരുന്നു. ഭയങ്കരമായ മഴ. ചോർച്ച സഹിക്കാൻ വയ്യാതെ ഞാൻ കുട നിവർത്തിപിടിച്ചു ബസ്സിനകത്ത്. എന്നിട്ടും എന്റെ തല മുഴുവൻ നനഞ്ഞു." സി. പി ഉടനെ മറുപടി നല്കി:- "കുട നിവർത്തിപ്പിടിച്ചിട്ടും മെമ്പറുടെ തല നനഞ്ഞെങ്കിൽ കുടയ്ക്കു വലിയ ദ്വാരമുണ്ടായിരുന്നിരിക്കണം" അതുകേട്ട്, പരാതിപറഞ്ഞ മെമ്പറും ചിരിച്ചു. മറ്റൊരു സംഭവം. ഒരു ഡിപ്പാർട്ടുമെന്റ് "മേലദ്ധ്യക്ഷൻ" കുറെ യന്ത്രങ്ങൾ വാങ്ങിയിട്ട് അനുവാദത്തിനായി ഗവണ്മെന്റിലേയ്ക്ക് എഴുതി ആ എഴുത്തിന്റെ അവസാനത്തിൽ "My action may be ratified" (എന്റെ പ്രവൃത്തിക്ക് ഗവണ്മെന്റിന്റെ സ്ഥിരീകരണം വേണം) എന്നെഴുതിയിരുന്നു ഫയൽ ദിവാൻജിയുടെ അടുക്കലെത്തി. അദ്ദേഹം വ്യാകരണപ്പിശകുണ്ടായിരുന്ന ആ എഴുത്തിൽ തെററുകളുള്ള സ്ഥലങ്ങളിലെല്ലാം വട്ടമിട്ട് C P. R. എന്ന് ഇനിഷ്യൽവച്ചു. എന്നിട്ട് ഓർഡറിട്ടു. "The action

ഹൗ നൈസ്! കൃതി പ്രസിദ്ധീകരിച്ചിരിക്കുന്നോ?

കൃതി ഇപ്പോൾ മൂന്നാംപതിപ്പിലേക്ക് എത്തിയിരിക്കുന്നു—ചാത്തൻസ് പറഞ്ഞു—പത്തുദിവസംമുമ്പാണ് അതിന് കേരള സാഹിത്യഅക്കാദമിയുടെ സമ്മാനം കിട്ടിയതു്.

വിപ്ളവഭട്ടൻ ക്ഷമായാചനത്തിന്റെ മുഖാവരണം അണിഞ്ഞു.

മപ്പ്. വ്യസനിക്കുന്നു എന്നു പറഞ്ഞാൽ എന്റെ ചങ്കു പൊട്ടുകയാണ്. മലയാള പത്രങ്ങൾ വായിക്കാത്തതിലുള്ള തകരാറാണിതു്. വിഷമിക്കരുതു്. തക്ക പ്രതിവിധി നാം ചെയ്യുന്നുണ്ട്.

ഗ്രന്ഥത്തിന് കേന്ദ്രസാഹിത്യഅക്കാദമിയുടെ കാശ് പിടിച്ചുപററാനുള്ള ഏർപ്പാടുകളും പൂർത്തിയായിവരികയാണ്—ചെക്കൻ പറഞ്ഞു.

വികസിച്ചുവരുന്ന ഒരു സ്ഥിതിവിശേഷമാണല്ലോ—അദ്ദേഹം നയതന്ത്രഭാഷയിൽ പറഞ്ഞു—ഒരു വിപ്ളവഗാനം ഇത്രയും വേഗം പുരോഗമിക്കുന്നതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്.

പിതൃരാജ്യത്തെ അവാർഡിന് കൃതി സമപ്പിച്ചാലോ എന്നു ചാത്തൻസ് ആലോചിക്കുകയാണ്—ചെക്കൻ പറഞ്ഞു—അതിലേക്ക് ഇവിടത്തെ അനുഗ്രഹാശിസ്സുകൾ തേടാൻ തിരിച്ചതാണ്.

സമപ്പിക്കു. തീർച്ചയായും സമപ്പിക്കു.

താങ്ക്സ്. അതുചെയ്യാമെന്നായി ചാത്തൻസ്.

കവിതയിൽ തീവ്രവാദമുണ്ടോ?—വിപ്ലവഭട്ടൻ ചോദിച്ചു.

വിപ്ലവംതന്നെ തീവ്രവാദമല്ലേ, എൻ ഡാൻ ചാത്തൻസ്.

പാർലമെൻററി ജനായത്തസമ്പ്രദായത്തിന്റെ നാലതിരുകൾക്കുള്ളിൽ ഒതുങ്ങുന്ന തീവ്രമായാൽ തരക്കേടില്ല. അതിനപ്പുറം ഉണ്ടോ എന്നാണ് ചോദിക്കുന്നതു്.

അതും കാണും.

അതാണ് വിഷമം ചാത്തൻസ് ഇടതാണോ?

ഗണിതശാസ്ത്രസിദ്ധാന്തപരമായ ഒരു ചോദ്യമാണതു്—ചാത്തൻസ് പറഞ്ഞു—എവിടെനിന്നു നോക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും ഞാൻ ഇടതാണോ അല്ലയോ എന്നതിനുത്തരം. നന്നെ ഇടതുമാറിയാണ് നോട്ടമെങ്കിൽ ഞാൻ വലതും തുലോം വലതുമാറിയാണ് വീക്ഷണമെങ്കിൽ അന്യോന്യം ഇടതുമായി തോന്നും ആപേക്ഷികസിദ്ധാന്താധിഷ്ഠിതമാണ് സൂത്രം.

വിപ്ലവഭട്ടൻ ചോദിച്ചു:

ഒരു കവിക്കു വേണ്ടതിലുമധികം വീക്ഷണവും നർമ്മബോധവും ചാത്തൻസിനുണ്ട്. ഐക്യരാഷ്ട്രകൂടത്തിൽ ഇന്ത്യയുടെ സ്ഥിരം പ്രതിനിധിയായാൽ താങ്കൾ ശോഭിക്കും.

വചനത്തിനു നന്ദി—ചാത്തൻസ് പറഞ്ഞു—തിരികെ തീവ്രവാദത്തിലേയ്ക്ക് സമഗ്രമായ വിപ്ളവം വരുന്നതുവരെ മാത്രമേ കലയും സാഹിത്യവുമുണ്ടാവുകയുള്ളു അതുകഴിഞ്ഞാൽ പിന്നെ എന്തെഴുതാനാണ്, എന്തിനെക്കുറിച്ച് പാടാനാണ്? എല്ലാം ഒന്നാവുന്നസ്ഥിതിയ്ക്ക്, അഥവാ എഴുതുകയാണെങ്കിൽതന്നെ എല്ലാവക്കും അതായ്ക്കൂടേ?

വിപ്ലവഭട്ടന്റെ പുരികങ്ങൾ രാമബാണത്തെ മാതിരി വളഞ്ഞു. ഗഹനമായ ഒരു നോട്ടം അദ്ദേഹം ചാത്തൻസിനു നേക്ക് എയ്തു:

വളരെ കാതലായ ഒരു വിഷയത്തിലേക്കാണ് നിങ്ങൾ വിരൽ ചൂണ്ടുന്നതു്.

ശേഷം 53-ൽ

വായിച്ചിരിക്കേണ്ട പുസ്തകങ്ങൾ

രഹസ്യ ലൈംഗികരോഗങ്ങളും നിവാരണമാർഗ്ഗങ്ങളും വില 1 രൂപ.
ഫാമിലിപ്ലാനിംഗ്, നവീന കുടുംബസംവിധാന പ്രായോഗികശാസ്ത്രം. വില 1 രൂപ.

(തപാൽചിലവ് പുറമെ)
ഉപദേശങ്ങളടങ്ങിയ ക്യാററലോഗ് സൗജന്യം.

DAB AGENCIES
Kodimatha, Kottayam

സാഹിത്യവാരഫലം

ഇരുട്ടിലെ സൂര്യരശ്മി

എം. കൃഷ്ണൻനായർ

അതാ അവർ നിലവിളിക്കുന്നു നിങ്ങളതു കേൾക്കുന്നില്ലേ? ആ രോദനം നിങ്ങളുടെ അസ്ഥിക്കുള്ളിലെ മജ്ജവരെയും കടന്നുചെല്ലുന്നില്ല? ഉവ്വ് അതുകൊണ്ടാണല്ലോ നിങ്ങളുടെ മുഖത്തു വിഷാദം, ഹൃദയത്തിൽ നൈരാശ്യം എന്താണ് ആ രോദനം? "സഹായിക്കു, സഹായിക്കു" നിങ്ങളും ഞാനും സഹായം നല്കാൻ സന്നദ്ധരാവുന്നു. അധാർമ്മികതക്കെതിരേ, ക്രൂരതയ്ക്കെതിരേ നാം പടവെട്ടാൻ തയ്യാറാവുന്നു. അതിനു സന്നദ്ധരല്ലെങ്കിൽ നാം മനുഷ്യരല്ല. ബംഗ്ലാദേശത്തിന്റെ നിലവിളി കേട്ട് നാം ദുഃഖിക്കുന്നില്ലെങ്കിൽ നാം മനുഷ്യരല്ല. പക്ഷേ, നാം മനുഷ്യർതന്നെ നമ്മൾ ദുഃഖിക്കുന്നു, പ്രകമ്പനം കൊള്ളുന്നു. അങ്ങനെ സങ്കടപ്പെടുകയും ഞെട്ടുകയും ചെയ്യുന്ന നമ്മളുടെയെല്ലാം പ്രതിനിധിയായി ശ്രീ. സി പി. സാബു "മാതൃഭൂമി" വാരികയിൽ പ്രത്യക്ഷപ്പെടുന്നു. "ബംഗ്ലാദേശ്, ബംഗ്ലാദേശ്" എന്ന, അദ്ദേഹത്തിന്റെ, ചെറുകഥ വായിക്കു. ഭാവസംദുർബ്ധതയാന്ന ഒരു ഹൃദയത്തിൽ ഒരു ഭയങ്കരസംഭവം ആഘാതമേല്പിച്ചതെങ്ങനെയെന്നു നമുക്കു മനസ്സിലാക്കാം. ആ ആഘാതമുളവാക്കിയ വികാരങ്ങളെ കലാത്മകമായി ചിത്രീകരിക്കേണ്ടതെങ്ങനെയെന്നു മനസ്സിലാക്കാം. ആണ്ടി എന്നൊരു കഥാപാത്രത്തെ സാബു അവതരിപ്പിക്കുന്നു. അയാളുടെ മനസ്സിന്റെ ദർപ്പണത്തിൽ ബംഗ്ലാദേശത്തിലെ കൊലപാതകങ്ങളും ബലാൽസംഗങ്ങളും രക്തപ്രവാഹങ്ങളും പ്രതിഫലിച്ചതെങ്ങനെയെന്ന് അദ്ദേഹം കലയ്ക്ക് അവശ്യമുണ്ടായിരിക്കേണ്ട നിസ്സംഗതയോടെ വ്യക്തമാക്കുന്നു. കൊട്ടുംതിമിരത്തിൽ കടന്നുവരുന്ന സൂര്യരശ്മിയാണ് ഈ ചെറുകഥ. ബംഗ്ലാദേശത്തിന്റെ സ്വാതന്ത്ര്യാഭിലാഷവും സൂര്യരശ്മിതന്നെ സൂര്യപ്രകാശം ഒരിക്കലും പരാജയപ്പെടുകയില്ല. ഇരുട്ടിനെ ഭേദിച്ച് അതു വീരജിക്കും സാബുവിന്റെ "സൂര്യരശ്മി"യ്ക്ക് എന്റെ അഭിവാദനം. ബംഗ്ലാദേശത്തിന്റെ സ്വാതന്ത്ര്യവാഞ്ഛ പുന്ന സൂര്യരശ്മിക്കും എന്റെ അഭിവാദനം.

പഴയ കാര്യം പറയുകയാണ്. ഇരുപത്തഞ്ചുവർഷം മുൻപുള്ള അസംബ്ലി. ഒരു മെമ്പർ സർ. സി. പി. രാമസ്വാമി അയ്യരെ നോക്കിപ്പറയുകയാണ്.- "സർ, ഡാൻസ്പോർട്ട് ബസ്സിലെ ചോർച്ചകാരണം ഒരു നിവൃത്തിയുമില്ല. ഞാൻ ഇന്നലെ ചെങ്ങന്നൂരിൽനിന്ന് തിരുവനന്തപുരത്തേക്കു യാത്ര ചെയ്യുകയായിരുന്നു. ഭയങ്കരമായ മഴ. ചോർച്ച സഹിക്കാൻ വയ്യാതെ ഞാൻ കുട നിവർത്തിപിടിച്ചു ബസ്സിനകത്തു്. എന്നിട്ടും എന്റെ തല മുഴുവൻ നനഞ്ഞു." സി പി ഉടനെ മറുപടി നല്കി:- "കുട നിവർത്തിപ്പിടിച്ചിട്ടും മെമ്പറുടെ തല നനഞ്ഞെങ്കിൽ കുടയ്ക്കു വലിയ ദ്വാരമുണ്ടായിരുന്നിരിക്കണം" അതുകേട്ട്, പരാതിപറഞ്ഞ മെമ്പറും ചിരിച്ചു മററൊരു സംഭവം. ഒരു ഡിപ്പാർട്ടുമെന്റ് "മേലദ്ധ്യക്ഷൻ" കുറെ യന്ത്രങ്ങൾ വാങ്ങിയിട്ട് അനുവാദത്തിനായി ഗവണ്മെൻറിലേയ്ക്ക് എഴുതി ആ എഴുത്തിന്റെ അവസാനത്തിൽ "My action may be ratified" (എന്റെ പ്രവൃത്തിക്ക് ഗവണ്മെൻറിന്റെ സ്ഥിരീകരണം വേണം) എന്നെഴുതിയിരുന്നു ഫയൽ ദിവാൻജിയുടെ അടുക്കലെത്തി. അദ്ദേഹം വ്യാകരണപ്പിശകുണ്ടായിരുന്ന ആ എഴുത്തിൽ തെററുകളുള്ള സ്ഥലങ്ങളിലെല്ലാം വട്ടമിട്ട് C P. R. എന്ന് ഇനിഷ്യൽവച്ചു. എന്നിട്ട് ഓർഡറിട്ടു. "The action

may be ratified. but not the grammar" (പ്രവൃത്തിയ്ക്കു സ്ഥിരീകരണം നല്കിയിരിക്കുന്നു, പക്ഷേ, വ്യാകരണത്തിനു് സ്ഥിരീകരണം നല്കുന്നില്ല നമ്പോധമുള്ള ഈ സർ സി. പി. ദയാശൂന്യനായ ഭരണകർത്താവായിരുന്നു. അന്നത്തെ ഇന്ത്യാഗവണ്മെൻറിനു് അയച്ച ഒരു കത്തിൽ Square inches എന്നതിനു പകരം അറിയാതെ Square feet എഴുതിപ്പോയ ബ്രാഹ്മണനായ ഒരു എക്സൈസ് ഇൻസ്പെക്ടറെ അദ്ദേഹം പതിനഞ്ചു ദിവസത്തേയ്ക്കു സസ്പെൻറു ചെയ്തു. ആ സസ്പെൻഷൻ, പെൻഷൻ പററാറായ ഇൻസ്പെക്ടറുടെ പെൻഷൻ തുകയെ കാര്യമായി ബാധിക്കുമെന്നതുകൊണ്ടു് ആ പതിനഞ്ചുദിവസം അവധിയായി കരുതണമെന്നു് അന്നത്തെ ചീഫ് സെക്രട്ടറി ശുപാർശചെയ്തു അതിനു് സി. പി യുടെ കല്പന ഇങ്ങനെയായിരുന്നു. "A Punishment is a punishment. It cannot be camouflaged in to anyother thing" (ശിക്ഷ ശിക്ഷതന്നെ. അതിനെ മറെറാന്നാക്കാൻ സാദ്ധ്യമല്ല) ഇതൊക്കെയാണു് എൻെറ പരിചയവും അനുഭവവും. അതുകൊണ്ടു് ശ്രീ പി. സുബ്രഹ്മണ്യപിള്ള "മലയാളനാട്ടി"ലെഴുതിയ "ആനക്കാര്യം" എന്ന ചെറുകഥ വായിച്ചിട്ടു് എനിക്കൊരു വിശ്വാസവും തോന്നിയില്ല. "ഇവിടത്തെ വനങ്ങളിൽ ആനകളെത്ര? ജാതിതിരിച്ചുള്ള ഒരു പട്ടിക മേശപ്പുറത്തു വയ്ക്കാമോ?" എന്ന അസംബ്ലിച്ചോദ്യത്തിനു് ഒരുദ്യോഗസ്ഥൻ തോന്ന്യരീതിയിൽ ഉത്തരം നല്കുന്നു. ഇതു് ചോദ്യത്തിൻെറ അർത്ഥരാഹിത്യത്തെയും ഉദ്യോഗസ്ഥൻെറ കൊള്ളരുതായ്മയേയും പരിഹസിക്കാൻവേണ്ടിയുള്ളതാണെന്നു് മനസ്സിലാക്കാതെയല്ല ഞാൻ ഈ വിധത്തിൽ പറയുന്നതു്. ഒട്ടുക്കൈരസത്തോടുകൂടിത്തന്നെ ഞാൻ സുബ്രഹ്മണ്യപിള്ളയുടെ കഥ വായിച്ചു വായിച്ചുകഴിഞ്ഞിട്ടും എൻെറ മനസ്സിൽ തങ്ങിനിന്ന രൂപം ഗവണ്മെൻറുകണക്കുകളിൽ തെററുവരുത്തുന്നവരെ ദയകൂടാതെ ശിക്ഷിക്കുന്ന സി. പി. യുടേതാണു്

പ്രപഞ്ചമെന്ന മഹാദ്ഭുതം. അജ്ഞേയവും അജ്ഞേയവുമായ പരമസത്യം. സൃഷ്ടി എന്ന വിസ്മയം ഇവയെല്ലാം മനസ്സിലാക്കാനുള്ള യത്നത്തിൽ മനുഷ്യനു സംഭവിക്കുന്ന പരാജയം. ഇതാണു് ശ്രീ. എ. സി. കെ. രാജാ മലയാളനാട്ടിലെഴുതിയ "പരാജയം" എന്ന ചെറുകഥയിലുള്ളതു്. രാജായുടെ ചെറുകഥയെ ഒരു മോഡേൺചിത്രമായി കരുതുന്നതാണു് യുക്തതരം. പിക്കാസോയുടെ "ഡിസ്റ്റോർഷൻ" ഉള്ള ചിത്രങ്ങളില്ലേ? ആ ചിത്രങ്ങളുടെ ടെക്നിക്കു് ചെറുകഥയ്ക്കു യോജിച്ചതാണെങ്കിൽ രാജായുടെ ടെക്നിക്കാ അദ്ദേഹത്തിൻെറ ചെറുകഥയ്ക്കു പററിയതുതന്നെ. തൻെറ കഥയ്ക്കു് അദ്ദേഹം വരച്ചുചേർത്ത ചിത്രത്തെക്കുറിച്ചു് ഞാനൊന്നും പറയുന്നില്ല അതിനേക്കാൾ കട്ടപ്പുമുള്ളതായി നാം എന്തെല്ലാം കാണുന്നു! കേൾക്കുന്നു!

"ബംഗ്ളാദേശ്കഥകൾ" എന്ന പേരിൽ വിനായക് എഴുതിയ രണ്ടു കൊച്ചു കഥകൾ ശ്രീ. വി. ഡി കെ. നമ്പ്യാർ തർജ്ജമ ചെയ്തിരിക്കുന്നു. (കുങ്കുമംവാരിക) പ്രജ്ഞയുടെ ഒരു സ്മരണമുണ്ടു് ആ കഥകളിൽ ആ വാരികയിൽത്തന്നെ ശ്രീ. എൻ. ആർ. മേനോൻ എഴുതിയ "നീ വരുമോ?" എന്ന ചെറുകഥയിൽ ഒരു ഭാവത്തെ ഭേദപ്പെട്ട രീതിയിൽ ചിത്രീകരിച്ചിരിക്കുന്നു.

നിങ്ങളുടെ കൈയിലിരിക്കുന്ന റോസാപ്പൂ വാങ്ങാൻ അവളില്ലെങ്കിൽ ആ പൂ കൊണ്ടെന്തു പ്രയോജനം? കരതലത്തിൽ കവിൾത്തടം ചേർത്തു്, മന്ദസ്മിതം പുരണ്ട ചുണ്ടുകളുമായി ഉറങ്ങുന്ന അവളെ കാണാൻ നിങ്ങളുടെ കണ്ണുകൾക്കു കഴിയുന്നില്ലെങ്കിൽ, ആ കണ്ണുകൾ കൊണ്ടെന്തു പ്രയോജനം? നിങ്ങൾ പാടുന്ന പാട്ടുകേൾക്കാൻ അവളില്ലെങ്കിൽ, ആ പാട്ടുകൊണ്ടെന്തുപ്രയോജനം? എന്തു്? അവൾ അപ്രത്യക്ഷയായിരിക്കുന്നുവോ? ആരാണവൾ? കലാദേവതതന്നെ ഇല്ല അവൾ മറഞ്ഞിരിക്കുകയല്ല ഖലീൽജിബ്രാൻെറ കവിതയിലൂടെ അവൾ പ്രത്യക്ഷയാകുന്നു. കുങ്കുമംവാരികയിൽ ക്രിസ്തുവിനേയും മഗ്ദലനമറിയത്തേയും കുറിച്ചു് ജിബ്രാൻെറ ഒരു കവിതയുണ്ടു്. ശ്രീ. റിച്ചാർഡിൻെറ തർജ്ജമ അതു വായിക്കു നിങ്ങളുടെ ആത്മാവു് സമ്പന്നമാകും. നിങ്ങളുടെ കൈയിലിരിക്കുന്ന റോസാപ്പൂ

വിനു് വിലയുണ്ടാകും; കണ്ണുകൾക്കു പ്രയോജനമുണ്ടാകും?; പാട്ടിനു് അർത്ഥമുണ്ടാകും.

ദില്ലിയിൽനിന്നു് ശ്രീ. എം. സി ബോ സിൻെറ പത്രാധിപത്യത്തിൽ ആരംഭിച്ചിരിക്കുന്ന മാസികയാണു് "നാളെ." അതിൽ ശ്രീ. ഈ വാസു "ശകുനം" എന്നൊരു ചെറുകഥ എഴുതിയിട്ടുണ്ടു്. ഒരാധുനിക ഉദ്യോഗസ്ഥനെ അതിൽ കാണാം. കുമാരനാശാൻ പറഞ്ഞിട്ടുണ്ടല്ലോ, "മതപ്രസൂനം കത്തിച്ചതസ്തിൽ മണമോ മധുവോ ലഭിക്കാ" എന്നു്. ജീവിതപ്രസൂനത്തിലെ മധു നുകരുകയല്ല വാസു. അദ്ദേഹം അതിനെ കത്തിച്ചു തസ്തിക്കുന്നു.

ചിത്രകാരൻ സുന്ദരിയായ നർത്തകിയെ കണ്ടു സ്നേഹിക്കുന്നു. അവളെക്കാണുന്നതിനു് ചെല്ലുമ്പോൾ വൈരൂപ്യമുള്ള തോഴിയെ കാണുന്നു. പക്ഷേ, യഥാർത്ഥമായ കലാബോധം ആ തോഴിക്കാണുള്ളതെന്നു് അയാൾ കുറേക്കഴിഞ്ഞു മനസ്സിലാക്കുന്നു. ശ്രീമതി ത്രിവേണി എഴുതിയ കുന്നടക്കഥയുടെ സാരമാണിതു്. (ചന്ദ്രിക വാരിക. തർജ്ജമ ശ്രീ. വി. കെ. ശശിയുടേതു്) തികച്ചും വിരസമായ ഒരു കഥ.. അയാൾ അവളെ വിവാഹം കഴിച്ചു. പക്ഷേ, അയാൾക്കു മറെറാരുവളെയാണു് സ്നേഹം. രാ നാഴിഞ്ഞുകൊടുത്തേക്കാമെന്നു് അവൾ തീരുമാനിച്ചു അങ്ങനെ സ്വന്തം വീട്ടിലേക്കു് അവൾ പോകുകയാണു്. വഴിയിൽവച്ചു് ഒരു യുവാവും യുവതിയും അവൾക്കു നേരേവരുന്നു. ആ യുവാവിനെ അവൾ ഒരുകാലത്തു് സ്നേഹിച്ചിരുന്നതാണു്. അവർ എങ്ങോട്ടു പോകുകയ ണെന്നേ? ആ യുവതിയുടെ വീട്ടിലേക്കുതന്നെ കാരണം അവർ മറെറാരുവനെ സ്നേഹിക്കുന്നു എന്നതത്രേ യുവാവു് അവളെ ഉപേക്ഷിക്കാൻ പോകുകയാണു്. ശ്രീ ബക്കളം ദാമോദരൻ ചന്ദ്രിക വാരികയിലെഴുതിയ "സമരസം" എന്ന കഥയുടെ ഇതിവൃത്തമാണിതു്. ഇതു കലയല്ല. പൂർവകല്പിതങ്ങളായ രൂപങ്ങളിൽ ഇങ്ങനെ 'കറക്ടായി"വാൻവീഴുന്നതല്ല സാഹിത്യം. ഇത്തരം കഥകൾ കുട്ടികളേയും അടുക്കളക്കാരിപ്പെണ്ണുങ്ങളേയും രസിപ്പിക്കും.

ബോംബയിൽ ഡോലിനോക്കുന്ന രഘു നാട്ടിലെത്തുന്നു. ചേച്ചിയെ കാണുന്നതിനു മുൻപു് തൻെറ കാമുകിയായ ഗീതയെ അയാൾക്കു കാണണം. നാട്ടിലെ തീവണ്ടിയാപ്പീസിൽ രഘു ഇറങ്ങിയപ്പോൾ കൂടെപ്പഠിച്ച ഗോപിനാഥ് നില്ക്കുന്നു. അയാളുടെ ക്ഷണം സ്വീകരിക്കാതെ രഘു ഗീതയുടെ വീട്ടിൽ ഓടിയെത്തുന്നു അപ്പോൾ ഗീതയെ വിവാഹം കഴിക്കാൻ പോകുന്ന ഗോപിനാഥും അവിടെ എത്തുന്നു രഘു ഗീതയുടെ വീട്ടിൽ നിന്നിറങ്ങിപ്പോകുമ്പോൾ, ശ്രീ. പി വിജയചന്ദ്രൻ കേരളശബ്ദത്തിലെഴുതിയ "പരിവർത്തനം" എന്ന കഥ അവസാനിക്കുന്നു. വിജയചന്ദ്രൻ കഥകളെഴുതി പത്രങ്ങളിൽ പരസ്യപ്പെടുത്താൻ കൊടുക്കുന്നതിനുമുൻപു് മലയാളഭാഷയിലുണ്ടായിട്ടുള്ള ചെറുകഥകളെങ്കിലും വായിക്കണം. പ്രധാനമായും ശ്രീ. പി. കേശവദേവിൻെറ "കളിത്തോഴി" എന്ന കഥ. അതു് ഒരിക്കൽ വായിച്ചാൽ വിജയചന്ദ്രൻ ഇങ്ങനെയുള്ള സാഹസത്തിനു് ഒരുമ്പെടുകയില്ലെന്നാണു് എൻെറ വിശ്വാസം

ചലച്ചിത്രതാരമായ ഹെഡി ലാമറിൻെറ Ecstasy and Me എന്ന ആത്മകഥ കറൻറു് ബുക്സിൽ നിന്നു് വാങ്ങിക്കൊണ്ടു് ഞാൻ വീട്ടിലേക്കു പോകുമ്പോൾ ആദ്യംകണ്ട സ്നേഹിതൻ ആ പുസ്തകം വാങ്ങി നോക്കിക്കൊണ്ടു് പറഞ്ഞു:—"കഷ്ടം. ഏഴു രൂപ പതിനഞ്ചു പൈസ വില എന്തു പ്രയോജനം! രണ്ടു ഹൗൾഫ്രൈ തന്നാമായിരുന്നു ഇത്രയും രൂപ കൊണ്ടു" ഞാൻ മറുപടി നല്കി: "അങ്ങനെയാണെങ്കിൽ നിങ്ങളുടെ ശാബളം മുഴുവൻ ഹൗൾഫ്രൈ തിന്നാൻ ചെലവാക്കിയാൽ മതിയല്ലോ ഒരു മുണ്ടുവാങ്ങണം പതിനഞ്ചുരൂപ വില. മുണ്ടു വേണ്ട; അഞ്ചു ഹൗൾഫ്രൈ ഭാര്യയ്ക്കു് ഒരു സാരി വാങ്ങണം. മുപ്പതു രൂപ വില. സാരിവേണ്ട പത്തു ഹൗൾഫ്രൈ. അമ്മാവൻ മരിച്ചുവെന്നു് കമ്പി വന്നിരിക്കുന്നു. പററുവരെ പോയിട്ടുവരണമെങ്കിൽ 50 രൂപവേണം. മരണമന്വേഷിച്ചു പോകണ്ട. 16 ഹൗൾഫ്രൈ" സ്നേഹിതൻ ഒന്നും പറഞ്ഞില്ല വെളിച്ചം വേണമെന്നു വിചാരിച്ചു നാം ഓരോ മുറിയിലും ആയിരം ബൾബുകൾ ക

ത്തികമോ? ദാഹമുണ്ടെന്നു് വിചാരിച്ച് വീട്ടുമുററത്ത് പത്തു കിണറു കുഴക്കമോ? ഭാര്യയുടെ സൗന്ദര്യവും യൗവനവും പോയിന്നു വിചാരിച്ച് ലോകത്തുള്ള സകല ചെറുപ്പക്കാരികളുടെയും പിറകേ ഓടുമോ? ധാരാളം പത്രങ്ങൾ ഉണ്ടെന്നുവിചാരിച്ച് 'തുരുതുരെ' കഥകളും കവിതകളും എഴുതുമോ? ആലോചിക്കേണ്ട വസ്തുതയാണിതു്.

x x x x

ശ്രീ. കെ. എസ്സ്. ചന്ദ്രൻ "നഗരത്തിന്റെ മാറിലും മറവിലും" എന്നൊരു ലേഖനപരമ്പര കങ്കുമം വാരികയിൽ ആരംഭിച്ചിരിക്കുന്നു. ഏതു സംഭവത്തെയും ഫലിതാത്മകമായി ചിത്രീകരിക്കാൻ കഴിവുള്ള എഴുത്തുകാരനാണു് കെ. എസ്സ്. ചന്ദ്രൻ കങ്കുമത്തിലെ ആദ്യത്തെ ലേഖനം സാഹിത്യത്തെസ്സംബന്ധിക്കുന്നതല്ല അതുകൊണ്ടു ഞാൻ അതിനെപ്പററി ഒന്നും പറയുന്നില്ല ..... മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ ആത്മകഥയിൽനിന്നൊരുഭാഗം "നാളെ" എന്ന മാസികയിൽ പരസ്യപ്പെടുത്തിയിരിക്കുന്നു. (പ്രസിദ്ധപ്പെടുത്തുക എന്ന പ്രയോഗം അത്ര ശരിയല്ലാത്തതുകൊണ്ടാണു് ഞാൻ 'പരസ്യപ്പെടുത്തുക' എന്നെഴുതുന്നതു്.) ജിയുടെ ഏകാന്തവും ആധ്യാത്മികവുമായ അന്വേഷണങ്ങളുടെ ഹൃദയഹാരിയായ ചിത്രം ഈ ആത്മകഥയിൽനിന്നു ലഭിക്കുമെന്നു് നാം പ്രതീക്ഷിക്കുന്നു ... "എന്റെ ആത്മാവു് കൈ ഒരു രോദനമാണു്; ആ രോദനത്തിന്റെ വ്യാഖ്യാനങ്ങളാണു് എന്റെ കൃതികൾ" എന്നു ഒരു മഹാൻ പറഞ്ഞു. ശ്രീ വൈക്കം മുഹമ്മദ് ബഷീറിന്റെ ആത്മകഥ ചന്ദ്രികവാരികയിൽ വായിക്കുമ്പോഴൊക്കെ ഞാൻ ഈ വാക്യങ്ങൾ ഓർക്കാറുണ്ടു്. ....1885 മേയ് 13-ാംനു ബുഡാപെസ്റ്റിൽ ജനിച്ച ലൂക്കാച്ച് (ഉച്ചാരണം ലൂക്കാസെന്നല്ലെന്നു ദേശാഭിമാനി വാരികയുടെ "മുഖവുര"യിലും കാണുന്നു) മഹാനായ സാഹിത്യനിരൂപകനാണു്; നിസ്തുലനായ ചിന്തകനാണു്. എങ്കിലുസ്റ്റ് ഫിഷറെ മാർക്സിസത്തിന്റെ അരിസ്റ്റോട്ടിൽ എന്നു വിളിക്കാറുണ്ടെങ്കിലും ലൂക്കാച്ചിനാണു് ആ വിശേഷണം യോജിക്കുന്നതു് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ വായിക്കുമ്പോൾ 'എന്തൊരു പ്രതിഭ!' എന്നു നാം പറഞ്ഞുപോകും. ആ പ്രതിഭാശാലിയെക്കുറിച്ച് ഡോക്ടർ ജി ബി. മോഹൻ "ദേശാഭിമാനി" വാരികയിൽ എഴുതിയിരിക്കുന്നു. 'സ്കൂൾ ബോയ് കോമ്പസിഷന്റെ' ഭംഗിപോലും ഈ ഡോക്ടറുടെ ലേഖനത്തിനില്ല. അന്യോന്യബന്ധമില്ലാത്ത കുറെ വാക്യങ്ങൾ മാത്രമേ ഇവിടെയുള്ളു

"പപ്പു ഞാനാണു്." ശ്രീ. പി. കേശവദേവ് ശ്രീ. കാക്കനാടനോടു പറഞ്ഞു. അപ്പോൾ കാക്കനാടൻ മറുപടി നല്കി. "ആയിരിക്കാം. പക്ഷേ, ചേട്ടൻ പപ്പുവിനെ സൃഷ്ടിച്ചപ്പോൾ അയാളെ വിപ്ലവാത്മകമായ ഒരു സമൂഹത്തിന്റെ ശാശ്വതപ്രതിരൂപമായി സങ്കല്പിച്ചിരിക്കുകയില്ല. ചേട്ടന്റെ അന്തരംഗത്തിലുള്ള സാമൂഹികചിന്തകൾ കൂടി പപ്പുവിന്റെ സൃഷ്ടിയിൽ പ്രേരണ ചെലുത്തിയിരിക്കുമെന്നേയുള്ളു." ഞാൻ കാക്കനാടനോടു യോജിക്കുന്നു. കലാസൃഷ്ടി ദേശത്തിന്റെ സവിശേഷതയോടു ബന്ധപ്പെട്ടിരിക്കുന്നു. അതിന്റെ ആധ്യാത്മികങ്ങളായ പരിതഃസ്ഥിതികളോടു ബന്ധപ്പെട്ടിരിക്കുന്നു. എങ്കിലും സാഹിത്യകാരൻ തന്നിൽനിന്നാണു് സൃഷ്ടി നടത്തുന്നതു്. സാമൂഹികങ്ങളായ നിയമങ്ങളാലും പരിതഃസ്ഥിതികളാലും സാഹിത്യകാരൻ പൂർണ്ണമായും ബന്ധിക്കപ്പെടുന്നില്ല. ശ്രീ. വൈക്കം ചന്ദ്രശേഖരൻനായർ 'ജനയുഗം' വാരികയിൽ എഴുതിയ 'പുരോഗമന സാഹിത്യകാരന്റെ ഇന്നത്തെ കടമ" എന്ന ഉത്കൃഷ്ടമായ ലേഖനത്തിൽ സാഹിത്യം മനുഷ്യചൈതന്യത്തിന്റെ നിരങ്കുശമായ ആവിഷ്കാരമാണു് എന്ന യാഥാർത്ഥ്യം വിസ്മരിക്കപ്പെട്ടിരിക്കുന്നു. വിസ്മയിക്കാനില്ല കലയുടെ "പ്രയോജനക്ഷമത"യിലാണു് ശ്രീ. വൈക്കം ചന്ദ്രശേഖരൻനായർക്കു് വിശ്വാസം ആ വിശ്വാസമില്ലാത്ത ഏതിനിക്കു് അദ്ദേഹത്തോടു യോജിക്കാൻ സാധിക്കുന്നതെങ്ങനെ? എങ്കിലും പ്രധാനമായിട്ടുണ്ടു് അദ്ദേഹത്തിന്റെ ലേഖനം

കേരളത്തിലെ ഗവണ്മെന്റു് ആർട്സ് ആൻറു് സയൻസ് കോളേജുകളിലെ സംസ്കൃതവിദ്യാർത്ഥികൾ ഒരു സംഘടന പ്രവർത്തിച്ചിട്ടുണ്ടു്. ആ സംഘടനയുടെ വകയായി ഒരു സോവനീർ പ്രസാധനം ചെയ്തിരിക്കുന്നു. ശ്രീ. ടി വി. ഉണ്ണികൃഷ്ണനാണു് അതിന്റെ പത്രാധിപർ. ഈ സോവനീറിൽ പണ്ഡിതോചിതങ്ങളായ അനേകം പ്രബന്ധങ്ങളുണ്ടു്. ശ്രീ പി. ടി. ഭാസ്കരപ്പണിക്കർ ശ്രീ. പി കെ. പരമേശ്വരൻ നായർ; ശ്രീ കെ പി. നാരായണപിഷാരോടി, പ്രൊഫസർ എസ്. കെ പെരിനാട്ടു്, പ്രൊഫസർ എസ് ഗുപ്തൻനായർ, ശ്രീ. പി. പി രാമകൃഷ്ണപിള്ള, ശ്രീ വി. സി. ചാക്കോ, പ്രൊഫസർ എം എസ്സ്. മേനോൻ, ശ്രീ. ഏ. വി. ശങ്കരൻ എന്നിവരാണു് ലേഖകർ. അവരുടെ ലേഖനങ്ങൾ സംസ്കൃതത്തിൽ താൽപര്യമുള്ളവരെല്ലാം വായിച്ചിരിക്കേണ്ടതാണു്. തിരുത്തിപ്പറയട്ടെ എല്ലാവരും വായിക്കേണ്ടതാണു്. മലയാളഭാഷയിലെ പാണ്ഡിത്യമെന്നു പറയുന്നതു സംസ്കൃതത്തിലെ പാണ്ഡിത്യംതന്നെയാണു്. ആ പാണ്ഡിത്യമില്ലെങ്കിൽ കുമാരനാശാന്റെ ഒരു ശ്ലോകത്തിനെങ്കിലും ശരിയായ വ്യാഖ്യാനം നല്കാൻ സാധിക്കുകയില്ല.

x x x

കവിക്കു സമൂഹത്തെക്കുറിച്ചു സുദൃഢമായ ബോധമുണ്ടാകുന്നതു നല്ലതുതന്നെ. അതുകൊണ്ടു് അദ്ദേഹം സൗന്ദര്യത്തിന്റെ ശത്രുവാകണമെന്നില്ല ഗാർത്തിയലൊർക ഫാസിസത്തിന്റെ ശത്രുവായിരുന്നു; ഇടതുപക്ഷ ചിന്താഗതിക്കാരനായിരുന്നു. എങ്കിലും സൗന്ദര്യത്തിന്റെ സാരാംശങ്ങളായിട്ടാണു് അദ്ദേഹത്തിന്റെ കാവ്യങ്ങളെ കരുതിപ്പോരുന്നതു്. "ദേശാഭിമാനി" വാരികയിൽ 'ഞങ്ങൾ തോല്പിക്കും" എന്ന കവിതയെഴുതിയ ശ്രീ. എം. കൃഷ്ണൻകുട്ടിക്കു വ്യപ്രചോദനമില്ലാതില്ല. പക്ഷേ, അദ്ദേഹം കരുതിക്കൂട്ടി മറെറാരു ശബ്ദത്തിൽ സംസാരിക്കുന്നു. ലെർകയെപ്പോലെ, മായോസേതുങ്ങിനെപ്പോലെ കവിയുടെ ഭാഷയിൽ അദ്ദേഹം സംസാരിക്കട്ടെ അല്ല പാടട്ടെ ഫാസിസ്റ്റുകളെ എതിർത്തപ്പോൾ ലൊർക ഭദശാഭിമാനി മുതലാളിത്തത്തെ നശിപ്പിക്കുമ്പോൾ മായോസേതുങ്ങ് ദേശാഭിമാനി. 1905-ലെ വിപ്ലവത്തിൽ പങ്കെടുത്തപ്പോൾ മാക്സിംഗോർക്കി ദേശാഭിമാനി എന്നാൽ തൂലിക കൈയിലെടുത്തപ്പോൾ മുന്നുപേരും കലാകാരന്മാർ. നമ്മുടെ പല വിപ്ലവസാഹിത്യകാരന്മാർക്കും ഗജ്ജ്ക്കാനേ അറിയാവൂ പാടാൻ അറിഞ്ഞുകൂടാ.

—o—

❖ പവൻമാററു് ❖

സ്വർണ്ണാഭരണ സമ്പാദ്യ പദ്ധതി

- ↓ ഒക്ടോബർമാസം 22-ാം തീയതി ആരംഭിക്കുന്നു.
- ↓ എല്ലാ മാസവും പ്രോത്സാഹനസമ്മാനങ്ങൾ നല്കുന്നു.
- ↓ പരമാത്തം Rs. 20,000-ന്റെ സമ്മാനങ്ങൾ വാഗ്ദാനം ചെയ്യുന്നു.
- ↓ ആദ്യതവണ പകുതിമാത്രം അടച്ചു് അംഗമാകുവാൻ സാധിക്കുന്നു,
- ↓ അടയ്ക്കുന്ന തുകയ്ക്കു മുഴുവനും പലിശ ലഭിക്കുന്നു.
- ↓ ഉത്തരവാദിത്വത്തോടെ പവൻമാററു സ്വർണ്ണാഭരണങ്ങൾ സമ്പാദിക്കുവാൻ സാധിക്കുന്നു

ഏററവും നല്ല പദ്ധതി

കെ. പ്രഭാകരൻനായർ, ജ്യൂവലേഴ്സ്, കൊല്ലം

നടത്തുന്ന

പവൻമാററു് സ്വർണ്ണാഭരണ സമ്പാദ്യ പദ്ധതി

—:അംഗമായി ചേരുക: Phone: 3095

നോവൽ

പന്ത്രണ്ടു്

അന്ധകാരത്തിൽ കിടന്നുകൊണ്ടു് ഞാൻ അന്ധകാരത്തിലേക്കു് നോക്കുകയായിരുന്നു. കൊച്ചുമുറിയിലെ പഴകിയ കട്ടിലിൽ ചരിഞ്ഞുകിടന്നു് കിളിവാതിൽ പോലെയുള്ള ജനലിൽക്കൂടി നോക്കിയാൽ വൃക്ഷങ്ങളിലും ചെടിപ്പടർപ്പുകളിലും അള്ളിപ്പിടിച്ച അന്ധകാരമല്ലാതെ മറ്റൊന്നുംതന്നെ കാണാനില്ലായിരുന്നു. മുകളിലുള്ള ആകാശംപോലും, അതിനു ഇരുട്ടിനേക്കാൾ പ്രകാശമുണ്ടായിരുന്നിട്ടും, ആ കട്ടിലിൽ കിടന്നുകൊണ്ടു് അങ്ങിനെ നോക്കുമ്പോൾ എനിക്കു് കാണുന്നതാൻ കഴിഞ്ഞില്ല,

വരണ്ട കിഴക്കൻകാററിന്റെ ശക്തിയും ശബ്ദവും ഏകദേശം നിശ്ചലിച്ചിരുന്നു. അകലെനിന്നു കേൾക്കുന്ന ഒരു പുലമുറയുടേയോ, നായയുടെ ഓളിയുടെയോ ശബ്ദമുണ്ടായിരുന്നു അതിനപ്പോൾ അതു വീശുമ്പോൾ, ഒതുങ്ങിയ കൊച്ചുജനലിൽ കൂടി ഒരു കൂട്ടം കാററാണു് അകത്തേക്കു തള്ളിക്കടന്നു വരിക. മുറിയ്ക്കകത്തു മാത്രമായി തങ്ങിനില്ക്കുന്ന നിശ്ചലമായ വായു അതോടെ ഇളകുകയും അവിടവിടെ ചുഴററിക്കൊണ്ടലച്ചു് ശബ്ദമുണ്ടാക്കുകയും ചെയ്തിരുന്നു. വൃക്ഷങ്ങൾ കാററിൽ ഇളകാൻ തുടങ്ങുമ്പോൾ, ആ ജനലിൽക്കൂടി കാണുക ഇളകിമറിയുന്ന ഒരന്ധകാരപ്രളയമായിരിക്കും. പലപ്പോഴും അതിനു് രാക്ഷസീയഛായകളുമുണ്ടായിരിക്കും.

അസാധാരണഗതിയിൽ, പഴയ ഞാനായിരുന്നെങ്കിൽ അങ്ങിനെ കണ്ടുകൊണ്ടു് ഒററയ്ക്കു് ആ മുറിയിൽ കിടക്കാൻ ഭയം തോന്നുമായിരുന്നു. പക്ഷേ അന്നപ്പോൾ എനിക്കു് സമാധാനത്തോടുകൂടിയ ഒരുതരം നിർവ്വികാരതയാണുണ്ടായതു്. ജനൽപ്പഴുതിന്റെ അപ്പുറത്തു് മരണം വന്നുനിന്നു് വിളിക്കുകയാണെങ്കിൽ എന്തും ത്യജിച്ചു് അതിനെ സ്വാഗതം ചെയ്യാൻ ഞാൻ തയ്യാറായിരുന്നതുകൊണ്ടുള്ള ദുർബ്ബലത എന്നിൽനിന്നും ഭയമടക്കമുള്ള എല്ലാമെല്ലാം അകററിയിരുന്നു.

രാത്രിയാണെന്നല്ലാതെ സമയത്തെപ്പററി നിശ്ചയമില്ലായിരുന്നു. കാററിന്റെ വർദ്ധിക്കുന്ന ശക്തിയേററപ്പോൾ എല്ലാത്തിന്റേയും അവസാനമാകുന്നപോലെ ഒരു തോന്നലുണ്ടായി. അതെന്നെ സന്തോഷിപ്പിച്ചു. എന്നിൽ ആശ്വാസം പകർന്നു. കുറെ അധികം നേരം വരണ്ട കാററിന്റെ ആ പുലമുറമാത്രം ശ്രദ്ധിച്ചുകൊണ്ടു് ഞാൻ കിടന്നു.

പെട്ടെന്നു് കാററിന്റെ മുളിച്ചയിലും മുഴക്കത്തിലും മറെറന്തോ ഒരു ശബ്ദം കൂടി കലർന്നിട്ടുണ്ടെന്ന ഒരു തോന്നലുണ്ടായി. എത്രതന്നെ ചെവി കൂർപ്പിച്ചു ശ്രദ്ധിച്ചിട്ടും അതെന്താണെന്നു് മനസ്സിലായില്ല. എന്നിരുന്നാലും അതെന്താണെന്നു് എന്റെ ഉപ

ബോധമനസ്സിനു് ഒരു ധാരണയുള്ളപോലെ തോന്നി. വരണ്ട കാററിന്റെ ഓരിസാവധാനം മങ്ങിത്തീരാൻ തുടങ്ങിയപ്പോൾ ആ ശബ്ദം ഞാൻ തിരിച്ചറിഞ്ഞു.

ഫ്ളൂട്ടിന്റേതായിരുന്നു ആ ശബ്ദം. വളരെ വലിയൊരു ശബ്ദത്തിലാണു് അതു് കേട്ടിരുന്നതു്. അതു വായിക്കുന്നതു് ജോണിയാണെന്നും ആ കൊച്ചുകുഞ്ഞുമാവിൽ നിന്നാണു് അതുത്ഭവിക്കുന്നതെന്നും ഞാൻ സങ്കല്പിച്ചു പക്ഷേ, കുറെ അധികം ശ്രദ്ധിച്ചപ്പോൾ അതു് പുറപ്പെട്ടിരുന്നതു് ഞാൻ സങ്കല്പിച്ച സ്ഥലത്തുനിന്നുമല്ലെന്നു് എനിക്കു മനസ്സിലായി. കുഞ്ഞുമാവിന്റെ

ഭാഗത്തുനിന്നല്ലായിരുന്നു ആ ശബ്ദം. ഞാൻ നല്ലപോലെ ശ്രദ്ധിച്ചു. നിരത്തിനപ്പുറത്തുള്ളതും, അന്നു വൈകുന്നേരംവരെ ഒഴിഞ്ഞുകിടന്നിരുന്നതുമായ വഴിയമ്പലം പോലുള്ള ആ കൊച്ചുപുരയ്ക്കൽ നിന്നുമായിരുന്നു അതിന്റെ പുറപ്പാടു്. അവിടെനിന്നാവുകാരണമായിരുന്നു, എന്റെ കൊച്ചുമുറിയിൽ നിന്നുപോലും അതിന്റെ കൂർത്ത സ്വരം എനിക്കു് വ്യക്തമായി കേൾക്കാൻ സാധിച്ചിരുന്നതു്. ജോണിതന്നെയാണോ അതു് വായിക്കുന്നതു്? എനിക്കു് സംശയം തോന്നി,

അങ്ങിനെ സംശയിക്കുവാൻ കാരണമുണ്ടായിരുന്നു. അതൊരു സിനിമാഗാനം പോലെതന്നെ എന്തോ ആയിരുന്നെങ്കിലും ആ രാഗം സന്തോഷത്തിന്റേതോ, സന്താപത്തിന്റേയോ സൂചനയല്ലായിരുന്നു യുദ്ധക്കളത്തിലേക്കു പോകുമ്പോഴത്തെപ്പോലയുള്ള ഒരുതരം മാർച്ചിങ്ങ് ഗാനത്തിന്റെ ഈരടിയായിരുന്നു അതു് ശത്രുവിനെ കൊന്നൊടുക്കുവാനുള്ള ധീരതയും ആവേശവും നിറഞ്ഞിരുന്ന ആ രാഗത്തിൽ; തടസ്സങ്ങൾ വകവയ്ക്കാതെ മുന്നോട്ടു് നീങ്ങി കയറിപ്പോകുന്നതിന്റെ ശക്തി ഉൾക്കൊണ്ടിരുന്നു അതിൽ. ഒരേ വരിതന്നെ വീണ്ടുംവീണ്ടും ആവർത്തിച്ചാവർത്തിച്ചു് വായിക്കുകയായിരുന്നെങ്കിലും, ഓരോ പ്രാവശ്യവും അതിന്റെ മുഴക്കം കൂടിക്കൂടി വന്നു. അപ്പോൾ ഒരത്ഭുതമുണ്ടായി.

ഫ്ളൂട്ടിന്റെ ശബ്ദം കേൾക്കാൻ തുടങ്ങിയതിൽ പിന്നെ ആദ്യമായി വീശിയ കാററായിരുന്നു എന്റെ അത്ഭുതത്തിനു് കാരണം. പെട്ടെന്നു് കാററിന്റെ ശബ്ദത്തിനു് ഒരു മങ്ങലുണ്ടായപോലെ എനിക്കു തോന്നി. അതിന്റെ മുഴക്കത്തിനു് അപ്പോൾ പകുതിപോലും ശബ്ദമുണ്ടായിരുന്നില്ല. എന്നുമാത്രമല്ല അതിന്റെ ശക്തിയും വളരെയധികം ചോർന്നുപോയിരുന്നു. പുറത്തുനിന്നും കിളിക്കൂട്ടപോലുള്ള ജനലിൽക്കൂടി തള്ളിക്കയറിയിരുന്ന കാററിന്റെ ഗാംഭീര്യതയും, ഓജസ്സും തന്നെ അസാധാരണമാംവിധം കുറഞ്ഞിരു

വി. ടി. നന്ദകുമാർ

ന്നു. ഒരുപക്ഷേ, അതെല്ലാം മിഥ്യമായ എന്റെ തോന്നലുകളായിരിക്കാമെന്നാണ് ഞാൻ ആദ്യം കരുതിയതു്. അതിനാൽ, അതു് യാഥാർത്ഥ്യം തന്നേയോ എന്നറിയാൻ ഞാൻ കാത്തിരുന്നു; ഫ്ളൂട്ടിന്റെ ഉയർന്നയർന്ന് വരുന്ന ശബ്ദങ്ങൾ ശ്രദ്ധിച്ചുകൊണ്ടു്. അതോടെ അടുത്തകാറ്റ് വീശാൻ തുടങ്ങി. അപ്പോൾ എന്റെ ഊഹങ്ങളെല്ലാം ശരിയാണെന്നു് എനിക്കു മനസ്സിലാവുകയും ചെയ്തു.

ആ വരണ്ട കിഴക്കൻ കാററിന് സാധാരണ ഒരു കാററിനേക്കാൾ അല്പം കൂടുതൽ വീര്യമേ അപ്പോഴുണ്ടായിരുന്നുള്ളു. ശബ്ദമാണെങ്കിൽ അത്രയും മങ്ങിയതുമായിരുന്നു. സാധാരണ മഴക്കാലങ്ങളിൽ വീശാറുള്ള ഒരു കാററിനെപ്പോലെയായിരുന്നു അതു്. കുറച്ചു മുമ്പുവരെ കാററിന്റെ മുഴക്കം കാരണം ഒന്നും കേൾക്കാതായിത്തീർന്നിരുന്ന ഫ്ളൂട്ടിന്റെ ശബ്ദം കാററടിച്ചു വീശിയിട്ടും, അതിന്റെ ദുർബ്ബലമായ മുളിച്ചലുകൾ ഉയർന്നയർന്നു് കേൾക്കാൻ തുടങ്ങിയിരുന്നു. പിന്നേയും, പിന്നേയും കൂടുതൽകൂടുതൽ വേഗതയിലും സ്വരശക്തിയിലും അതു് തുടർന്നു.

തുടർന്നുതുടർന്നു്; ഉച്ചത്തിലുച്ചത്തിൽ കേൾക്കാൻ തുടങ്ങിയ ഫ്ളൂട്ടിന്റെ സ്വരം എന്നിൽ എന്തോ ഒരു പരിവർത്തനമുണ്ടാക്കി. ജീർണ്ണിച്ചതും ചിതലുപിടിക്കാൻ തുടങ്ങിയതുമായ എന്റെ മനസ്സിൽ നിന്നും ആ സ്വരം ക്രമേണ ക്രമേണ, ആഴ്ന്നിറങ്ങിയ നിസ്സഹായതയും, വേദനയും മാററിമാററിക്കൊണ്ടു വരുന്നതായി എനിക്കു തോന്നി. ജീവസ്സററു്, ചേതനയററു് കിടന്നിരുന്ന മനസ്സു് തുള്ളിച്ചാടാനും, ഇളകാനും, ഇളകിമറിയാനും ആരംഭിച്ചു. ആഴ്ന്നേല്ക്കാനും, ആ രാഗത്തിന്നനുസൃതമായി കാലുകൾ വച്ചുവച്ചു് മുന്നോട്ടു മുന്നോട്ടു നീങ്ങാനും തോന്നി. അതിനുള്ള ആവേശമൊഴികെ മററെല്ലാം തന്നെ ഞാൻ വിസ്മരിച്ചു. ആ ശബ്ദം അത്രധികം എന്നെ ലഹരിപിടിപ്പിച്ചിരുന്നു.

ഞാൻ കട്ടിലിൽ എഴുന്നേററിരുന്നു. സാധാരണ ചെയ്യാറുള്ളതിലും വേഗതയിലാണെന്നു തോന്നി, ചെരുപ്പുകളിൽ ഞാൻ കാലുകൾ തിരുകി എഴുന്നേററുനിന്നു അതോടെ ആ രാഗത്തിനനുസൃതമായി കാലുകൾ മുന്നോട്ടുവച്ചു് എനിക്കു നടക്കാൻകഴിഞ്ഞു; അതിന്റെ വേഗതയിലും ശക്തിയിലും അങ്ങിനെ നടന്നു നടന്നു് ഞാൻ ഉമ്മറത്തെ കൊച്ചിറയത്തെത്തി. അവിടെ നിന്നുകൊണ്ടു് കുറേനേരം, ശബ്ദം വന്നിരുന്ന ആ കൊച്ചുപുരയിലേക്കു നോക്കി പ്രളയംപോലെ പരന്ന അന്ധകാരം മാത്രം. ചാരുകസേരയിൽ ഞാൻ ഇരുന്നു; കട്ടപിടിച്ച ഇരുട്ടിലേക്കു കണ്ണുകൾ കൂർപ്പിച്ചുനോക്കിക്കൊണ്ടു്.

എപ്പോഴാണു് ഫ്ളൂട്ടിന്റെ ശബ്ദം നിലച്ചതെന്നറിയില്ല അതിനുമുമ്പിൽ അതിന്റെ ആവേശം ശ്വസിച്ചു വലിച്ചു് ഉള്ളിലാക്കിക്കൊണ്ടു ഞാൻ നിദ്രയിൽ ലയിച്ചിരുന്നു.

—o—

ശ്രീകാളിചാത്തൻസേവയുടെ മഹത്ത്വങ്ങൾ

അനേകം തലമുറകൾ നടത്തിയ കർമ്മസിദ്ധി.

ഉദ്ദിഷ്ടകാര്യസിദ്ധിയിൽ സന്തോഷകരമായ അനുഭവം.

ഓം ശക്തി

മാന്യരെ,

വ്യവസായം, വ്യവഹാരം, ഉദ്യോഗം, ശത്രുവിൽ വിജയം ഇവകൾക്കു് ആരാധനയിൽ വിശ്വസിക്കുന്നവർക്കു് സമീപിക്കാം. തൃശ്ശൂർവന്നു് അന്തിക്കാട്ടു പോകുന്ന ബസ്സിൽക്കയറി അന്തിക്കാട്ടു് ഹൈസ്കൂളിനു മുൻവശം ഇറങ്ങി സ്വല്പം തെക്കോട്ടുനടന്നാൽ ബോർഡു് കാണാവുന്നതുംഅവിടെനിന്നു പടിഞ്ഞാട്ടു് 2 ഫർലോങ്ങു് നടന്നാൽ മഠത്തിൽ എത്താവുന്നതുമാണു്. വരാൻ സാധിക്കാത്തവർ നിർദ്ദേശത്തിനു് സ്റ്റാമ്പുസഹിതം എഴുതുക.

ററി. എസ്. വേലായുധൻ S K C S മഠം, P. O അന്തിക്കാട്ടു്, തൃശ്ശൂർ.

നോവൽ

പത്തു്

സൽമയുടെ വിവാഹബന്ധത്തിന്റെ അഞ്ചുവർഷങ്ങൾ കുട്ടികൾ ജനിക്കാതെ കടന്നുപോയി; അവളും ഭർത്താവും തമ്മിലുള്ള ആത്മീയബന്ധം ശക്തിപ്പെടാതെ; പരസ്പരം വെറുക്കുന്ന രണ്ടാത്മാവുകൾ ഇണങ്ങിച്ചേരാതെ.

വന്ധ്യയായ സ്ത്രീ എല്ലായിടത്തും വെറുപ്പോടെയാണു് വീക്ഷിക്കപ്പെടുന്നതു്; അനന്തര തലമുറകളിലൂടെ തങ്ങളെത്തന്നെ വിച്ഛിന്നമായി നിലനിറുത്തുന്നതിനുള്ള പുരുഷന്മാരുടെ ആഗ്രഹമാണതിനു കാരണം.



സാമാന്യം നിലയുള്ള ഒരു പുരുഷൻ അനപത്യയായ തന്റെ ഭാര്യയെ ശത്രുവായി ഗണിക്കുന്നു; അവൻ അവളെ വെറുക്കുന്നു; ഉപേക്ഷിക്കുന്നു; അവളുടെ മരണത്തെ കാംക്ഷിക്കുന്നു. മൻസൂർ ബെഗാലിബ് അത്തരക്കാരനായിരുന്നു; വസ്തുനിഷ്ഠമായിപ്പറഞ്ഞാൽ അയാൾ മണ്ണിനെപ്പോലെയായിരുന്നു. ഉരുക്കുപോലെ കാഠിന്യമുള്ളവനും; ശ്മശാനത്തെപ്പോലെ ദുരാഗ്രഹിയും. തന്റെ പേരും പ്രശസ്തിയും നിലനിറുത്താൻ ഒരു ശിശു വേണമെന്നുള്ള അയാളുടെ ആഗ്രഹം, സൗന്ദര്യവും ഓമനത്തവും ഉള്ളവളായിരുന്നിട്ടുംകൂടി സൽമയെ വെറുക്കുവാൻ അയാളെ പ്രേരിപ്പിച്ചു.

ഗ്രഹസ്ഥലിൽ വളരുന്ന ഒരു വൃക്ഷം ഫലം വഹിക്കുന്നില്ല; ജീവിതത്തിന്റെ നിഴലിൽക്കഴിഞ്ഞ സൽമ ശിശുക്കളെ ഗർഭം ധരിച്ചില്ല.

രാക്കയിൽ ഒരു പഞ്ജരത്തിനുള്ളിൽ കൂടുകെട്ടുന്നില്ല; അതിന്റെ കുഞ്ഞുങ്ങളുടെ വിധി അടിമത്തമാകാതിരിക്കുവാനായി..

തകർന്ന ചിറകുകൾ

സൽമ യാതനയുടെ തടവുകാരിയായിരുന്നു; അവളുടെ ജീവിതം പംകവല്ലാൻ മറെറാരു തടവുകാരൻ അവൾക്കുണ്ടാവുകയില്ലാ എന്നായിരുന്നു ദൈവഹിതം. വയലിലെ പുഷ്പങ്ങൾ, സൂര്യന്റെമമതയുടേയും പ്രകൃതിയുടെ രാഗത്തിന്റേയും ശിശുക്കളാണു്; മനുഷ്യശിശുക്കൾ സ്നേഹത്തിന്റേയും കനിവിന്റേയും പൂക്കളാണു്.

റാസ് ബെയ്റുത്തിലുള്ള സൽമയുടെ മനോഹരമായ ഭവനത്തിൽ, സ്നേഹത്തിന്റേയും കനിവിന്റേയും അന്തരീക്ഷം ഒരിക്കലും നിലനിന്നിരുന്നില്ല; എന്നിട്ടും അവൾ എല്ലാ രാത്രിയിലും, ഈശ്വരസന്നിധിയിൽ മുട്ടുകുത്തി; തനിക്കു സുഖവും സാന്ത്വനവുമരുളുന്ന ഒരു ശിശുവിനുവേണ്ടി ദൈവത്തോടു യാചിച്ചു...ഈശ്വരൻ അവളുടെ പ്രാർത്ഥനകൾക്കു് ഉത്തരമരുളുന്നതുവരെ അവൾ നിരന്തരമായി പ്രാർത്ഥിച്ചു...

ഒടുവിൽ ഗ്രഹസ്ഥലിലെ മരം കായ്ക്കാനായി പൂവണിഞ്ഞും കൂട്ടിലെ രാക്കിളി, തന്റെ ചിറകുകളിലെ തൂവൽകൊണ്ടു കൂടുകൂട്ടാനൊരുങ്ങി.

സൽമ ചങ്ങലയണിഞ്ഞ കരങ്ങൾ ഈശ്വരന്റെ നേരേ നീട്ടി; ദൈവത്തിന്റെ വിചയേറിയ സമ്മാനം സ്വീകരിക്കുവാനായി; ഫലസിദ്ധിയുള്ള മാതാവായിത്തീരുന്നതിനെക്കാൾ മറെറാന്നിനും ഈ ലോകത്തു് അവളെ സന്തുഷ്ടയാക്കുവാൻ കഴിയുമായിരുന്നില്ല...തന്റെ കുഞ്ഞിന്റെ ശബ്ദം, സ്വർഗ്ഗത്തിന്റെ മധുരതമമായ മന്ദ്രസംഗീതം കാതുകളിൽ മു

ചെറിൽജ്ബ്രോൺ

ഴങ്ങുന്ന കാലവും പ്രതീക്ഷിച്ചുകൊണ്ട്, ദിനങ്ങളെണ്ണി ആകാംക്ഷയോടെ അവൾ കാത്തിരുന്നു...

കണ്ണുനീരിലൂടെ പ്രശോഭനമായ ഭാവിയുടെ ഉഷസ്സിനെ അവൾ കണ്ടുതുടങ്ങി...

നിസാൻമാസമായിരുന്നു; ജനനമരണങ്ങൾഏറ്റുമുട്ടുന്ന, വേദനയുടേയും പ്രസവയാതനയുടേയും ശയ്യയിൽ സൽമയെ കിടത്തി —

—ഒരു നവാതിഥിയെ ലോകത്തിന്നു നൽകാൻ തയ്യാറായി ഡോക്ടറും മിഡ്‌വൈഫും നിലകൊണ്ടു. രാത്രി വൈകിയപ്പോൾ സൽമ അവളുടെ തുടരെയുള്ള കരച്ചിൽ ആരംഭിച്ചു.. ജീവിതത്തിൽ നിന്ന് ജീവിതം ഭാഗം വയ്ക്കുന്നതിന്റെ കരച്ചിൽ നിശ്ശൂന്യതയുടെ അനന്തനഭസ്സിലെ അവിരാമതയുടെ രോദനം... മഹാശക്തികളുടെ നൃത്തലതയ്ക്കു മുന്നിൽ ഒരു ദുർബ്ബലശക്തിയുടെ വിലാപം. ജനിമൃതികളുടെ കാൽച്ചുവട്ടിൽ നിരാശയിലാഴ്ന്നു കിടക്കുന്ന പാവം സൽമയുടെ കരച്ചിൽ.

പ്രഭാതത്തിൽ സൽമ ഒരാൺകുഞ്ഞിന് ജന്മം നൽകി; കണ്ണുതുറന്നപ്പോൾ അവൾ മുറിനിറയെ പുഞ്ചിരിക്കുന്ന മുഖങ്ങൾ കണ്ടു; വീണ്ടും നോക്കിയപ്പോൾ ജീവിതമരണങ്ങൾ തന്റെ ശയ്യയ്ക്കരികിൽ അവയുടെ മൽപ്പിടിത്തം തുടരുന്നതു കണ്ടു. അവൾ തന്റെ മിഴികൾ പൂട്ടി കരഞ്ഞുകൊണ്ട്, ആദ്യമായി പറഞ്ഞു: "എന്റെ മോനേ." മിഡ്‌വൈഫ് ശിശുവിനെ പട്ടുതുണികൊണ്ട് പൊതിഞ്ഞ് അമ്മയുടെ അരികിൽ കിടത്തി; എന്നാൽ ഡോക്ടർ സൽമയെത്തന്നെ നോക്കിക്കൊണ്ടിരുന്നു; ദുഃഖത്തോടെ ശിരസ്സ് ഇളക്കിക്കൊണ്ട്.

ആഹ്ലാദശബ്ദങ്ങൾ അയൽക്കാരെ ഉണർത്തി; അവകാശിയുടെ ജനനത്തിൽ, പിതാവിനെ അനുമോദിക്കുന്നതിനുവേണ്ടി അവർ വീട്ടിൽ പാഞ്ഞെത്തി; എന്നാൽ ഡോക്ടർ അപ്പോഴും ശിരസ്സിളക്കി സൽമയേയും അവളുടെ കുഞ്ഞിനേയും നിസ്സഹായനായി നോക്കുകയായിരുന്നു;

മൻസൂർബേയുടെ അടുത്ത് ഈ ശുഭവാർത്ത എത്തിക്കുന്നതിനുവേണ്ടി ഭൃത്യന്മാർ പാഞ്ഞുപോയി; അപ്പോഴും നിരാസനിറഞ്ഞ മുഖഭാവത്തോടെ ഡോക്ടർ സൽമയേയും അവളുടെ കുഞ്ഞിനേയും നോക്കിക്കൊണ്ടിരുന്നു;

സൂര്യനുദിച്ചുയർന്നപ്പോൾ, സൽമ തന്റെ കുഞ്ഞിനെ എടുത്ത് മാറോടുചേർത്തു; അവൻ ആദ്യമായി തന്റെ കുഞ്ഞിക്കണ്ണുകൾ തുറന്ന് തന്റെ അമ്മയെ നോക്കി; പിന്നീടവൻ ഒന്നു വിറച്ചു. കണ്ണുകൾ അവസാനമായി അടയുകയും ചെയ്തു. ഡോക്ടർ കുഞ്ഞിനെ സൽമയുടെ കൈകളിൽനിന്നുവാങ്ങി അവന്റെ കവിളുകളിൽ കണ്ണുനീർവീണു; പിന്നീടദ്ദേഹം സ്വയം മന്ത്രിച്ചു: 'പിരിഞ്ഞുപോകുന്ന ഒരു വിരുന്നുകാരനാണവൻ."

അയൽക്കാർ, അച്ഛനോടൊപ്പം ആ വീട്ടിലെ വിശാലമായ ഹോളിൽ ആഘോഷിച്ചുകൊണ്ടിരുന്നപ്പോൾ, അവകാശിയുടെ ആരോഗ്യത്തിനുവേണ്ടി പാനം ചെയ്തുകൊണ്ടിരുന്നപ്പോൾ, ശിശു പിരിഞ്ഞുപോയി; സൽമ ഡോക്ടറുടെ നേർക്കു നോക്കി അപേക്ഷിച്ചു:

"എന്റെ കുഞ്ഞിനെ എനിക്കു തരൂ ഞാനവനെ പുണർന്നുകൊള്ളട്ടെ."

കുഞ്ഞു മരിച്ചുകഴിഞ്ഞിരുന്നെങ്കിലും, പാനപാത്രങ്ങളുടെ ശബ്ദം ഹാളിൽ വർദ്ധിച്ചുകൊണ്ടിരുന്നു...

അവൻ പ്രഭാതത്തിൽ ജനിച്ച് സൂര്യോദയത്തിൽ മരിച്ചു

അവനൊരു ചിന്തപോലെ ജനിച്ച് നിശ്വാസം പോലെ മരിച്ചു; നിഴൽ പോലെ മറഞ്ഞു

അമ്മയെ ആശ്വസിപ്പിക്കുവാനോ ആനന്ദിപ്പിക്കുവാനോ അവൻ ജീവിച്ചില്ല.

രാത്രിയുടെ അന്ത്യത്തിൽ അവന്റെ ജീവിതം ആരംഭിച്ച് പകലിന്റെ തുടക്കത്തിൽ അവസാനിച്ചു; ഇരുട്ടിന്റെ മിഴികളിൽനിന്ന് അടർന്നുവീണ് വെളിച്ചത്തിന്റെ സ്വർഗ്ഗത്തിൽ വററിപ്പോയ ഒരു മഞ്ഞുതുള്ളിപോലെ

വേലിയേററം കരയിലേയ്ക്ക് കൈ ഉണ്ടുവരികയും വേലിയിറക്കം സമുദ്രത്തിന്റെ അഗാധതയിലേയ്ക്ക് കൊണ്ടുപോവുകയും ചെയ്ത ഒരു മുത്ത്...ജീവിതസുകളത്തിൽ നിന്നു വിടർന്ന്, മരണത്തിന്റെ കാൽച്ചുവട്ടിൽ അരഞ്ഞുപോയ ഒരു ലില്ലിപുഷ്പം.

തന്റെ ആഗമനത്താൽ സൽമയുടെ ഹൃദയത്തെ ദീപ്തമാക്കുകയും, വേർപാടിനാൽ അവളുടെ ആത്മാവിനെ നിഹനിക്കുകയും ചെയ്ത ഒരു പ്രിയങ്കരനായ വിരുന്നുകാരൻ.

ഇതാണ് മനുഷ്യരുടെ ജീവിതം; രാഷ്ട്രങ്ങളുടെ ജീവിതം; സൂര്യഗോളങ്ങളുടെ, ചന്ദ്രതാരകങ്ങളുടെ ജീവിതം.

നിഞ്ഞു. അദ്ദേഹത്തിൻെറ ശബ്ദം വീപ്പുമുട്ടി, അദ്ദേഹം പറഞ്ഞു; "നിങ്ങളുടെ കഞ്ഞു മരിച്ചുപോയി; ആ ശ്വസിക്ക."

ഡോക്ടർ ഇങ്ങനെ അറിയിച്ചപ്പോൾ സൽമ അതിഭയങ്കരമായി പൊട്ടിക്കരഞ്ഞു. പിന്നീട്, ഒരു നിമിഷം അവൾ ശാന്തമായി; സന്തോഷത്തോടെ മന്ദഹസിച്ചു; എന്തോ ഒന്ന് കണ്ടെത്തിയതുപോലെ. അവളുടെ മുഖം തെളിഞ്ഞു. ശാന്തമായ ശബ്ദത്തിലവൾ പറഞ്ഞു; "എൻെറ കഞ്ഞിനെ എനിക്കതു്. അവനെ അടുത്തേക്കു കൊണ്ടുവരു; മരിച്ച അവനെ ഞാനൊന്നു കാണട്ടെ"

ഡോക്ടർ മൃതശിശുവിനെ കൊണ്ടുവന്നു സൽമയുടെ കൈകൾക്കിടയിൽവച്ചു. അവൾ അവനെ പുണർന്നു; പിന്നീട് മുഖം ഭിത്തിയുടെ നേർക്കു തിരിച്ചു്, മരിച്ചു കഞ്ഞിനോടായി പറഞ്ഞു: "എൻെറ കഞ്ഞേ! എന്നെ കൊണ്ടുപോകാനാണു നീ വന്നതു് തീരഭൂമിയിലേക്കു നയിക്കുന്ന വഴി കാണിച്ചുതരാനാണു നീ വന്നതു്. എൻെറ കഞ്ഞേ, ഞാനിതാ; എന്നെ നയിച്ചാലും. ഈ ഇരുണ്ട ഗുഹ വിട്ടു നമുക്കു പോകാം"

ഡോക്ടറിൽ കണ്ണുകൾ കേന്ദ്രീകരിച്ചുകൊണ്ട് സൽമ കരഞ്ഞുപറഞ്ഞു; "എൻെറ കഞ്ഞിനെ എനിക്കുതരു. ഞാനവനെ ആശ്ലേഷിക്കട്ടെ, എൻെറ കഞ്ഞിനെ എനിക്കു തരു! ഞാവവനെ ശുശ്രൂഷിച്ചോമനിക്കട്ടെ."

അപ്പോൾ ഡോക്ടറുടെ ശിരസ്സു കു

ഒരു നിമിഷത്തിനുള്ളിൽ, സൂര്യരശ്മികൾ ജാലകശ്ശീലകളെ പിളർന്നു നിശ്ശബ്ദതയുടെ അഗാധഗാംഭീര്യം കാവൽനില്ക്കുന്ന മരണത്തിൻെറ ചിറകുകൾ തണൽവിരിക്കുന്ന ശയ്യയിലെ രണ്ടു ശാന്ത ശരീരങ്ങളിൽ നിപതിച്ചു. നിറഞ്ഞ കണ്ണുകളോടെ ഡോക്ടർ മുറിയിൽനിന്നു പോയി. അദ്ദേഹം വിശാലമായ ഹാളിലെത്തിയപ്പോൾ ആനന്ദോത്സവം മരണത്തിൻെറ വിലാപയാത്രയായി മാറി. എന്നാൽ മൻസൂർബേഗാലിബ് ഒരക്ഷരംപോലും ഉരിയാടിയില്ല. ഒരു തുള്ളി കണ്ണീർപോലും പൊഴിച്ചില്ല; വലത്തു കൈയിൽ ഒരു പാനപാത്രവും പിടിച്ചുകൊണ്ടു പ്രതിമപോലെ നിശ്ചലനായി നിന്നു.

X X X

രണ്ടാം ദിവസം സൽമയെ അവളുടെ വിവാഹവസ്ത്രങ്ങൾകൊണ്ടു പൊതിഞ്ഞു; ശവമഞ്ചത്തിൽ വച്ചു; കഞ്ഞിനെ ആ പട്ടുതുണികൊണ്ടുതന്നെ പൊതിഞ്ഞിരുന്നു; അവൻെറ ശവമഞ്ചം അമ്മയുടെ കൈകളായിരുന്നു. അവൻെറ ശ്മശാനം അവളുടെ ശാന്തമായമാറിടമായിരുന്നു. ഒരു ശവപ്പെട്ടിയിൽ രണ്ടു ജഡങ്ങളെ വഹിച്ചുകൊണ്ടുപോയി; സൽമയേയും അവളുടെ കഞ്ഞിനേയും അന്ത്യവിശ്രമസ്ഥാനത്തേക്ക് അനുഗമിച്ചുകൊണ്ട്, ആദരപൂർവ്വം ഞാൻ പുരുഷാരത്തോടൊപ്പം നടന്നു.

സിമത്തേരിയിൽ എത്തിക്കഴിഞ്ഞപ്പോൾ ഗാലിബ് മെത്രാൻമന്ത്രോച്ചാരണങ്ങൾ തുടങ്ങി, മററുള്ള പുരോഹിതന്മാർ പ്രാർത്ഥിച്ചു. അവളുടെ ഇരുണ്ടമുഖങ്ങളിൽ നിർവികാരതയുടേയും അജ്ഞതയുടേയും ആവരണം ദൃശ്യമായിരുന്നു.

ശവപ്പെട്ടി കുഴിയിലേക്കു താണുകൊണ്ടിരുന്നപ്പോൾ, അടുത്തുനിന്ന ഒരാൾ പതുക്കെപ്പറഞ്ഞു: "ഒരു ശവപ്പെട്ടിയിൽ രണ്ടു ജഡങ്ങൾ കാണുന്നതു് എൻെറ ജീവിതത്തിൽ ഇതാദ്യമായിട്ടാണു്." മറെറാരാൾ പറഞ്ഞു. "നിർദ്ദയനായ ഭർത്താവിൽനിന്നു തൻെറ അമ്മയെ രക്ഷിക്കുന്നതിനുവേണ്ടി ഈ കഞ്ഞു വന്നതുപോലെ തോന്നുന്നു."

മൂന്നാമതൊരാൾ പറഞ്ഞു: "മൻസൂർബേയെ നോക്കു; അയാളുടെ കണ്ണുകൾ സ്ഫടികം കൊണ്ടുണ്ടാക്കിയതെന്നപോലെ അയാൾ ആകാശത്തിലേക്കു തുറിച്ചു നോക്കുന്നു. ഒരുദിവസംതന്നെ തൻെറ ഭാര്യയും കഞ്ഞും നഷ്ടമായ ഒരുവനാണയാൾ എന്നു തോന്നുകില്ല." നാലാമതൊരാൾ കൂട്ടിച്ചേർത്തു: "അയാളുടെ അമ്മാവനായ മെത്രാൻ, നാളെ അയാളെക്കൊണ്ടു കൂടുതൽ ധനികയും ശക്തയുമായ ഒരുവളെ വിവാഹം കഴിപ്പിക്കും."

മെത്രാനും പുരോഹിതന്മാരും പാടിക്കൊണ്ടേയിരുന്നു; പ്രാർത്ഥനകൾ ഉരുവിട്ടുകൊണ്ടേയിരുന്നു; കുഴിവെട്ടുകാരൻ ശവക്കുഴി മൂടിത്തീരുന്നതുവരെ. പിന്നീട്, ജനം ഒററതിരിഞ്ഞു് മെത്രാനെയും അയാളുടെ അനന്തരവനെയും സമീപിച്ചു് മധുരമായ അനുതാപവാക്കുകൾ കൊണ്ടു തങ്ങളുടെ ബഹുമാനാദരങ്ങൾ അർപ്പിച്ചു; എന്നാൽ ഒരൊററ ആത്മാവുപോലും എന്നെ ആശ്വസിപ്പിക്കാൻ ഇല്ലാതെ ഞാൻ ഏകനായി ഒഴിഞ്ഞുമാറിനിന്നു; സൽമയും അവളുടെ കഞ്ഞും എനിക്കൊന്നുമായിരുന്നില്ലാ എന്നതുപോലെ.

മരിച്ചവക്കു യാത്രപറയാൻ വന്നവർ സിമത്തേരി വിട്ടുപോയി; കുഴിവെട്ടുകാരൻ ഒരു മൺവെട്ടിയുമേന്തി പുതിയ കുഴിമാടത്തിനരികെ നിന്നു.

അയാളെ സമീപിച്ചു ഞാൻ അന്വേഷിച്ചു: "ഡാറീസ്എഫെണ്ടികറാമിയെ മറവുചെയ്തതു് എവിടെയാണെന്നു നിങ്ങൾ ഓർക്കുന്നുണ്ടോ?"

അയാൾ ഒരു നിമിഷം എന്നെ നോക്കി; പിന്നീട് സൽമയുടെ കുഴിമാടത്തിലേക്കു വിരൽചൂണ്ടിപ്പറഞ്ഞു. "ഇതാ ഇവിടെത്തന്നെ. അദ്ദേഹത്തിൻെറ മേൽ ഞാനദ്ദേഹത്തിൻെറ പുത്രിയെ വച്ചു; അദ്ദേഹത്തിൻെറ പുത്രിയുടെ മാറിൽ അവളുടെ കഞ്ഞിനേയും; എല്ലാററിനും മുകളിൽ ഈ മണ്ണും ഞാനീ മൺവെട്ടികൊണ്ടു് വെട്ടിയിട്ടു."

അപ്പോൾ ഞാൻ പറഞ്ഞു; "ഈ കുഴിയിൽത്തന്നെ നിങ്ങളെൻെറ ഹൃദയവും കുഴിച്ചിട്ടിരിക്കുന്നു."

പോപ്പ്ളാർമരങ്ങൾക്കു പിന്നിൽ കുഴിവെട്ടുകാരൻ പോയി മറഞ്ഞപ്പോൾ, എനിക്കു് നിയന്ത്രിക്കാനായില്ല. ഞാൻ സൽമയുടെ കുഴിമാടത്തിൽ വീണു കരഞ്ഞു. (അവസാനിച്ചു.)

—o—

ചെറുകഥ

കഴിതടത്തിൽ

പുതിയ പൊറുതിയുടെ ആദ്യദിവസം.

മധുവിധുവിൻെറ ചൂടാറിയിട്ടില്ല.

വൈകിട്ട് ഷോപ്പിംഗിനു് ഭാര്യയുമായി ഇറങ്ങിയതാണ്.

സാധനങ്ങൾ നോക്കിവാങ്ങുന്ന ചുമതല ഭാര്യയ്ക്കാണ്.

ഭാര്യ ഓരോന്നും വിലപറഞ്ഞും പേശിയും വാങ്ങിവെച്ചു. കടക്കാരൻ അതെല്ലാം പൊതികളിലാക്കിവെച്ചു. ഭർത്താവ് തുക കൊടുത്തു. സാധനങ്ങളും എടുത്തുകൊണ്ട് കടയിൽനിന്നും ഇറങ്ങുവാൻ തുടങ്ങുമ്പോൾ, മറന്നുപോയ ഒരു കാര്യം ഭാര്യ ഓർമ്മിച്ചു: ഒരു താഴ് വാങ്ങണം. വീട്ടിൽനിന്നിറങ്ങിയപ്പോഴെ ഓർത്തതാണ്. മററു പലതും വാങ്ങിവന്നപ്പോൾ മറന്നുപോയി.

എങ്ങോട്ടെങ്കിലും ഇറങ്ങണമെങ്കിൽ പുരയ്ക്ക് നല്ല പൂട്ടുവേണം. സ്ഥലം ഡൽഹിയാണ്. കള്ളന്മാരും പിടിച്ചുപറിക്കാരും കൊള്ളക്കാരും ഏറുന്ന നാടാണെന്നാണ് അറിവ്. അമ്മാവൻെറ മകൾ റാണി ഭർത്താവിനോടൊന്നിച്ച് അവിടെ ആയിരുന്നു. അവർ ഒരിക്കൽ വന്നപ്പോൾ പറഞ്ഞകാര്യം ഓർമ്മവന്നു.

തൊട്ടടുത്ത ക്വാർട്ടറിൽ പട്ടാപ്പകൽ ലോറിയുമായിവന്ന് ഉപ്പുചിരട്ടവരെ പെറുക്കി എടുത്തുകൊണ്ടുപോയത്രെ

അവിടെക്കെ ഏതെല്ലാം ക്വാർട്ടറിൽ ആരെല്ലാമാണ് താമസിക്കുന്നതെന്ന് അറിഞ്ഞുകൂടത്രെ. പുതിയ ആൾക്കാർ വരുന്നതും പഴയ ആൾക്കാർ പോകുന്നതും ഒന്നും ആരും ശ്രദ്ധിക്കാറില്ല. പകൽ വന്നു വീടു കൊള്ള അടിച്ചപ്പോഴും അവിടെ താമസിച്ചവർ പോകുകയാണെന്നേ ധരിച്ചുള്ളൂ

ആ സ്ഥിതിക്ക് ഒരു നല്ല പൂട്ടെങ്കിലും ഉണ്ടായിരിക്കേണ്ടതല്ലെ.

ഭാര്യ താഴ് ആവശ്യപ്പെട്ടു. കടക്കാരൻ പലതരം താഴുകൾ കണിച്ചുകൊടുത്തു. അതിൽനിന്നും ഒരു വലിയ താഴ തിരഞ്ഞെടുത്ത് ഭർത്താവിനോട് അഭിപ്രായം ആരാഞ്ഞു.

ഭർത്താവ് ശ്രദ്ധിച്ചു– രു പറങ്കിത്താഴ്.

ഒരു നിമിഷം...

പരിസ്മരബോധം വീട്ടുകന്നു.

ഓർമ്മകൾ പറന്നു പറന്ന് ഭൂതകാലത്തിലേക്ക് പോയി. മുൻപിൽ നിൽക്കുന്ന ഭാര്യയുടെ രൂപം കുറേശ്ശേ കുറേശ്ശേ ആയി അദൃശ്യമാകുന്നു ഓർമ്മയുടെ മൂടൽമഞ്ഞിൽനിന്നും ഒരു പുതിയ രൂപം തെളിഞ്ഞുവരുന്നു...

ഇപ്പോൾ മുൻപിൽ നിൽക്കുന്നതു് ഭാര്യയല്ല. സഹോദരിയാണ്. വർഷങ്ങൾക്കുമുൻപ് അപമാനഭാരം തലയിലേല്പിച്ചിട്ട് മറെറാരുവൻെറ കൂടെ ഒളിച്ചോടിപ്പോയ സഹോദരി...

അവൾക്ക് എങ്ങനെ എൻെറ മുൻപിൽ വരുവാൻ ധൈര്യംവന്നു?

ഓർക്കുംതോറും വിദ്വേഷം ശരീരത്തിൻെറ ഓരോ സിരയിലും കടന്നാക്രമണം നടത്തുന്നു...

ഏകസഹോദരിയാണ്. അച്ഛനമ്മമാർ മരിച്ചപ്പോൾ കൂടെ കൊണ്ടുപോന്നു. നാട്ടിൽ ഏകാവലംബയായി താമസിപ്പിക്കേണ്ടെന്ന് ഓർത്തു. ഒക്കുമെങ്കിൽ ഒരു ജോലിക്കു ശ്രമിക്കാം. ഇല്ലെങ്കിൽ കൊള്ളാവുന്ന ആരുടേയെങ്കിലും കൂടെ പറഞ്ഞുവിടാം.

അതുവരെയും ഒരു ശ്രദ്ധ ആവശ്യമാണെല്ലൊ. പ്രായപൂർത്തി ആയ ഒരു പെൺകുട്ടി പകൽ മുഴുവൻ ഒററയ്ക്ക് ഒരു ക്വാർട്ടറിൽ കഴിഞ്ഞുകൂട്ടുന്നതു് അപകടമാണ്. അടുത്തു വല്ല മലയാളിഫാമിലിയും ഉണ്ടായിരുന്നെങ്കിൽ അവരെ ഏല്പിക്കാമായിരുന്നു. ഇനിയുമിപ്പോൾ എന്താണൊരു പോംവഴി.

വളരെനേരത്തേ ആലോചനയ്ക്കുശേഷം ഒരു ബുദ്ധി ഉദിച്ചു.

ആഫീസിലേയ്ക്കു പോകുമ്പോൾ വെളിയിൽനിന്നും പൂട്ടിയിട്ടു പോകാം. പിറേറന്നുതന്നെ ആ പദ്ധതി പ്രാവർത്തികമാക്കുകയും ചെയ്തു.

അഞ്ചാറുമാസങ്ങൾക്കു ശേഷം ഒരു

നാൾ ആഫീസിൽനിന്നു വന്നു മുറിതുറന്ന് അകത്തുകയറുമ്പോൾ സഹോദരി ഇല്ല. പൂട്ട് ഭദ്രം തന്നെ. ഒരു കത്തു മേശപ്പുറത്തു കിടക്കുന്നുണ്ടായിരുന്നു.

അതിൽ അവൾ എഴുതിയിരിക്കുകയാണ്.

ഈ നരകത്തിൽനിന്നും എൻെറ മനസ്സിനിണങ്ങിയ ഒരാളുമായി ഞാൻ നാടു

(ശേഷം 48-ൽ)

അഭിനയകലാ-സാമ്രാജ്യത്തിൽ-അസ്തമം

നാടുവാഴിത്തത്തിന്റെ പ്രാപ്തിക്കു മുമ്പാണ്. ''നെല്ലും പണവും കമിഞ്ഞവക്കു കൊല്ലും കൊലയും കലാധികാരം'' എന്ന് കവി പാടിയ വ്യവസ്ഥിതി കൊടികത്തി വാഴുന്ന കാലം. മലബാറിലെ കപ്രസിദ്ധനായ ഒരു നാട്ടുവാഴിയുടെ കുലപരദേവതയുടെ ക്ഷേത്രത്തിൽ ഉത്സവം നടക്കുന്നു. കഥകളിയും ഓട്ടൻതുള്ളലും ചാക്യാർകൂത്തുമെല്ലാമുണ്ട്. ഉത്സവത്തിന്റെ സമാപനദിവസം! അകമ്പടിക്കാരോടെ കൂത്തുമാടത്തിൽ നാട്ടുവാഴി എഴുന്നള്ളി വന്നു. ഹനുമാൻ ലങ്കയിലെത്തി രാക്ഷസരാജാവിനെ നേരിട്ടു കാണുന്ന രംഗം. സ്വതസ്സിദ്ധമായ അഭിനയചാതുരിയോടെ ചാക്യാർ വർണ്ണിക്കുകയാണ്. ഒടുവിൽ ഹനുമാൻ ചോദിക്കുന്ന മട്ടിൽ ചാക്യാർ ആ നാട്ടുവാഴിയുടെ മുഖത്തേക്കു നോക്കി ഒരു ചോദ്യം.

''അല്ലയോ രാവണാ! അങ്ങ് വിദ്വാനാണ്. കലാനിപുണനാണ്, ശക്തനാണ്. കാര്യമൊക്കെ ശരി. പക്ഷേ, മറ്റൊരാൾ വേട്ട പെണ്ണിനെ അയാളറിയാതെ റാഞ്ചിക്കൊണ്ടുവന്ന് സ്വന്തം അന്തഃപുരത്തിൽ ഇരുത്തിയതു് ആണത്തമായില്ല... കഷ്ടം! കഷ്ടം!!...''

സദസ്സ് ഞെട്ടി. അകമ്പടിക്കാർ വിറച്ചു. നാട്ടുവാഴിയുടെ മുഖം മഞ്ഞളിച്ചു. പക്ഷേ, ചാക്യാർ ഒട്ടും കലുങ്ങിയില്ല. സന്ദർഭത്തിന്റെ ഗൌരവം ചോർന്നുപോകാതെ അദ്ദേഹം തന്റെ പരിപാടി തുടർന്നു. നാണംകെട്ട നാട്ടുവാഴി പരിവാരങ്ങളോടെ വേഗം സ്ഥലംവിട്ടുവെന്നുമാത്രം.

സ്ത്രീലമ്പടനെന്ന പേരിൽ കപ്രസിദ്ധനായ ആ കാട്ടുരാജാവ് ആയിടയ്ക്കായിരുന്നു തന്റെ ആശ്രിതരിൽ ഒരാളുടെ പത്നിയെ അപഹരിച്ചുകൊണ്ടു പോന്നതു്. നാട്ടുവാഴിയുമായി ഏററുമുട്ടാൻ കെല്പില്ലാതിരുന്ന ആ സാധുമനുഷ്യൻ അപമാനഭീതിയാൽ ആത്മഹത്യ ചെയ്തു.

വന്ദ്യവയോധികനായ ശ്രീ: മാണിമാധവചാക്യാർ ആ സംഭവം അനുസ്മരിച്ചുകൊണ്ട് നെടുവീർപ്പിട്ടു. ഇടവപ്പാതിക്കിടയിൽ എത്തിനോക്കി ചിരിച്ച വെയിൽനാളം മാറഞ്ഞു മലർന്നുകിടന്നു. കോരിച്ചൊരിയുന്ന മഴയത്താണ് ഞാൻ ആ കലാകാരനെയുമന്വേഷിച്ചു ലക്കിടിയിലെത്തിയതു്. ദൌഹിത്രന്മാരായ വേണുവും മാധവനും എനിക്കു വഴി കാട്ടിത്തന്നു.

പ്രകൃതി ചിരിക്കുകയാണ്. ശ്രീ. ചാക്യ:രുടെ കാമ്പുള്ള ഫലിതങ്ങൾ കേട്ടു ഞങ്ങളും ചിരിച്ചു.

അദ്ദേഹം വീണ്ടും ഓർമ്മകൾ അയവിറക്കി. എല്ലാം സ്വാനുഭവത്തിന്റെ തീക്ഷ്ണതയുള്ള സംഭവപരമ്പരകൾ. മുകളിൽ സൂചിപ്പിച്ച പരിപാടിക്കു ശേഷം വീട്ടിൽ തിരിച്ചെത്തിയിട്ടും ശ്രീ: ചാക്യാരുടെ ഭീതി വിട്ടിരുന്നില്ല. സേച്ഛാധികാരത്തിന്ന് എന്തും ചെയ്യാവുന്ന കാലമല്ലേ. പക്ഷേ, ഒന്നും സംഭവിച്ചില്ല. ജീവിതത്തിന്റേയും മരണത്തിന്റേയും ഇടയിലുള്ള ആ നൂല്പാലപ്രയാണം അദ്ദേഹം വിവരിച്ചപ്പോൾ ഞാൻ ഓർത്തു.

ആയിരം രാഷ്ട്രീയപ്രവർത്തകൻ പരാജയപ്പെടുന്നേടത്തു് ഒരു കലാകാരൻ ജയിക്കുന്നു.

ക്ഷേത്രകലകളിൽവെച്ച് ഏററവും പഴക്കമുള്ള ഒന്നാണ് കൂടിയാട്ടം. സംസ്കൃതസാഹിത്യപ്രഭാവകാലത്തു് പ്രാചീനനാടകരൂപമായി ഉരുത്തിരിയുകയും മണിപ്രവാളസാഹിത്യപ്രസ്ഥാനങ്ങളോടൊപ്പം പുഷ്ടിപ്പെടുകയും ചെയ്ത കൂടിയാട്ടമാണ് കഥകളിയുടെ വളർച്ചയിൽ കാര്യമായ സംഭാവനകൾ നൽകിയതു്. കൂടിയാട്ടത്തിലെ ഒരുൾപ്പിരിവാണ് കൂത്തു്. ചാക്യാന്മാരും കൂത്തും കേരളത്തിന്റെ സാമൂഹ്യസാംസ്കാരിക ജീവിതത്തിൽ അതിപ്രധാനമായ ഒരു ഘടകമായിരുന്നു. ചാക്യാന്മാരുടെ അഭിനയപാടവം പ്രസിദ്ധമാണ്. പുരാണകഥകൾക്കിടയിലൂടെ നൂണുവന്ന്, നിലവിലുള്ള വ്യവസ്ഥിതിയുടെ ദുഷ്യവശങ്ങളെ ദൂരീകരിക്കാൻ അവർപെട്ട പാട് സുവിദിതമാണ്. വളർത്തേണ്ടതിനെ വളർത്തിയും തളർത്തേണ്ടതിനെ തളർത്തിയും കലയെ സന്ദർഭോചിതമായി സമൂഹസംസ്കരണത്തിനുള്ള ആയുധമാക്കിയതു് അവരാണ്. പ്രതിഭാസമ്പന്നന്മാരായ നിരവധി ചാക്യാന്മാരുടെ കഥകൾനമുക്കിന്ന് ഐതിഹ്യകഥകളായി അനുസ്മരിക്കാൻ കഴിയുന്നു. ആ തലമുറയിലെ ഒടുവിലത്തെ കണ്ണിയും ഇന്ന് ലോകം മുഴുവൻ അറിയപ്പെടുന്ന ഒരു വലിയ കലാകാരനുമാണ് ശ്രീ: മാണിമാധവചാക്യാർ. അഭിനയവേദിയിലെ ചക്രവർത്തി എന്നുതന്നെ അദ്ദേഹത്തെ വിശേഷിപ്പിക്കുന്നതിൽ തെററില്ല. എല്ലാ കേരളീയകലകൾക്കും കൂടിയാട്ടം പോററമ്മയാണ്. അഭിനയത്തിന്റേയും നൃത്തത്തിന്റേയും ശാസ്ത്രീയമായ അടിസ്ഥാനം നാമാദ്യം ദർശിക്കുന്നതു ചിരപുരാതനമായ കൂടിയാട്ടത്തിലാണ്. അതേകാരണത്താലാണ് കേരളീയരായ എല്ലാ കലാകാരന്മാരും ശ്രീ. ചാക്യാരെ ആചാര്യനായി കാണുന്നതു്; ആദരിക്കുന്നതു്.

കോഴിക്കോട്ടു ജില്ലയിലെ പഴയ കുറുമ്പ്രനാട്ടു താലൂക്കിൽ വിഷ്ണുഎമ്പ്രാന്തിരിയുടേയും സാവിത്രിഇല്ലോടമ്മയുടെയും മകനായി 72 വർഷങ്ങൾക്കു മുമ്പാണ് ശ്രീ: ചാക്യാർ ജനിച്ചതു്. കാവ്യനാടകാദികളുടെ നിഷ്കൃഷ്ടമായ പഠനാനന്തരം, അമ്മാമനായ ശ്രീ: നീലകണ്ഠചാക്യാരുടേയും ശ്രീ: നാരായണചാക്യാരുടേയും കീഴിൽ കലവിദ്യ അഭ്യസിച്ചു. അരങ്ങേററം നടന്നതു പതിനാലാം വയസ്സിലാണ്. പതിനെട്ടുവയസ്സുമുതൽ ഒ

ഇയ്യങ്കോട് ശ്രീധരൻ

ററ്റ്ജ്ജ പരിപാടികൾ നടത്താൻ തുടങ്ങി. ഇരുപത്തിരണ്ടാം വയസ്സിൽ തന്നെ ശ്രീ: ചാക്യാരുടെ കഴിവുകൾക്ക് അംഗീകാരം ലഭിച്ചു. പരേതനായ കൊട്ടുങ്ങല്ലൂർ തമ്പുരാൻ ആ യുവാവിന്ന് ഒരു മുദ്രമോതിരം സമ്മാനിച്ചു. ഇന്നും ആ മോതിരം ചാക്യാരുടെ വിരലിൽക്കിടന്നു തിളങ്ങുന്നു. പ്രസ്തുത സമ്മാനലബ്ധിക്കുശേഷം പ്രശസ്തിയുടെ പടവുകൾ ഓരോന്നോരോന്നായി അദ്ദേഹം കയറി ഇന്ത്യാ യൂനിയൻ പ്രസിഡണ്ട്; കാശി മഹാരാജാവ്; ബനാറസ് യൂനിവേർസിററി; കേന്ദ്രസംഗീതനാടക അക്കാദമി; വിവിധ അമേരിക്കൻ യൂനിവേർസിററികൾ എന്നിങ്ങനെ പല വ്യക്തികളും സ്ഥാപനങ്ങളും ശ്രീ: മാണിമാധവചാക്യരെ അഭിനയകലയുടെ സമ്രാട്ടായി അവരോധിച്ചു. അമേരിക്കയിൽനിന്നും മററു യൂറോപ്യൻരാജ്യങ്ങളിൽനിന്നും നരവധി കലാകാരന്മാർ ഈ കേരളീയ കലാചാര്യന്റെ കൊച്ചുഗ്രഹത്തിലേക്ക് ഇന്നും തീർത്ഥാടനം നടത്തുന്നു. കുറച്ചുകാലം കേരള കലാമണ്ഡലത്തിലെ കഥകളിവിദ്യാർത്ഥികളുടെ ഭാവാഭിനയ പരിശീലകനായും അദ്ദേഹം സേവനമനുഷ്ഠിച്ചു.

വടക്കെ മലബാറിൽ ജനിച്ചെങ്കിലും മദ്ധ്യമലയാളത്തിലണ് അദ്ദേഹത്തിന്റെ ജീവിതം തളിർത്തത്. കാലഘട്ടത്തിന്റെ സ്വരം ചെവിക്കൊള്ളാനും താൻ അവതരിപ്പിക്കുന്ന കലാരൂപത്തിൽ അതു ചലിച്ചുചേർക്കുന്ന മനസ്സിരുത്താറുള്ള ശ്രീ ചാക്യാർ തികഞ്ഞൊരു ഉല്പതിഷ്ണുവാണ്. തന്റെ അഗാധമായ സംസ്കൃതപാണ്ഡിത്യവും പുരാണപരിചയവും പുതിയ യുഗത്തിന്റെ രുചിക്കനുസരിച്ച് അദ്ദേഹം വ്യാഖ്യാനിക്കുന്നതു കേൾക്കാൻ രസമാണ്.

ഈ അടുത്തകാലത്താണ് മിച്ചിഗൺ സ്റ്റേററുയൂനിവേർസിററിലെ ഡീനായ ഡോ: ഷേർലി റിച്ച്മണ്ടും, പോളണ്ടിലെ ഡോ: എം. സി. ബ്രിസ്കിയും ശ്രീ. ചാക്യാരുടെ കീഴിൽ ഉപരിപഠനം നടത്തിയത്. കഥകളി, കൂടിയാട്ടം തുടങ്ങിയ കേരളീയ കലകളെക്കുറിച്ച് ഗവേഷണം നടത്താൻവരുന്ന ജ്ഞാനതപസ്വികളായ വിദേശീയകലാകാരന്മാർക്ക് മാർഗ്ഗദർശനം നൽകാൻ ശ്രീ. ചാക്യാരെപ്പോലുള്ള കുറച്ചു വ്യക്തികൾ മാത്രമേ നമുക്കുള്ളൂ. സർവ്വകലാശാലകൾ നിയമിച്ച ബോർഡുകളായി അധഃപതിച്ച ദുഃഖസത്യം ഇത്തരം സന്ദർഭങ്ങളിലാണ് നമ്മെ തുറിച്ചുനോക്കുന്നത്. ജീവിച്ചിരിപ്പുള്ള ഇത്തരം കലാകാരന്മാരുടെ പഠനങ്ങളും പ്രവർത്തനങ്ങളും ശാശ്വതമായി രേഖപ്പെടുത്തി സൂക്ഷിക്കാനുള്ള 'മെഷിനറി' പോലും നമുക്കില്ല. കഷ്ടം! കുറേക്കഴിഞ്ഞാൽ ഈ കൃത്യവിലോപത്തെക്കുറിച്ചോർത്ത് നാം പശ്ചാത്തപിക്കുമെന്ന കാര്യം തീർച്ചയാണ്.

പത്രലേഖകൻ

നല്ല പത്രലേഖകനാകാൻ

പരിശീലനം—തപാലിൽ
മലയാളത്തിൽ

INSTITUTE OF JOURNALISM
ALLEPPEY-1 (Kerala)

മക്കളും മക്കളുടെ മക്കളുമടങ്ങിയ വലിയ കുടുംബത്തിൽ അദ്ദേഹം വിശ്രമിക്കുന്നു. പാരമ്പര്യം പകർത്തിവെക്കാൻ ഉതകുന്നതരത്തിൽ ഫലപ്രദമായി തനിക്കൊന്നും ചെയ്യാൻ കഴിഞ്ഞില്ലെന്ന് ശ്രീ: ചാക്യാർ ഖേദപൂർവ്വം ഓർത്തു.

വാതരോഗത്തിന്റെ നേർത്ത ശല്യമൊഴിച്ചാൽ അദ്ദേഹത്തിന്റെ ആരോഗ്യം ഭദ്രമാണ്. അസുഖത്തെക്കുറിച്ചന്വേഷിച്ചപ്പോൾ അദ്ദേഹം പറഞ്ഞു:

"ഇടയ്ക്കിടയ്ക്കു വരും. ഒരു പഴയ ചങ്ങാതിയേപ്പോലെ വരും പോകും. വലിയ ശല്യം ചെയ്യാറില്ല..."

ആ ഫലിതത്തിന്റെസ്വാദ് എനിക്കിഷ്ടപ്പെട്ടു. മനസ്സിൽ നൂറുനൂറു കഥകളുടെ സുഖമുള്ള ഭാരവുംപേറി ഞാൻ യാത്ര ചോദിച്ചിറങ്ങി. ശ്രീ: മാണിമാധവചാക്യാരുടെ ഭാവാഭിനയംപോലെ ചിരിച്ച പ്രകൃതിയുടെ മുഖം പെട്ടെന്ന് കറുത്തു. ഞാൻ വലിഞ്ഞുനടന്നു.

—o—

സിസ്സ്

ഹിരണ്യൻ

ഒന്ന്

സൂര്യാ,
ചിറകു വിടർത്തുന്ന
നിന്നഗ്നി നാളങ്ങളിൽ
ഒരു ഗാനമായ് വീണു
ഞാനുറഞ്ഞലിഞ്ഞെങ്കിൽ!

മനസ്സിൻ കുഞ്ഞിച്ചെപ്പിൽ
ദിവ്യനിധിയായ്
ഞാൻ സൂക്ഷിച്ച
മഴവില്ലൊളിപ്പവും
മയിൽപ്പീലിയും
കുന്നിക്കുരുവും
പണ്ട്
ഹോമിച്ചേൻ നിനക്കായി.

ഇനി ശൂന്യതയുടെ
പരിവാഹമാളിട്ടും മുമ്പേ,
നിൻ നിറങ്ങളിൽ
നിന്നഗ്നിമുഖങ്ങളിൽ
ഒരു തുള്ളിയായ് വീണു
തുളുമ്പിത്തകർന്നെങ്കിൽ!

രണ്ട്

"ഓം ഭൂർഭുവസ്സുവഃ
തത് സവിതുർവ്വരേണ്യം
ഭർഗ്ഗോ ദേവസ്യധീമഹി
ധീയോ യോനഃ പ്രചോദയാൽ."

യുഗ ദുഃഖത്തിൻ ഹിമ-
പാളികളുരുകുമെൻ
മനമിന്നുണർത്താവൂ
ഈ മന്ത്രപ്പൊരുളിന്റെ
ചടുലാഗ്നിതൻ സ്പർശം.

എങ്കിൽ—
എന്റെ ഭാവനയ്ക്കു നീ
തന്നൊരക്ഷയപാത്ര-
മിന്നു ശൂന്യമല്ലല്ലോ!
നിത്യവു മിതിൽ പൂത്തു
കൊഴിയും പുഷ്പങ്ങളും
നിത്യത പടർത്തുന്ന
ഹരിത സ്വപ്നങ്ങളും
ഒക്കെയുമെന്റേതല്ലോ.

നിൻ ഹോമകുണ്ഡത്തിൽ
ഞാൻ ഹവിസ്സായുരുകുമ്പോൾ
നിൻ മുഖം
ആയിരം നിറങ്ങളായ്
ആയിരം ഗന്ധങ്ങളായ്
ഞാൻ നുകരുമ്പോൾ
ഈ നീലക്കുമിള തൻ
ബന്ധനം മറക്കുന്നേൻ:
സ്മൃതിയിൽ പൂകയുന്ന
മൃതിഗന്ധങ്ങൾ പോലും.

സിന്ധുകഥ

ഒരു ചുരുക്ക ചേട്ടി

ഈശ്വർചന്ദർ

വണ്ടിക്കാരനോട്ട സാമാനമെടുത്തു് അകത്തുകൊണ്ടുവയ്ക്കാൻ പറഞ്ഞു. അപ്പോഴും വെയിലിനു നല്ല ചൂടുണ്ടായിരുന്നു. പക്ഷേ, കുട്ടികളൊക്കെ അവരവരുടെ വീടുകളിൽപോയി ഉറങ്ങിക്കാണുമെന്നു് അയാൾക്കുതോന്നി. ഇന്നു ചൂടു വളരെ കൂടുതലാണെന്നു്അയാൾക്കു നേരത്തെ തോന്നിയതാണു്. തൂവാല എടുത്തു് അയാൾ നെററിയിലെ വിയർപ്പു തുടച്ചിട്ടു വണ്ടിക്കാരനു പൈസ കൊടുത്തു. എന്നിട്ടു് അകത്തേക്കു കടന്നു

അകത്തു്അയാൾ് ചില അതിഥികളെ കണ്ടു. ചിലരൊക്കെ ഉറക്കത്തിലാണു്. കുറെപേർ പരസ്പരം എന്തൊക്കെയോ കുശുകുശുക്കുന്നു. ഏതാനും കുട്ടികൾ പുറകിലത്തെവരാന്തയിൽ ഇരുന്നു കളിക്കുന്നു. അയാളെ കണ്ടപ്പോൾ അതിഥികളിൽ ചിലർ ഒന്നു പുഞ്ചിരിച്ചു. അവർ അയാളെ സ്വാഗതം ചെയ്തു. മറുപടിയായി അയാളും ഒന്നു പുഞ്ചിരിച്ചു. സാമാനങ്ങൾ വാതില്ക്കലേക്കു നീക്കിയിട്ടിട്ടു് അയാൾ മുറിയിലേക്കു പോയി. അച്ഛൻ കടലാസും പെൻസിലും എടുത്തു് എന്തോ കണക്കു് എഴുതുകയായിരുന്നു. മുമ്പോട്ടു ചെന്നു് അയാൾ അച്ഛന്റെ കാലുതൊട്ടു വന്ദിച്ചു, കണ്ണട മാററിയിട്ടു അച്ഛൻ അയാളുടെ നേരെ നോക്കി. പിന്നെ പുഞ്ചിരിച്ചുകൊണ്ടു ചോദിച്ചു "എന്താ നീ ഇന്നലെ വരാതിരുന്നതു്?"

"വരാൻ പററിയില്ല. കമ്പനിയിൽ ഒരു അത്യാവശ്യകാര്യം ചെയ്യേണ്ടിവന്നു. അതുകൊണ്ടു്..." മകൻ പിന്നെ ഒന്നും പറഞ്ഞില്ല.

അച്ഛൻ പറഞ്ഞു: "ഇന്നലെ ഞങ്ങൾ സ്റ്റേഷനിൽ ആളയച്ചിരുന്നു പക്ഷേ, നീ വന്നില്ല. ഞങ്ങൾക്കു വലിയ വിഷമമായി.. ഇന്നു വൈകുന്നതിനകം നീ എത്തിയില്ലെങ്കിൽ നിനക്കു കമ്പിയടിക്കുകയോ അഥവാ ടെലിഫോണിൽ നിന്റെ മാനേജരോട്ട ചോദിക്കുകയോ ചെയ്യാമെന്നു വിചാരിച്ചു....പക്ഷേ, പോട്ടെ...എല്ലാം ശരിതന്നെ."

"ചേടത്തി എവിടെ—എനിക്കല്പം വെള്ളം വേണം. ഒന്നു കുളിക്കണം—ഇന്നു വണ്ടിയിൽ വലിയ തിരക്കായിരുന്നു."

അച്ഛൻ മറുപടി പറയുന്നതിനു മുമ്പു തന്നെ അയാൾ ചേടത്തിയെ വിളിച്ചു. അയാളുടെ ചേടത്തി അടുക്കളയിലായിരുന്നു എന്നു തോന്നുന്നു ശബ്ദംകേട്ടു് അവർ മിണ്ടാതെ അകത്തെ മുറിയിലേക്കു വന്നു. താൻ വന്നതുകൊണ്ടു ചേടത്തിക്കു വിശേഷിച്ചു് ആശ്ചര്യമോ സന്തോഷമോഉണ്ടായില്ലെന്നു് അയാൾക്കു തോന്നി. അച്ഛൻ ഇരുന്നതുകൊണ്ടു അവർ ഒന്നും മിണ്ടിയില്ല. അയാൾ കയറിപ്പറഞ്ഞു: "ചേടത്തീ, എനിക്കു കുളിക്കാൻ വെള്ളം ബാത്തുറൂമിൽ കൊണ്ടുവയ്ക്കണം...ങ്ഹ, പിന്നെ വെള്ളം തണുത്തതായിരിക്കണം, ഇന്നു വലിയ ചൂടാണു്—" അയാളുടെ ചേടത്തി പോകൻ തുടങ്ങി. ബാക്കിഭാഗം കേൾക്കേണ്ട കാര്യമില്ലെന്നു് അവർ കരുതിക്കാണും. അഥവാ അനിയൻ എന്താ

പറയാൻ ഭാവിക്കുന്നതെന്നു് അവൾക്കു മനസ്സിലായി കാണും. ചേടത്തി പോകുന്നതുകണ്ടു അയാൾ അവരെ വീണ്ടും വിളിച്ചു. "ഒന്നു കേൾക്കു ചേടത്തീ!" അവിടെ അല്പം ഒന്നു നിന്നിട്ടു് ഒളികണ്ണുകൊണ്ടു ചേടത്തി അയാളെ നോക്കി. അയാൾ വീണ്ടും പറഞ്ഞു "ആട്ടെ ചേടത്തി, അല്പം ഒന്നു ചിരിക്കുകയെങ്കിലും ചെയ്യു....ചേടത്തീ നിങ്ങളുടെ അനുജൻ നീണ്ട ഏഴുമാസങ്ങൾക്കു ശേഷം വന്നിട്ടു നിങ്ങൾക്കു അല്പംപോലും സന്തോഷം തോന്നുന്നില്ലേ?" പറഞ്ഞുകൊണ്ടിരുന്നതിനിടയിൽ അയാൾ ചേടത്തിയുടെ കണ്ണുകളിലേക്കു നോക്കി ചേടത്തിയുടെ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞിരിക്കുകയാണെന്നയാൾക്കു തോന്നി. ഒന്നു ചിരിക്കുകയോ, പുഞ്ചിരിക്കുകയോ ചെയ്യാതെ അവർ മുറിയിൽ നിന്നും പുറത്തുപോയി

അയാൾക്കു് അതൊന്നും ഇഷ്ടമായില്ല. ചേടത്തിപോയിക്കഴിഞ്ഞയുടൻ അയാൾ അച്ഛന്റെ നേരേ നോക്കി. മകന്റെ ആ നോട്ടത്തിന്റെ അർത്ഥം അച്ഛനു മനസ്സിലായി—ചേടത്തിയുടെ കണ്ണുനീരിന്റെ കാരണമെന്താണെന്നു മകൻ ചോദിക്കാൻ പോകയാണു്. അതുകൊണ്ടു് അച്ഛൻ പറഞ്ഞു. "നോക്കു മോനേ, നീ അറിവുള്ളവനാണു്. ഇപ്പോൾ വല്ലാത്ത കാലമാണു്. വീട്ടിൽനിന്നും എന്തെങ്കിലും വിററിട്ടാണു കാര്യങ്ങൾ നടത്തുന്നതു്...എന്റെ ആഗ്രഹം മുഴുവൻ, നിന്റെ ഭാര്യയ്ക്കുവേണ്ട ആഭരണങ്ങൾ പുതിയ സ്വർണ്ണം വാങ്ങി ഉണ്ടാക്കാമെന്നായിരുന്നു...ഞാൻ അങ്ങനെതന്നെ ചെയ്യുകയും ചെയ്തു...നീ അയച്ച പണത്തിൽനിന്നും ഞങ്ങൾ കുറച്ചു സ്വർണ്ണം വാങ്ങിക്കുകയും ചെയ്തു. എന്നിട്ടും മുഴുവനായില്ല .." അച്ഛൻ പെട്ടെന്നു നിർത്തി.

മരുമകൾ നടന്നുവരുന്നതു് അദ്ദേഹം കണ്ടു വന്നയുടൻ അവർ അനിയനോട്ട ചോദിച്ചു: "മേലുതേയ്ക്കാൻ സോപ്പുവയ്ക്കണോ അതോ ചീവയ്ക്കാപ്പൊടിയോ?"

അച്ഛന്റെ സംസാരത്തിനിടയ്ക്കു ചേടത്തിയുടെ ചോദ്യം അയാൾക്കു തീരെ ഇഷ്ടപ്പെട്ടില്ല. അതുകൊണ്ടു് അയാൾ അന്യമനസ്കനായി പറഞ്ഞു: "എന്തെങ്കിലും കൊണ്ടുവയ്ക്കു—"

ചേടത്തി പോയി. അയാൾ വീണ്ടും ചോദ്യഭാവത്തിൽ അച്ഛന്റെ നേരേനോക്കി. അച്ഛൻ വീണ്ടും സംസാരിച്ചു തുടങ്ങി: "ആ സ്ഥിതിയിൽ നിന്റെ ചേടത്തിയുടെ കുറെ ആഭരണങ്ങളെടുത്തു നവവധുവിനു് ഏതാനും ആഭരണം ഉണ്ടാക്കുകയല്ലാതെ തല്ക്കാലം മററു പോംവഴിയൊന്നുമില്ലായിരുന്നു... കൂട്ടതലൊന്നും എടുത്തില്ല ഒരു മാലയും രണ്ടു വളകളും മാത്രം. ഈ ഒരു പ്രശ്നത്തിൽ വീട്ടിൽ വലിയ വഴക്കായി...ആ മണ്ടിപ്പെണ്ണു എപ്പോഴും കരച്ചിൽതന്നെയാണു്...എനിക്കാണെങ്കിൽ ഇതൊക്കെ വളരെ വിചിത്രമായി തോന്നുന്നു..."

മകൻ പറഞ്ഞു "കേട്ടോ അച്ഛാ, ഇക്കാര്യത്തിൽ ഞാൻ അങ്ങയോടു യോജിക്കുന്നില്ല. ഈ ഒരു പ്രശ്നത്തിൽ വീട്ടിൽ 'മഹാഭാരതം' നടക്കേണ്ട യാതൊരു കാര്യവുമില്ലായിരുന്നു..... ഇതൊന്നും കൂടാതെതന്നെ കാര്യം നടക്കുമായിരുന്നില്ലേ?"

അച്ഛൻ വളരെ താഴ്ന്ന സ്വരത്തിൽ പറഞ്ഞു: "വേണമെങ്കിൽ നടക്കുമായിരുന്നു. പക്ഷേ, നിന്റെ ഭാര്യവീട്ടുകാർക്കു പെണ്ണിനു കുറെ അധികം ആഭരണങ്ങൾ വേണമെന്നു ആഗ്രഹമുണ്ടായിരുന്നു...ഞാനാണെങ്കിൽ ബന്ധുക്കാരുടെ വാക്കു നിഷേധിക്കുന്നതു ശരിയല്ലെന്നു കരുതുന്ന കൂട്ടത്തിലാണു്. കാഞ്ഞപക്ഷം നമ്മുടെ കുടുംബക്കാർ ഇക്കാര്യത്തിൽ ഒരിക്കലും അഭിമാനം കളഞ്ഞുകളിച്ചിട്ടില്ല..."

അച്ഛൻ വീണ്ടും മൗനമായി ഇരുന്നു. ചേടത്തിവന്നു് അനിയനോട്ട പറഞ്ഞു: "ബാത്തറൂമിൽ വെള്ളം കൊണ്ടുവച്ചു. സോപ്പും ചീവയ്ക്കാപ്പൊടിയും വച്ചിട്ടുണ്ടു"

അയാൾ എഴുന്നേററു തന്റെ ബാഗിൽനിന്നും വസ്ത്രങ്ങളും തോർത്തും എടുത്തിട്ടു്കുളിക്കാനായിബാത്തറൂമിലേക്കു പോയി.

X X X X

അയാൾ പോയിക്കഴിഞ്ഞയുടൻ അച്ഛൻ മരുമകളോട്ട പറഞ്ഞു: "നോക്കു മകളേ, അവൻ കുളിച്ചിട്ടു വരുമ്പോഴേക്കും അവനു കഴിക്കാൻ എന്തെങ്കിലും ഉണ്ടാക്കിവയ്ക്കു ഞാൻ പിന്നെ, കുട്ടികളെ ആരെയെങ്കിലുംവിട്ടു കുറച്ചു ഐസ്ക്രീം വാങ്ങിപ്പിക്കു"...അച്ഛൻ പിന്നെയും കടലാസും പെൻസിലും എടുത്തു്എന്തോ കണക്കെഴുതിത്തുടങ്ങി.

കുളികഴിഞ്ഞുവന്നു് അയാൾ വസ്ത്രം മാറി. അച്ഛൻ കണ്ണടയെടുത്തുകൊണ്ടു പറഞ്ഞു: "ദാ,ഇതുനോക്കു ഇന്നലെവരെ കൊണ്ടു് ഞാൻഏതാണ്ടു് 1500 രൂപാ കടം വാങ്ങിക്കഴിഞ്ഞു. ചൗധരിക്കു കുറച്ചു രൂപാ വേറെ ബാക്കി കിടക്കുന്നു. നി

നക്കറിയാമല്ലോ, നിന്റെ സഹോദരിയുടെ വിവാഹത്തിനു വളരെയധികം കടം വാങ്ങേണ്ടിവന്നു ഇതുവരെ അതുതന്നെ കൊടുത്തുതീർക്കാൻ കഴിഞ്ഞിട്ടില്ല. ഇനിയും നിന്റെ വിവാഹത്തിനു കടം വാങ്ങേണ്ടിവരുന്നു. എല്ലാംകൂടെ "

അച്ഛന്റെ വാക്കു മുഴുമിപ്പിക്കാതെ അയാൾ ഇടയ്ക്കുകയറി പറഞ്ഞു: "പിന്നെ എന്റെ കല്യാണത്തിനു് ഇത്ര ധൃതി എന്തായിരുന്നു? ഒരു കടത്തിൽനിന്നും മോചനം നേടിയിട്ടു പിന്നെ ആലോചിക്കാമായിരുന്നു..."

അച്ഛൻ പറഞ്ഞു: "ഹാ... സത്യം പറഞ്ഞാൽ മോനേ, എന്റെയും നിശ്ചയം അതുതന്നെയായിരുന്നു. പക്ഷേ, പെൺവീട്ടുകാർ കിടന്നു ധൃതികൂട്ടി...വേണമെങ്കിൽഎനിക്കു്അവരെയും താമസിപ്പിക്കാമായിരുന്നു...പക്ഷേ, നിനക്കറിയാമല്ലോ മകനേ, ഞാനിന്നുവരെ എന്റെ ബന്ധുക്കളെ ആരേയും പിണക്കിയിട്ടില്ല അതു് എന്റെ അഭിമാനത്തിനു ചേർന്നതല്ല ...പിന്നെ നീയും ഇപ്പോൾ കുട്ടിയൊന്നുമല്ലല്ലോ. ഇന്നല്ലെങ്കിൽ നാളെ നിന്റെ വിവാഹം നടത്തേണ്ടിവരും."

മറുപടി ഒന്നും പറയാതെ മകൻ മുമ്പിലുള്ള ക്ലോക്കിലേക്കു നോക്കിക്കൊണ്ടുനിന്നു. അച്ഛൻ വീണ്ടും സംഭാഷണം ആരംഭിച്ചു: "സാരമില്ല ഈ കടവും സാരമില്ല, മടക്കിക്കൊടുക്കാം. മോനേ, വലിയവർ പറയുമായിരുന്നു പുരുഷന്മാരുടെ കടങ്ങൾ ശ്മശാനത്തിലാണു വീട്ടാറുള്ളതു എന്നു്. ഈ കൊടുക്കൽവാങ്ങൽ കാരണം നമ്മുടെ വീട്ടിൽത്തന്നെ കലഹമുണ്ടാകുക—എനിക്കിഷ്ടമല്ല.....പണത്തിന്റെകാര്യം അങ്ങു തീരും, വർത്തമാനവും അങ്ങു പറഞ്ഞുതീരും. നമ്മുടെ എല്ലാ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും ഈ വീട്ടിലെ ഐക്യത്തെപ്പററി മതിപ്പാണുള്ളതു്.. അല്ല നീ പറയൂ വിവാഹംപോലുള്ള ഈ അവസരത്തിൽ നമ്മുടെ വീട്ടിൽ രുമകൾ പ്രത്യേകം ആഹാരംവച്ചുതുടങ്ങിയെന്നു് അവരാരെങ്കിലും കേട്ടാൽ അവർക്കു് എന്തു തോന്നും .. മകനേ, ഇങ്ങനെയുള്ള അവസരങ്ങളിൽ പിണക്കമുള്ളവർ ഒന്നുചേരുകയാണു പതിവു്. അല്ലാതെ ഇതുപോലെ പെണ്ണുങ്ങൾ വീട്ടിനു ദുഷ്പേരു വരുത്താൻ പ്രത്യേകം അരിവച്ചു കഴിക്കാറില്ല..."

ഇതുകേട്ടു് ആശ്ചര്യത്തോടെ അയാൾ ചോദിച്ചു: "ശരി, അപ്പോൾ ചേടത്തി പ്രത്യേകം ആഹാരം വച്ചുകഴിക്കത്തക്കവണ്ണം കലഹം വർദ്ധിച്ചോ."

"അതെ." അല്പനേരം മൗനമായി ഇരുന്നശേഷം അച്ഛൻ വീണ്ടും പറഞ്ഞു; പക്ഷേ, നീ അവളെ ഒന്നും പറയരുതു മോനേ. എല്ലാം ശരിയാകും. ഒന്നുരണ്ടു ദിവസം കൂടി മതിയല്ലോ...പിന്നെ എല്ലാം നേരെയാകും."

പെട്ടെന്നു നാലഞ്ചുകുട്ടികൾ അകത്തേക്കു വന്നു്, അയാളെ കെട്ടിപ്പിടിച്ചു എല്ലാവരും അവരവരുടെ ആവശ്യങ്ങൾ അയാളുടെ മുമ്പിൽ അവതരിപ്പിച്ചു ഗൗരവമുള്ള സംഭാഷണത്തിനിടയ്ക്കു കുട്ടികൾ കയറിവന്നതു് അയാൾക്കു് ഇഷ്ടപ്പെട്ടില്ല. എങ്കിലും കുട്ടികളെ സന്തോഷിപ്പിക്കാനായി അയാൾ കുറേനേരം അവരോടു സമാധാനം പറഞ്ഞുകൊണ്ടിരുന്നു.

കുറച്ചുനേരം കഴിഞ്ഞു് അച്ഛൻ ചോദിച്ചു: "നീ അമ്മയെ കണ്ടോ?"

"ഉം...ബാത്ത്റൂമിലേക്കു പോയപ്പോൾ കണ്ടു...വളരെ ക്ഷീണിച്ചിരിക്കുന്നു."

"അതേ, കണ്ടില്ലേ, എത്രക്ഷീണിച്ചിരിക്കുന്നു. ചാവത്തിനു് ഏതോ മാറാരോഗം പിടിപെട്ടിരിക്കുകയാണു് ഒന്നു് അനങ്ങാൻപോലും പററില്ല. ശരീരത്തിനു വലിയ വേദനയാണു്."

മകനു വല്ലാത്ത ഉഷ്ണം തോന്നി എഴുന്നേററു ഫാനിന്റെ സ്വിച്ചിട്ടശേഷം അയാൾ ചോദിച്ചു: "ഡോക്ടറമാർ എന്തു പറയുന്നു?"

"പാവം ഡോക്ടർ സ്വയം കുഴപ്പത്തിലാണു് ഇടയ്ക്കു് ഒരു പ്രാവശ്യം സർക്കാരാശുപത്രിയിൽ കൊണ്ടുപോകേണ്ടിവന്നു. കുറച്ചു ദിവസത്തേക്കു സുഖം കിട്ടുകയും ചെയ്തു. പക്ഷേ വീട്ടിൽ വന്നപ്പോൾ വീണ്ടും പഴയ സ്ഥിതിതന്നെ .. ഞങ്ങൾക്കു ഒക്കെ വലിയ പ്രയാസമാണു മകനെ "

"എന്നാൽ പിന്നെ അമ്മയെ എന്റെ അടുക്കലേക്കു് അയയ്ക്കാമായിരുന്നല്ലോ? ...ഞാൻ ഒന്നുരണ്ടു പ്രാവശ്യം അച്ഛനു് ഈ വിവരം എഴുതുകയും ചെയ്തല്ലോ...



സമർത്ഥന്മാരായ ഡോക്ടർമാർ ഇവിടെയും കാണുമായിരിക്കും ..പക്ഷേ, അവിടെ വലിയ പട്ടണത്തിൽ ചികിത്സയ്ക്കുള്ള എല്ലാ സൗകര്യങ്ങളും എളുപ്പം ലഭിക്കും..." "അതെ! അവളെ നിന്റെ അടുത്തു അയയ്ക്കാത്തതു എന്താണു് നിന്റെ അമ്മയ്ക്കാണെങ്കിൽ നിന്നോടു വളരെ സ്നേഹക്കൂടുതലുണ്ടുതാനും ഇളയ മക്കളോടു് അച്ഛനമ്മമാർക്കു സ്നേഹം കൂടുക സ്വാഭാവികം മാത്രമാണു്. എങ്കിലും പിന്നെ എനിക്കു തോന്നി, അവിടെവച്ചു് അവളുടെ സ്ഥിതി മോശമായാൽ ആരു നോക്കും? ങ്ങ്ഹാ, ഇനിയും നിന്റെ വിവാഹം കഴിഞ്ഞാൽ നിനക്കു വേണമെങ്കിൽ അവളെ കൂടെ കൊണ്ടുപോകാം. ഭൂതം ഷിക്കൻ അടുത്തു മരുമകളുണ്ടായിരിക്കുമല്ലോ. ഇപ്പോൾ തോന്നുന്നു, കാലാവസ്ഥമാറി താമസിച്ചാൽ അവളുടെ ആരോഗ്യം ഒന്നു മെച്ചപ്പെടുമെന്നു്."

മകൻ വെറുതെ കേട്ടുകൊണ്ടുനിന്നു. കുറെ നേരത്തേക്കു രണ്ടുപേരും ഒന്നും മിണ്ടിയില്ല പിന്നീടു് അച്ഛൻ പറഞ്ഞു: "അവൾ ഐസു വാങ്ങിപ്പിച്ചോ ഇല്ലയോ എന്നു നീ ഒന്നു പോയി നോക്കൂ."

അയാൾ എഴുന്നേററു പുറത്തേക്കു പോയി അച്ഛൻ വീണ്ടും കടലാസും പെൻസിലും എടുത്തു കണക്കുകൂട്ടിത്തുടങ്ങി.

അല്പനേരം കഴിഞ്ഞു് അയാൾ അകത്തു വന്നു അച്ഛനോടു പറഞ്ഞു: "ഐസു വാങ്ങി. വെള്ളം തണുത്തുതുടങ്ങി."

ഒരു ബുക്കിലെ കടലാസുകൾ മറിച്ചു കാണിച്ചുകൊണ്ടു് അച്ഛൻ പറഞ്ഞു: "ഇതു നോക്കൂ, നിന്റെ അമ്മയ്ക്കു കഴിഞ്ഞ മൂന്നുമാസം തുടർച്ചയായി ചികിത്സ ചെയ്തതിനു് ഏതാണ്ടു 400 രൂപാ ചിലവായി. സത്യം പറഞ്ഞാൽ കഴിഞ്ഞ രണ്ടു മൂന്നു മാസം നീ അയച്ചതിൽ ഒന്നും ബാക്കിയില്ല.. ദിവസം ചെല്ലുന്തോറും വീട്ടിലെ ചിലവു കൂടിവരികയാണു്." പെട്ടെന്നു തന്റെ ഇളയ അനന്തരവൻ, ഓടി അയാളുടെ അടുത്തെത്തിയിട്ടു് അയാളോ

ട്ടു പറഞ്ഞു: "ചിററപ്പാ അമ്മ കരയുന്നു."

അച്ഛനും മകനും വേഗം മുറിയിലേക്കു ഓടിച്ചെന്നു. വൃദ്ധ കിടന്നു കരയുന്നതു അവർ കണ്ടു.

അച്ഛൻ മുമ്പോട്ടു ചെന്നു അവരുടെ ദേഹത്തു കൈവച്ചുകൊണ്ടു ചോദിച്ചു "എന്താ, എന്തുപററി. വേദന കൂടുതലുണ്ടോ?"

അപ്പോഴേക്കും ചിററമ്മയും അകത്തെത്തി. അച്ഛൻ മകനോടു നിർദ്ദേശിച്ചു: "മോനേ വേഗം പോയി ഒരു ഗ്ലാസു വെള്ളം കൊണ്ടുവരൂ."

മകൻ വെള്ളം കൊണ്ടുവന്നു. അച്ഛൻ വെള്ളമെടുത്തു ഭാര്യയുടെ നേരെ നീട്ടി. "ഇതാ ഈ വെള്ളം കുടിക്കൂ."

പക്ഷേ, വൃദ്ധയുടെ കരച്ചിൽ അവസാനിച്ചില്ലായിരുന്നു. പിന്നെ മകൻ മുമ്പോട്ടു ചെന്നു, അമ്മയുടെ പുറം തലോടിക്കൊണ്ടു പറഞ്ഞു: "എന്താ അമ്മേ, വലിയ വേദന തോന്നുന്നുണ്ടോ? എല്ലാം നേരെയാകും, എന്താ വിഷമമെന്നു പറയൂ."

കരച്ചിൽ അല്പം ഒന്നു നിർത്തിയിട്ടു് അമ്മ പറഞ്ഞു "മോനേ, ഒരു പ്രയാസമുള്ളതു നിന്നോടു പറയാം...എന്നെ ഇനി ഭഗവാൻ ഈ ലോകത്തുനിന്നു വിളിച്ചിരുന്നെങ്കിൽ മതിയായിരുന്നു... ഇനിയും കൂടുതൽ ജീവിച്ചിരുന്നിട്ടു് എന്താ പ്രയോജനം" മററന്നാൾ നിന്റെ വിവാഹം നടക്കണം. മരുമകളെ ശരിക്കു ഒന്നു കാണണം. പിന്നെ ഭഗവാൻ എന്നെ ഈ ലോകത്തു നിന്നു് അങ്ങു വിളിച്ചാൽ മതി...."

അമ്മയെ സാന്ത്വനപ്പെടുത്തിക്കൊണ്ടു മകൻ പറഞ്ഞു: "ഭഗവാനെന്തിനാ വിളിക്കുന്നതു്, ഇനിയും ഞങ്ങളുടെ അമ്മ അനേകവർഷം ജീവിച്ചിരിക്കും."

അയാളെ ഇടയ്ക്കു തടഞ്ഞുകൊണ്ടു് അമ്മ പറഞ്ഞു: "വേണ്ട മോനേ, വേണ്ട. അങ്ങനെയൊരു അനുഗ്രഹം തരണ്ടാ. ഇപ്പോൾ ഈ വീടു നരകമാണു്...മുത്തമരുമകളുടെ കാര്യം തന്നെ എടുക്കൂ...ഇന്നലെ രാത്രിതൊട്ടു് അവൾ ഒന്നും കഴിച്ചിട്ടേ ഇല്ല...ചോദിച്ചാലുടൻ കരയാൻ തുടങ്ങും..." ഇത്രയും പറഞ്ഞിട്ടു വൃദ്ധ കരഞ്ഞുതുടങ്ങി. കരച്ചിൽ കേട്ടു കുറെ അതിഥികളും മുറിക്കുള്ളിലേക്കു വന്നു

അയാൾ ചിററമ്മയുടെ നേരെ നോക്കി ചോദിച്ചു: "എന്താ ചിററേ, നിങ്ങൾക്കു എല്ലാ വിവരവും അറിയാമായിരിക്കുമല്ലൊ?"

ചിററയ്ക്കു വേണമെങ്കിൽ പറയാമായിരുന്നു. പക്ഷേ, അതിഥികൾ അകത്തു വന്നതുകൊണ്ടു് അവർ ഇത്രമാത്രമെ പറഞ്ഞുള്ളൂ— "പോട്ടെ....ഇമ്മാതിരി കൊച്ചുകൊച്ചു കാര്യങ്ങൾ എല്ലാ വീട്ടിലും പതിവാണു്...നീ പോയി നിന്റെ ചേടത്തിയോടു വർത്തമാനം പറഞ്ഞിട്ടു വരൂ."

അതിഥികൾക്കും തോന്നി, തങ്ങളുടെ സാന്നിദ്ധ്യം വീട്ടുകാർക്കു ഒരുപക്ഷേ അത്ര രസിക്കുന്നില്ല എന്നു്. അതുകൊണ്ടു് ഓരോരുത്തരായി അവരെല്ലാം പുറത്തു പോയി.

അയാൾ എഴുന്നേററു നേരെ ചേടത്തിയുടെ മുറിയിലേക്കു പോയി. അവർ തയ്യൽമെഷീന്റെ അടുത്തിരുന്നു കുട്ടികൾക്കുള്ള തുണി വെട്ടുകയായിരുന്നു ചേടത്തിയുടെ അടുത്തുചെന്നു്അയാൾ ചോദിച്ചു: "ചേടത്തി, ഇന്നലെ രാത്രി നിങ്ങളൊന്നും കഴിച്ചില്ല എന്നതു നേരാണോ?"

മറുപടി ഒന്നും പറയാതെ ചേടത്തി തലയുയർത്തി അയാളെ നോക്കി. ചേടത്തിയുടെ കണ്ണുകൾ ചുവന്നിരിക്കുന്നതു് അയാൾ കണ്ടു: അതുകൊണ്ടു് അയാൾ ഒന്നുകൂടി ചോദിച്ചു: "ചേടത്തി, നിങ്ങൾ ഒരു പാടു കരഞ്ഞോ ?"

തുടരുന്ന സ്വരത്തിൽ ചേടത്തി പറഞ്ഞു: "ഇല്ല, വെറുതെ..."

ചേടത്തിയുടെ വാക്കു് ഇടയ്ക്കുവച്ചു തടഞ്ഞുകൊണ്ടു് അയാൾ പറഞ്ഞു: "അല്ല ചേടത്തി നിങ്ങൾ നിഷേധിച്ചാലും ശരി, നിങ്ങൾ കരഞ്ഞെന്നു നിങ്ങളുടെ കണ്ണുകൾ പറയുന്നുണ്ടു്..." പിന്നെ അല്പം ഒന്നു നിർത്തിയിട്ടു് അയാൾ തുടർന്നു: "ചേടത്തി, നിങ്ങൾതന്നെ ആലോചിക്കൂ ഇതെന്തൊരു വിവാഹമാണു്? പറയുന്നതു വിവാഹം ആനന്ദമാണെന്നാണു്. പക്ഷേ, ഇതെന്തൊരു ആനന്ദമാണു്. വിവാഹത്തോടു് എന്റെ മനസ്സിൽ വെറുപ്പാണു് ഉദിക്കുന്നതു്... ചേടത്തി, എന്റെ വിവാഹം കാരണമാണു് ഈ കരച്ചിലും പിഴിച്ചിലും ഒക്കെ എങ്കിൽ ഞാൻ വിവാഹം ചെയ്യുന്നില്ല."

ഇതുകേട്ടു ചേടത്തി നനഞ്ഞ കണ്ണുകൾ കൊണ്ടു് അനിയനെ ഒന്നു നോക്കുകമാത്രം ചെയ്തു. കുറച്ചുനേരംകൂടി അവിടെ ഇരുന്നിട്ടും ചേടത്തി ഒന്നും സംസാരിക്കാതിരുന്നതുകൊണ്ടു് അയാൾ അവിടെനിന്നും എഴുന്നേററു് അടുക്കളയിലോട്ടു ചെന്നു ചിററമ്മയോടു പറഞ്ഞു: "ചിററേ, നിങ്ങൾ ചേടത്തിക്കുള്ള ആഹാരം വിളമ്പിത്തരൂ—ഞാൻതന്നെ കൊണ്ടുകൊടുക്കാൻ പോകുകയാണു്."

ആഹാരവുംകൊണ്ടു് അയാൾ വീണ്ടും ചേടത്തിയുടെ മുറിയിലേക്കു ചെന്നു. അപ്പോൾ അവർ യഥാർത്ഥത്തിൽ കരയുകതന്നെയായിരുന്നു അയാൾ ആഹാരം ചേടത്തിയുടെ മുമ്പിൽവച്ചിട്ടു കരുണസ്വരത്തിൽ പറഞ്ഞു: "ചേടത്തി, വീട്ടിൽ സംഭവിക്കുന്നതൊന്നും ആരും എന്നോടു നേരെചൊവ്വെ പറയുന്നില്ല... പോട്ടെ, കഴിഞ്ഞുപോയ കാര്യങ്ങൾ ആവർത്തിക്കുന്നതു് എനിക്കു് ഇഷ്ടമല്ല അതുകൊണ്ടു് അതിനുവേണ്ടി ഞാൻ ആരേയും നിർബന്ധിക്കുന്നില്ല ഞാൻ എന്റെ കൈകൊണ്ടു് ആഹാരം കൊണ്ടുവന്നിരിക്കുകയാണു്. നിങ്ങളുടെ മനസ്സിൽ ഈ അനിയനോടു് അല്പമെങ്കിലും മമതയും സ്നേഹവും ഉണ്ടെങ്കിൽ എന്നെ തിരിച്ചയയ്ക്കരുതു്." ചേടത്തി മിണ്ടാതെ ആഹാരം കഴിച്ചു.

x x x

രാത്രി അയാളുടെ ചേട്ടൻ കടയിൽനിന്നും ക്ഷീണിച്ചുതളർന്നു് എത്തി ചേട്ടന്റെ രണ്ടുകൈയിലും രണ്ടു സഞ്ചികൾ ഉണ്ടായിരുന്നു. അവയിൽ വിവാഹത്തിനുള്ള സാമാനങ്ങളുംമററും ആയിരിക്കും. അയാൾ കട്ടിലിൽനിന്നും എഴുന്നേററു ചേട്ടന്റെ കാൽതൊട്ടു വന്ദിച്ചു. അനുജനെ ആശീർവദിച്ചിട്ടു ചേട്ടൻ തന്റെ മുറിയിലേക്കു പോയി. അയാൾക്കു് അതു വളരെ ആശ്ചര്യമായി തോന്നി. എല്ലായ്പ്പോഴും ചേട്ടൻ തന്നെ അശ്ലേഷിക്കാറുണ്ടെന്നു കാര്യം അയാളോർത്തു പക്ഷേ, ഇന്നു വെറും സാമാന്യമര്യാദ അനുസരിച്ചുള്ള ആശീർവാദം കൊടുത്തിട്ടു് അദ്ദേഹം നേരെ സ്വന്തം മുറിയിലേക്കുപോയി അയാൾ അച്ഛന്റെ നേരെ നോക്കി. അച്ഛനു് അയാൾ നോക്കിയതിന്റെ അർത്ഥം മനസ്സിലായി. അദ്ദേഹം മകനോടു പറഞ്ഞു: "അകത്തുപോയി അവനെ കാണൂ; വിശേഷമൊക്കെ ചോദിക്കൂ."

ഇഷ്ടമില്ലാഞ്ഞിട്ടും അയാൾ അങ്ങനെ ചെയ്തു. അനിയൻ അകത്തുവരുന്നതുകണ്ടപ്പോൾ ചേട്ടൻ വെറും ഒരു വളിച്ചചിരി ചിരിച്ചിട്ടു പറഞ്ഞു: "ഇരിക്കൂ. ഞാൻ കാലും മുഖവും കഴുകിയിട്ടു ഉടൻ വരാം."

കാലും മുഖവും കഴുകിയിട്ടു തോർത്തുകൊണ്ടു ശരീരം തുടച്ചുകൊണ്ടു ചേട്ടൻ ചോദിച്ചു: "ഏതു വണ്ടിയിലാ നീ വന്നേ?"

"ഒരുമണിക്കുള്ള വണ്ടിയിൽ" അൽപം ഒന്നു നിർത്തിയിട്ടു് അയാൾ പറഞ്ഞു: "വണ്ടി ഇന്നു് അല്പം ലേററായി വഴിയിൽ വച്ചു് ഏതോ കമ്പാർട്ടുമെൻറിൽ കുറെ യാത്രക്കാർ തമ്മിൽ വഴക്കുണ്ടായി അവർ ചങ്ങലവലിച്ചു വെറുതെ വണ്ടി താമസിപ്പിച്ചു."

ചേട്ടനു് ആ അന്തരീക്ഷവുമായി യോജിച്ചുചേരാൻ കഴിഞ്ഞില്ല. അതുകൊണ്ടു് അദ്ദേഹം ഒന്നും പറഞ്ഞില്ല അനിയനോടു്ഇത്രമാത്രം ചോദിച്ചു: "ആഹാരം കഴിക്കാം."

"വേണ്ട, ഞാൻ കഴിച്ചു." ഒന്നുനിർത്തിയിട്ടു അയാൾ വീണ്ടും പറഞ്ഞു: "രണ്ടുപേരും ഒന്നിച്ചിരുന്നു് ഉണ്ണണമെന്നതന്നെയാണു ഞാനാഗ്രഹിച്ചതു്. പക്ഷേ, ഇടയ്ക്കു് അമ്മാവൻ വന്നു. അദ്ദേഹത്തിന്റെ അവസാനബസ്സു് ഒമ്പതുമണിക്കു പോകും. അതുകൊണ്ടു് അദ്ദേഹത്തിന്റെകൂടെ ആഹാരം കഴിച്ചു..."

"ശരിശരി. പോട്ടെ സാരമില്ല" ചേട്ടൻ അന്യമനസ്കനായി അത്രയും പറഞ്ഞിട്ടു് ഒന്നു മൂരിനിവർത്തു.

ചേട്ടന്റെ സംസാരത്തിൽ പഴയപോലുള്ള സ്നേഹം കാണുന്നില്ല എന്നു് അയാൾക്കു തോന്നി. അതുകൊണ്ടു് അയാൾ പറഞ്ഞു: "ശരി, ചേട്ടൻ ആഹാരം കഴിക്കൂ അതുവരെ ഞാൻ വെളിയിൽ അമ്മാന്റെകൂടെ ഇരിക്കാം അങ്ങു് ആഹാരം കഴിച്ചിട്ടുവരൂ. പിന്നെ അവിടെവച്ചു സംസാരിക്കാം."

ചേട്ടൻ പറഞ്ഞു. "വേണ്ട ഇന്നു വേണ്ട. ഞാൻ ആഹാരം കഴിച്ചിട്ടു് ഉറങ്ങാൻ പോകയാണു്. വളരെ ക്ഷീണം ഉണ്ടു് എട്ടുമണിക്കാണു കടയടച്ചതു്. പിന്നെ നിന്റെ വിവാഹത്തിനുവേണ്ട സാമാനം വാങ്ങേണ്ടിയിരുന്നു. അതും വാങ്ങിക്കൊണ്ടു വരികയാണു്. ഇന്നു കു

റെയധികം നടന്നു. അതുകൊണ്ട് ഞാൻ ഉടൻ വിശ്രമിക്കാൻ പോകയാണ്. നാളെ രാവിലെ സംസാരിക്കാം."

"ശരി, അങ്ങനെയാവട്ടെ." എന്നു പറഞ്ഞിട്ട് അയാൾ ചേട്ടന്റെ മുറിയിൽനിന്നു പുറത്തുവന്നു. അയാൾക്ക് ആശ്ചര്യംതോന്നി — അനിയൻ ഏകദേശം ഏഴെട്ടുമാസങ്ങൾക്കു ശേഷം ചേട്ടനെ കാണാൻ വന്നതാണ്. ചേട്ടനു് അനിയനെക്കാൾ വിശ്രമത്തോടാണു സ്നേഹം.

x x x

അയാൾ വെളിയിൽ വന്നപ്പോൾ അച്ഛൻ ചോദിച്ചു: "അവനെ കണ്ടോ? എന്തൊക്കെ സംസാരിച്ചു?'

"വിശേഷിച്ച് ഒന്നും ഇല്ല. സാധാരണമട്ടിൽ... ചേട്ടൻ ക്ഷീണിച്ചിരിക്കുകയാണ്, അതുകൊണ്ടു നാളെ രാവിലെ ആവാം സംസാരം എന്നു് അദ്ദേഹം പറഞ്ഞു."

"ഹും" അച്ഛൻ കുറേനേരം ഒന്നും പറഞ്ഞില്ല. പിന്നെ അയാളോടു പറഞ്ഞു: "ഒരുകാര്യം പറയട്ടെ മോനേ. നിന്റെ ചേട്ടൻ ലോകകാര്യങ്ങൾകൊണ്ടു ക്ഷീണിച്ചിരിക്കുന്നു.. ഞാനാണെങ്കിൽ ജീവിച്ചിരുന്നിരുന്നു ക്ഷീണിച്ചിരിക്കുന്നു, കഴിഞ്ഞ കുറെ നാളുകളായി ഞാൻ സ്വയം ഒരു രോഗിയായി കരുതിവരുന്നു. രോഗം കാരണം ഉറങ്ങിയുറങ്ങി തളർന്നിട്ടു പിന്നെ വാതിലുകളിലും ജനലുകളിലുംകൂടി എപ്പോഴാ മരണം വരിക എന്നും, ഈ ജീവിച്ചിരിക്കുന്ന മുഷിച്ചിലിൽനിന്നും തനിക്കാശ്വാസം തരുന്നതെന്നും പ്രതീക്ഷിച്ചു കഴിയുന്ന രോഗി യപ്പോലെ" അച്ഛൻ പിന്നെ കരച്ചിൽ തുടങ്ങി. മകനിതൊന്നും ഇഷ്ടമായില്ല "വീട്ടിൽ വളരെയധികം അതിഥികൾ വന്നിട്ടുണ്ട്. അവർ എന്തു വിചാരിക്കും?"

അച്ഛനേയും കൂട്ടി അയാൾ പുറത്തുവന്നു. കുറേനേരം രണ്ടുപേരും മിണ്ടാതെ നടന്നു. സ്വയം നിയന്ത്രിച്ചിട്ടു പിന്നെ അച്ഛൻ പറഞ്ഞു; "നോക്കൂ മകനെ അനിയന്റെ വിവാഹാഘോഷയാത്രയിൽ ചേട്ടൻ പങ്കെടുക്കാതിരിക്കുക എത്ര മോശമായിരിക്കും. നിന്റെ ചേട്ടൻ പറയുന്നു വെളിയിൽ മററുള്ളവരെ കാണിക്കാനായി

"കൂട്ടുകാരി"

സ്നേഹത്തിന്റെ ബലിക്കല്ലിൽ ഒരു ജീവിതം കരുതികൊടുത്ത നിഷ്കളങ്കയായ ഒരു പെൺകിടാവിന്റെ ഈ കഥ സുപ്രസിദ്ധ നോവലിസ്റ്റായ

മല്ലികജോസ് 'മിനിരമ'യുടെ ഒക്ടോബർ ലക്കം മുതൽ പറഞ്ഞു തുടങ്ങുന്നു. കരയുവാൻ ശക്തിയില്ലാത്തവർ ഈ നീണ്ടകഥ വായിച്ചുതുടങ്ങരുതു്!

പത്രാധിപർ: ഡാനിയേൽ തിമോത്തി.
ഉപദേഷ്ടാവ്: വേളൂർ കൃഷ്ണൻകുട്ടി.

നിങ്ങളുടെ കോപ്പികൾ നേരത്തേ തന്നെ റിസർവ്വുചെയ്യുക.

ഒററപ്രതി: **20** പൈസ
വാർഷികവരിസംഖ്യ: **2-50**ക.

ഏജൻസിയില്ലാത്തിടത്തു് ഏജൻറന്മാരെ ആവശ്യമുണ്ട്.

മാനേജർ,
മിനിരമ
കൊച്ചിൻ-2.

എല്ലാം ചെയ്യുമെങ്കിലും അകമേ അവനു് ഈ വിവാഹാഘോഷങ്ങളിൽ ചേരാൻ സാദ്ധ്യമല്ലത്രെ." ഇത്രയും പറഞ്ഞിട്ടു് അച്ഛൻ ഒരു ദീർഘനിശ്വാസം വിട്ടു. അദ്ദേഹം വീണ്ടും തുടർന്നു: 'മകനെ, ചെറുപ്പത്തിൽ എത്ര വിഷമംപിടിച്ച പരിതഃസ്ഥിതികളും ദുഃഖംനിറഞ്ഞദിവസങ്ങളും ഞാൻ അഭിമുഖീകരിച്ചിട്ടുണ്ട്...അന്നൊന്നും ഞാൻ കരഞ്ഞിട്ടില്ല. പക്ഷേ, ഇന്നു ഒരുകാര്യം ഓർത്തു് എനിക്കു കരച്ചിൽ വരുന്നു ഇന്നാളൊരുദിവസം മരുമകളുടെ പ്രേരണയ്ക്കു വശംവദനായി അവൻ എന്നോടു പറഞ്ഞു, എന്നെ അച്ഛനെന്നു വിളിക്കുന്നതു് അച്ഛനെന്ന വാക്കിനെ അപമാനിക്കയാണെന്നു്. ഇത്ര സ്വാർത്ഥനായ അച്ഛനെ അവനൊരിക്കലും കണ്ടിട്ടില്ലത്രെ. നീ തന്നെ പറയു മകനേ, ഞാനങ്ങനെ വല്ലതും പ്രവർത്തിച്ചിട്ടുണ്ടോ? അച്ഛന്റെ തൊണ്ട ഇടറുണ്ടെന്നു മകനു തോന്നി. അതുകൊണ്ടു് അക്കാര്യം അവസാനിപ്പിക്കാനായി അയാൾ പറഞ്ഞു: "പോട്ടെ അച്ഛ, ഇതൊക്കെ മറന്നുകളയൂ."

"അല്ല മകനേ, വരാൻപോകുന്ന മരുമകൾക്കുവേണ്ടി അവന്റെ കൈയിൽനിന്നും അല്പം സ്വർണ്ണം വാങ്ങിയെങ്കിൽ അതിൽ എന്റെ സ്വന്തം സ്വാർത്ഥം ഒന്നും ഇല്ല. ഞാനാ സ്വർണ്ണംകൊണ്ടു് ആഭരണം ഇടാൻ പോകുന്നില്ല. അഥവാ നിന്റെ വൃദ്ധയും രോഗിണിയുമായ അമ്മയ്ക്കു ഈ പ്രായത്തിൽ സ്വർണ്ണമാല ഇടാൻ കൊതിയില്ല...ഞാൻ ഇതു നമ്മുടെ കുടുംബത്തിന്റെ അന്തസ്സു രക്ഷിക്കാനായി മാത്രം ചെയ്തതാണ്. വീട്ടിലെ സാധനം വീട്ടിൽതന്നെ ഇരിക്കും. മററുള്ളവരുടെ ദൃഷ്ടിയിൽ വീടിന്റെ അന്തസ്സു വർദ്ധിക്കുകയും ചെയ്യും."

മകൻ വീണ്ടും അക്കാര്യം അവസാനിപ്പിക്കാനായി പറഞ്ഞു: "പോട്ടെ അച്ഛാ ഇതൊക്കെ കളയുന്നു്. ഇനിയും അങ്ങു പോയി വിശ്രമിക്കൂ. വെറുതെ ഇമ്മാതിരി കാര്യങ്ങൾ ആലോചിച്ചു് മനസ്സു ദുഃഖിപ്പിക്കാതിരിക്കൂ."

അച്ഛൻ വീണ്ടും ഉദാസീനനായി പറഞ്ഞു: "മോനെ, നീ എന്നോടു് ഇങ്ങനെ ചെയ്യരുതു്. ഭാര്യ പറയുന്നതു കേട്ടു നമ്മുടെ വർഷങ്ങളായുള്ള സ്നേഹം ഇല്ലാതാക്കരുതു്." ഒന്നു നിർത്തിയിട്ടു വികാരവിവശനായി അദ്ദേഹം വീണ്ടും പറഞ്ഞു: "നമ്മുടെ സ്വന്തം ഭാര്യമാരെ അതയായി സ്നേഹിക്കൂ. അതിനു ഞാനൊരിക്കലും ദേഷ്യപ്പെടുകയില്ല...എനിക്കും ഒരു മനുഷ്യഹൃദയമുണ്ട്. നിങ്ങളുടെ പ്രായത്തിൽ ഞാനും നിങ്ങളുടെ അമ്മയെ അതിയായി സ്നേഹിച്ചിട്ടുണ്ട്. പിന്നെ ഞാൻ നിങ്ങളുടെ സ്നേഹംകണ്ടു് സന്തോഷിക്കാതിരിക്കുമോ?" ഒരു ദീർഘനിശ്വാസം വിട്ടുകൊണ്ടു അദ്ദേഹം തുടർന്നു: "പക്ഷേ, എന്റെതന്നെ രക്തം അച്ഛനമ്മമാരെ ആദരിക്കാതെ വന്നാൽ ഇതിൽ മററുള്ളവരുടെ തെററു് എന്താണ്? പറയു മകനേ നീ ഞങ്ങളോടു് അങ്ങനെ ചെയ്യില്ലല്ലോ...ഇല്ലെന്നു്— പറയു..."

മറുപടി ഒന്നും പറയാതെ മകൻ പുഞ്ചിരിച്ചുകൊണ്ടു നിഷേധഭാവത്തിൽ തലയാട്ടി.

കുറേനേരത്തേക്കു രണ്ടുപേരും മൗനമായി നടന്നു.

വീട്ടിലെത്തിയപ്പോൾ അതിഥികളൊക്കെ മിക്കവാറും ഉറങ്ങിയിരിക്കുന്നു എന്നു് അയാൾക്കു മനസ്സിലായി. ചിററന്റെ ഇളയമകനു പാലുകൊടുക്കുകയായിരുന്നു. അച്ഛൻ അമ്മയ്ക്കു മരുന്നുകൊടുക്കാനായി അവരുടെ മുറിയിലേക്കു പോയി.

ചപ്പൽ ഊരിയിട്ടു് അയാൾ സാവധാനം കട്ടിലിൽ കിടന്നു. അയാൾ ഉറങ്ങാൻ ശ്രമിച്ചു. പക്ഷേ, ഉറക്കം വന്നില്ല ചേട്ടന്റെ മുറിയിൽനിന്നും റേഡിയോയുടെ ശബ്ദം കേട്ടു. അയാൾക്കാശ്ചര്യം തോന്നി. ചേട്ടൻ ക്ഷീണിച്ചു് എത്തിയതാണ്. അദ്ദേഹത്തിനു വിശ്രമം അത്യാവശ്യമാണ്. അദ്ദേഹം ഇപ്പോഴും ഉണർന്നിരുന്നു സംഗീതമാപ്പാട്ടു കേൾക്കുകയോ!"

അയാൾ ആലോചിച്ചു ഇതൊക്കെ എന്തിനാണ ? വിവാഹം! ആനന്ദം! എവിടെയാണ് ആനന്ദം?...അഥവാ ഇമ്മാതിരി കാര്യങ്ങളുടെ മൂല്യം മാറുകയാണ്. ഇതൊക്കെ ശരിയുമാണ്. ഇതൊക്കെ എന്തിനായി ചെയ്യുന്നു? വെറും ഒരു രാത്രിക്കുവേണ്ടി ആ രാത്രി പുതുമയുള്ളതായിരിക്കാം ഒരുപക്ഷേ, നല്ലതായിരിക്കും. പിന്നെ യാതൊന്നും ഇല്ല ഒരു പുതുമയും ഇല്ല. ആ ഒരു പുതിയ 'നല്ലതെന്നു പറഞ്ഞപ്പെടുന്ന' രാത്രിക്കുവേണ്ടി മാത്രം എന്തൊക്കെ നല്ലതും ചീത്തയും പരിതഃസ്ഥിതികൾ ആവർത്തിക്കപ്പെടുന്നു!

അയാൾക്കു തോന്നി—ജീവിതം ചില ആനന്ദങ്ങൾ ആവർത്തിക്കുന്നതൊഴിച്ചാൽ ഒന്നുമല്ല.

അയാൾ ഒരു കോട്ടുവാവിട്ടു തിരിഞ്ഞു കിടന്നു് അയാൾ ഉറങ്ങാൻ ശ്രമിച്ചു. പക്ഷേ, ഇന്നു് ഉറക്കംവരികയില്ലെന്നും, ഇനത്തെ രാത്രി ഉറങ്ങാതെ കഴിക്കേണ്ടി വരുമെന്നും അയാൾക്കു തോന്നി.

(വിവ: വി. ഡി. കൃഷ്ണനമ്പ്യാർ)

—o—

പറങ്കിത്താഴ്

(35-ൽനിന്നും തുടർച്ച)

വിട്ടുകയാണ്. എന്നെ അന്വേഷിക്കണ്ട. ചേട്ടന്റെ പൂട്ട് സുരക്ഷിതമാണ്.

കൈയിൽ ഇരിക്കുന്ന താഴി ലക്ഷ്യം നോക്കി. നല്ല ബലമുള്ള പൂട്ടാണ്. പക്ഷേ, സഹോദരിയെ കാത്തുസൂക്ഷിക്കാൻ പര്യാപ്തമായില്ല

എന്നിട്ട്—

അവൾ മുൻപിൽ വന്നുനിന്നു തന്നെ അധിക്ഷേപിക്കുന്ന ബുദ്ധിശൂന്യതയെ പരിഹസിക്കുന്നു. കഴിവുകേടിൽ അഹങ്കരിക്കുന്നു

അവൾക്കു തന്നെ വിലയില്ലെന്നോ?

അല്ലെങ്കിൽ വീണ്ടും തന്റെ മുൻപിൽ വരുവാൻ അവൾക്ക് എങ്ങനെ ധൈര്യം വന്നു.

തികഞ്ഞ ധിക്കാരം. . . . അവഗണന.

ഇനിയും ഈ ധിക്കാരവും അവഗണനയും അവൾ ആവർത്തിക്കരുത്.

കൈയിലിരുന്ന പറങ്കിത്താഴ്കൊണ്ടു സഹോദരിയുടെ തലക്ക് ആഞ്ഞടിച്ചു.

അടികൊണ്ട് അവൾ തലപൊട്ടി ബോധംകെട്ടു താഴെ വീണു. നിമിഷങ്ങൾക്കകം പിടഞ്ഞുമരിക്കുകയും ചെയ്തു.

വഞ്ചനകാട്ടിയ സഹോദരിയുടെ മരണം തികഞ്ഞ ശാന്തതയോടെ, പ്രതികാരംചെയ്ത സന്തോഷത്തോടെ നിന്നുകണ്ടു. ആ സന്തോഷത്തിമർപ്പിൽ അയാൾ പൊട്ടിച്ചിരിച്ചു . . . .

—o—

സംസാരിക്കുന്ന അസ്ഥിപഞ്ജരം

ചന്ദ്രൻ ഒരിക്കൽ അരോഗദൃഢഗാത്രനായിരുന്നു. സാഹസാദികർമ്മങ്ങളും അഴിഞ്ഞ ജീവിതവും ചന്ദ്രനെ ക്ഷയരോഗിയാക്കി. ബലിഷ്ഠങ്ങളായ മാംസപേശികൾ ക്ഷയം കാൻസനശിപ്പിച്ചു. ആന്തരാവയവങ്ങളേയും രോഗം ആക്രമിച്ചു. അനുദിനം ചന്ദ്രൻ ക്ഷയിച്ച്, ഒരു അസ്ഥിപഞ്ജരമായി മാറി. സംസാരിക്കുന്ന അസ്ഥിപഞ്ജരം.

"ജീവിക്കാൻ അല്പമെങ്കിലും അവകാശമുണ്ടെങ്കിൽ **കരിംകുരങ്ങുരസായനം** ക്ഷയരോഗിയെ രക്ഷിക്കും" എവിടെയോ വായിച്ചതു് ഓർത്തു. അതു് വരുത്തി ഉപയോഗിച്ചു. ഫലം അത്ഭുതകരമായിരുന്നു. വെളുത്തപക്ഷത്തിലെ ചന്ദ്രനെപ്പോലെ ദിവസംതോറും അഭിവൃദ്ധിപ്രാപിച്ചു. കാസവും വലിവും പനിയും മാറി. രോഗം ശമിച്ചു. ക്ഷയം, കാസം, ഏങ്ങൽ, അഭിഘാതം, ഉരഃക്ഷതം ഇവ ശമിപ്പിക്കും. പ്രസവരക്ഷയ്ക്കും ശരീരപുഷ്ടിക്കും നിരുപമം. അടി, ഇടി, വീഴ്ച ഇവയാൽ ശരീരത്തിനുണ്ടായിട്ടുള്ള കേടുകൾ തീർക്കും. 450 ഗ്രാം ടിൻ 9 ക. മാത്രം. പാക്കിങ്ങും തപാൽച്ചിലവും വേറെ. രോഗവിവരക്കത്തുകൾക്ക് ചികിത്സനിശ്ചയിച്ച് ഔഷധങ്ങൾ വി. പി. ആയി അയച്ചുകൊടുക്കും. പ്രധാനപ്പെട്ട എല്ലാ ആയുർവ്വേദ ഔഷധങ്ങൾക്കും ആവശ്യപ്പെടുവിൻ!

വി. ഗംഗാധരൻ-
വൈദ്യൻ
വൈദ്യകലാനിധി.

സ്വതന്ത്രഫാർമസി (Regd)

H. O. ചാലക്കുടി, കേരളം

P. B. No. 4 ബ്രാഞ്ചുകൾ: Phone:44

നാഗർകോവിൽ, മാർത്താണ്ഡം, നെയ്യാററിൻകര, തിരുവനന്തപുരം (Phone: 2877), കാട്ടാക്കട, വക്കല (Phone: 55), കൊല്ലം, ഓച്ചിറ, മാവേലിക്കര, ആലപ്പുഴ, എറണാകുളം, ആലുവാ, അങ്കമാലി, തൃശ്ശൂർ.

സ്ത്രീകളെപ്പററി

ഇൻഡ്യയിലാദ്യമായി കമ്മ്യൂണിസ്ററു മന്ത്രിസഭ അധികാരത്തിൽ വന്ന കാലം. അന്നൊരു ദിവസം വൈകുന്നേരം സ: സി ഉണ്ണിരാജ യുടെ പത്നി സ: രാധമ്മതങ്കച്ചിയുമൊത്തു ജഗതിയിലുള്ള 'കല്പന'യ്ൽ പോകാനിയായി എനിക്കു്. അന്നത്തെ ധനകാര്യമന്ത്രി ആയിരുന്ന ശ്രീ സി. അച്യുതമേനോനായിരുന്നു അന്നവിടെ താമസം. പ്രധാന കെട്ടിടത്തിൽനിന്നു് അല്പമകന്നുനില്ക്കുന്ന അടുക്കളത്തളത്തിലേക്കാണു ഞങ്ങൾ പോയതു്. ഞങ്ങൾക്കു കാണേണ്ട ആളവിടെ ആയിരിക്കാം എന്നറിയാമായിരുന്നു. ഊഹം തെററിയില്ല. അടുക്കളജോലിക്കാരിക്കെന്തോ നിർദ്ദേശം കൊടുത്തുകൊണ്ടു ശ്രീമതി അമ്മിണിഅമ്മ അവിടെ നില്ക്കുണ്ടായിരുന്നു. ഒരു കെട്ടിലമ്മയുടെ രൂപവും ഭാവവും കൈത്തിണങ്ങിയ ആ മാന്യസ്ത്രീയെ ഞാനന്നാദ്യമായി കാണുകയാണു്. അന്നു് അവരുമൊത്തു കാറിൽ ഞങ്ങൾ ചില സ്ഥലങ്ങളിലൊക്കെ പോയി. 'ഈ കുട്ടി?' അവർ രാധച്ചേച്ചിയോടു ചോദിക്കുന്നതുകേട്ടു. അധികമൊന്നും കുശലപ്രശ്നങ്ങൾക്കു് അവർ മുതിർന്നില്ല ഞാനതുപ്രതീക്ഷിച്ചുമില്ല. ഞാനറിയാതെതന്നെ ഒരാദരവു് എനിക്കവരോടുതോന്നി ആരേയുമധികമടുക്കാനനുവദിക്കാത്ത ആജ്ഞാശക്തി സ്ഫുരിക്കുന്ന മുഖഭാവം! പലരേയും തെററിദ്ധരിപ്പിച്ചിട്ടുള്ള ആ ഭാവമാണു ശ്രീമതിയുടെ മുഖമുദ്ര. പക്ഷേ, അവരുമായി പരിചയപ്പെട്ടുകഴിഞ്ഞാൽ, ഔന്നത്യത്തിൻേറതെന്നു പലപ്പോഴും നാം കരുതിയേക്കാനിടയുള്ള ആ മുഖാവരണം മെല്ലെമെല്ലെ നീങ്ങുന്നതു കാണാം.

ശ്രീമതി അമ്മിണിയമ്മ

-- സി. കെ. ലില്ലി

ലേഖിക



എന്നു കരുതി എന്തുമങ്ങു പറഞ്ഞുകളയാമെന്നു കരുതേണ്ട. അവരതിനു തുനിഞ്ഞാലും നാക്കതു തോന്നുകയില്ല. അതാണു ശ്രീമതി അമ്മിണി അമ്മ—മുഖ്യമന്ത്രി ശ്രീ. സി. അച്യുതമേനോൻെറ ധർമ്മപത്നി.

മന്ത്രിസഭാപതനത്തിനുശേഷം ജഗതിയിൽതന്നെ ഒരു വാടകവീട്ടിൽ വർഷങ്ങളോളം അവർ കഴിഞ്ഞു കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസമായിരുന്നു അതിനവരെ പ്രേരിപ്പിച്ച മുഖ്യസംഗതി. വീട്ടുകാര്യങ്ങളും കുട്ടികളുടെ വിദ്യാഭ്യാസവും എല്ലാം ആ അമ്മയുടെമാത്രം ചുമതലയിൽപ്പെട്ട കാര്യങ്ങളായിരുന്നു. സ: അച്യുതമേനോനെപ്പോലുള്ള ഒരു സമുന്നതനേതാവിൻെറ ഭാര്യാപദവി അതിനു ചേർന്ന കാര്യപ്രാപ്തിയോടെ അവരലങ്കരിക്കുന്നു എന്നു ചുരുക്കത്തിൽ പറയാം. വിവാഹം കഴിഞ്ഞ നാൾമുതൽ അവരാജീവിതവുമായിണങ്ങാൻ ശ്രമിക്കുകയായിരുന്നു. ആ ശ്രമത്തിൽ പരിപൂർണ്ണമായ വിജയം കൈവരിക്കാനും അവർക്കു കഴിഞ്ഞു. 'രാജ്യത്തിനുവേണ്ടി ഭർത്താവും, കുടുംബത്തിനുവേണ്ടി താനും' എന്നൊരർപ്പണമനോഭാവത്തോടെ ആദ്യംമുതല്ക്കേ നീങ്ങാൻകഴിഞ്ഞതുകൊണ്ടാണു് ആ ദമ്പതിമാർക്കു് അവരവരുടെ മണ്ഡലങ്ങളിൽ അന്യൂനമായി പരിലസിക്കാൻ കഴിഞ്ഞതും, കഴിയുന്നതും. ശ്രീമതി അമ്മിണിഅമ്മ ഒരിക്കലും ഒരു പാർട്ടിപ്രവർത്തകയായിരുന്നിട്ടില്ല. ചുരുക്കം ചില പാർട്ടിസമ്മേളനങ്ങളിൽമാത്രമേ ഒരു കാഴ്ചക്കാരിയായിപ്പോലും അവരെ കണ്ടുമുട്ടാൻ കഴിയുപക്ഷേ, അവരൊന്നു ചെയ്യാൻ മറന്നില്ല. തികച്ചും ഒരു രാഷ്ട്രീയപ്രവർത്തകനായ സ്വഭർത്താവിനു മുഴുവൻസമയവും രാഷ്ട്രീയപ്രവർത്തനത്തിനു വിനിയോഗിക്കാൻ കഴിയുന്ന ഒരു ചുററുപാടു് അവർ സൃഷ്ടിച്ചു. കുടുംബപ്രശ്നങ്ങളൊന്നും അദ്ദേഹത്തെ അലട്ടാതിരിക്കാൻ അവർ പ്രത്യേകം ശ്രദ്ധിക്കുകതന്നെചെയ്തു.

കൊട്ടുങ്ങല്ലൂരുള്ള ഒരുയർന്ന കുടുംബത്തിലാണു് അമ്മിണിയമ്മ ജനിച്ചതു്. ആ പ്രൗഢിയ്ക്കും പ്രതാപത്തിനും കോട്ടംതട്ടാത്തവിധത്തിൽ വളർന്നു. വിവാഹത്തിലും അങ്ങിനെതന്നെ ഒരു രാഷ്ട്രീയപ്രവർത്തകനാണു വരനെന്നറിഞ്ഞുകൊണ്ടുതന്നെയാണു് വീട്ടുകാരും കല്യാണപ്പെണ്ണും വിവാഹത്തിനു സമ്മതിച്ചതു്. നല്ല വ്യക്തിത്വമുള്ള ഒരാളായിരിക്കണം എന്നൊരു കാര്യംമാത്രമേ അവർക്കു നിർബ്ബന്ധമുണ്ടായിരുന്നുള്ളു അക്കാര്യത്തിൽ അദ്വിതീയനായിരുന്നു അദ്ദേഹം. അങ്ങനെ നിറഞ്ഞ മനസ്സോടെ കല്യാണപ്പന്തലിലേയ്ക്കിറങ്ങിയ മുഗ്ദ്ധയും ശാലീനയുമായ അന്നത്തെ നവവധു, അതിലേറെ നിറഞ്ഞ ഹൃദയത്തോടെ അമ്മയും അമ്മൂമ്മയും ആയി കഴിയുകയാണിന്നു്. ഒളിവിലും ജയിലിലും ഒക്കെ കഴിഞ്ഞിരുന്ന ഭർത്താവിനെ ചൊല്ലി അഭിമാനമേ അവർക്കു തോന്നിയിരുന്നുള്ളു. ഒരു ഭാര്യയുടെ ഹൃദയത്തിലെ ലോലലോലമായ ചില തന്തികൾ വല്ലപ്പോഴുമെങ്കിലും വിരഹഗാനം മീട്ടിയിട്ടില്ലേ എന്നു നമുക്കു തോന്നാം

തിരിക്കുക. ഭർത്താവു വെളിയിലുള്ളപ്പോഴൊക്കെ അദ്ദേഹമൊത്തു തൃശ്ശൂരുള്ള ഭർത്തൃഗൃഹത്തിലും അല്ലാത്തപ്പോൾ സ്വന്തം വീട്ടിലുമായി അവർ കഴിഞ്ഞു. കല്യാണത്തിനുശേഷവും സ്വന്തം വീട്ടിൽ തനിക്കുതന്നെയാണു കൂടുതൽ സ്ഥാനമെന്നു ശ്രീമതി അമ്മിണിഅമ്മ കൂടെക്കൂടെ പറയാറുണ്ടു്. ഇന്നും കൊട്ടുങ്ങല്ലൂരെ വീട്ടു് അവരുടെ ചുമതലയിൽതന്നെ.

തൃശ്ശൂരു് സ്വന്തമായൊരു കൊച്ചുവീടു പണിയാനവർക്കു കഴിഞ്ഞിട്ടുണ്ടു്. ഇനിയും പൂർത്തിയായി എന്നു തീർത്തു പറയാനായിട്ടില്ല. വൈററുവാഷും പെയിൻറിംഗും ഒക്കെ ബാക്കിയാണു്. 'കൺേറാൺമെൻറ് ഹൗസിൽനിന്നു പോയിട്ടുവേണം

ഇനി അതൊന്നു ശരിയാക്കാൻ എന്നാണ വരു പറയുന്നതു്.

മുന്നുമക്കളാണ വക്ക്. മൂത്തമകൾ സതി സുവോളജി എം. എസ്സ് സി. ക്ലാസ്സോടുകൂടി പാസ്സായി എങ്കിലും ജോലി ഒന്നും ആയിട്ടില്ല. കുറേക്കാലം ഭർത്താവുമൊത്തു ഡൽഹിയിലായിരുന്ന സതി ഇപ്പോൾ കൈക്കുഞ്ഞുമായി അമ്മയുടെകൂടെയാണ്. ഈ അമ്മയുടെ ഏകാന്തവും വിരസവുമായ നിമിഷങ്ങൾക്കു ജീവനും തിരക്കും പകർന്നുകൊണ്ടു 'സന്ധ്യമേ.ൾ' മുട്ടിട്ടു നീന്താൻ തുടങ്ങുന്നതേയുള്ളു. രണ്ടാമത്തെ മകൾ രാധയും ഭർത്തൃമതിയാണ്. ഒരു ഡോക്ടറായ രാധ ഡോക്ടർതന്നെയായ സ്വഭർത്താവുമൊത്തു ഡൽഹിയിലൊരു ഹോസ്പിററലിൽ 'ഹൗസ്സർജൻസി' കഴിക്കുകയ ണിപ്പോൾ. ഹോസ്പിററലിലെ ഒരു മുറിയിൽ കുടുംബജീവിതവും വിദ്യാർത്ഥിജീവിതവും ഒരേസമയത്തു നയിക്കുന്ന രാധയ്ക്കു മെഡിസിനിൽ ഉപരിപഠനത്തിനു പോകണമെന്നാണാശ. ഏററവും ഇളയമോനാണ് രാമൻകുട്ടി. പ്രീഡിഗ്രി പ്രശസ്തമായരീതിയിൽ പാസ്സായ ആ കൊച്ചുമിടുക്കനും ഡോക്ടറാകാനാണിഷ്ടം.

മുഖ്യമന്ത്രിയുടെ ഭാര്യാപദവി അവരിൽ പ്രത്യേകിച്ചൊരു മാററവും വരുത്തിയിട്ടുണ്ടെന്നു തോന്നുന്നില്ല. മുമ്പത്തെക്കാളേറെ സ്നേഹപൂർവ്വം അവർ നമ്മോടിടപെടുന്നു; ഈ സ്നേഹം അത്രമേൽ പ്രകടനസ്വഭാവമുള്ളതല്ലെങ്കിലും.

—o—

പലിശയുടെ പലിശയ്ക്കുകൂടി സ്വർണ്ണാഭരണങ്ങൾ!
മുൻകൂറായി സ്വർണ്ണാഭരണങ്ങൾ!
പലിശയില്ലാത്ത പണവായ്പ!

ഏററവുംകൂടുതൽ ആനുകൂല്യങ്ങൾ നൽകുന്ന
ഏററവും വലിയ

ചെമ്പകാ സ്വർണ്ണാഭരണ
സമ്പാദ്യപദ്ധതി

വിവരണപത്രികയ്ക്ക് പൂർണ്ണമായ മേൽവിലാസവും (ജില്ലയും സ്റ്റേററും കാണിച്ച്) മാതൃഭാഷ വ്യക്തമായെഴുതി 25 പൈസസ്റ്റാമ്പുസഹിതം അയയ്ക്കുക.

CHEMBAKA JEWELLERS
Alleppey-1 Kerala)

Phone: 2092 Gram: Chembaka
Estd: 1953, G. L No 61/63 Prop: P. S. MONY

ജനറൽ ചാത്തൻസ്

(50-ൽനിന്നും തുടർച്ച)

ഹേതുനാമാവശേഷമായാൽ പിന്നെ പ്രവർത്തിക്കാൻ എന്താണുള്ളതെന്നു്, അല്ലേ?

അതുതന്നെ. ഇഷ്ടമുണ്ടെങ്കിൽ പിന്നെ മുദ്രാവാക്യം വിളിച്ചിട്ടും കവിത എഴുതിയിട്ടും എന്താണ് പ്രയോജനം? സംസ്കൃതസങ്കേതത്തിൽ പറഞ്ഞാൽ. യാതൊന്നിനെതിരായോ അനുകൂലമായോ നീങ്ങാൻ മാത്രം യാതൊന്നു് അവിടെ ഇല്ലയോ പിന്നെ ഏതൊന്നിനെതിരായാണ് നീങ്ങുക?

ഒരു മുക്കിലായ മുൻ നയതന്ത്രജ്ഞൻ അവിടെനിന്നു രക്ഷനേടാൻ ചോദിച്ചു:

കവിതയിൽ സൌന്ദര്യബോധമെല്ലാം മിതമായ അളവിൽതന്നെയുണ്ടല്ലോ?

വേണ്ടുവോളമുണ്ടെന്നു് ചെക്കൻ ചാതിക്കാരൻ പറഞ്ഞു: പക്ഷേ, ചാത്തൻസ് സമ്മതിച്ചില്ല എന്താണ് സൌന്ദര്യബോധം എന്നായി ജമ്മൻസ്.

വിപ്ളവഭട്ടൻ നീരത്ഥനയതന്ത്രവാചാലതയിൽ അഭയം തേടേണ്ടിവന്നു:

ഞാൻ വിക്ടോറിയൻ കാലഘട്ടത്തിന്റെ ഒരു സന്തതിയാണ്, ചാത്തൻസ് സുന്ദരബോധത്തിൽ മുങ്ങിക്കുളിച്ചാണ് ഞങ്ങൾ വളർന്നതു്.

വിക്ടോറിയൻ കാലഘട്ടത്തിലെ സൌന്ദര്യബോധം, അല്ലേ?

തീർച്ചയായും.

ചാത്തൻസ് ചിരിച്ചു:

തികച്ചും വിരൂപമായ ഒരു കാലഘട്ടമായിരുന്നു അതു്. സൌന്ദര്യം ലണ്ടൻ സമൂഹത്തിൽ മാത്രമായിരുന്നു പട്ടിണിയും വ്യഭിചാരവും ദുരിതവും കിടാങ്ങളെക്കൊണ്ടു് വേലചെയ്യിക്കലുമായിരുന്നു മററിടങ്ങളിൽ.

സമ്മതിച്ചു എന്നാലും...

മനുഷ്യസ്നേഹിയായ ചാറൽസ്ഡിക്കൻസ് തന്റെ മഹാകാവ്യങ്ങളിലൂടെ വിവരിച്ച വറുതിയണ് വിക്ടോറിയൻ യുഗം.

അതേക്കുറിച്ചു നല്ലതൊന്നും പറയാനില്ലെന്നോ?

ഗ്ലാഡ്സ്റ്റൺ എന്ന സന്യാസിയുണ്ടായിരുന്നു. മാംസദാഹം നിമിത്തമാണ് സ്ത്രീകൾ വ്യഭിചരിക്കുന്നതെന്നു വിശ്വസിച്ചു് അവരെ മാനസാന്തരപ്പെടുത്താൻ പ്രധാനമന്ത്രിയായിരിക്കേ, രാത്രികാലങ്ങളിൽ പത്താംനമ്പ്ര ഡൌണിങ്ങ് തെരുവിൽനിന്നിറങ്ങിത്തിരിച്ച സാധുശീലനവർകൾ.

"മന്ത്രിയാകാനല്ല ഞാനും രവിയുമൊക്കെ എം. പി. യായതു്. മന്ത്രിമാരെ നിലയ്ക്കു നിറുത്താനാണ്" ലോകസഭയിലെ യുവതുർക്കിയായ ശ്രീ. കെ. പി ഉണ്ണിക്കൃഷ്ണനാണതു് പറഞ്ഞതു്. അടുത്ത ലക്കത്തിൽ ശ്രീ. ദേവദത്ത് ശ്രീ: കെ. പി. ഉണ്ണിക്കൃഷ്ണനെ പരിചയപ്പെടുത്തുന്നു.

വെരി ഇൻററസ്റ്റിങ്ങ്. പിന്നെ?

ഡിസ്റേലിയുണ്ടായിരുന്നു. തന്റെ ചതുരാക്തികളാലും സുന്ദര വസ്ത്രധാരണത്താലും ലണ്ടനെ മയക്കിയെടുത്ത ഡിസ്രേലി

ചാത്തൻസിന്റെ ചരിത്രജ്ഞാനം കിടയററതാണല്ലോ.

ഡിസ്രേലിയും പാമർസ്റ്റൺപ്രഭുവുമാവുമ്പോൾ പാമർസ്റ്റണോടണ് എനിക്കിഷ്ടം—ചാത്തൻസ് പറഞ്ഞു—ആൾ ഉഗ്രഭോഗിയായിരുന്നു വിക്ടോറിയാ രാജ്ഞിയുടെ ഒരു സഖിയെ വിൻസർകൊട്ടാരത്തിൽ കിടത്താൻ ശ്രമിച്ചതിനാണ്

അയാളെ ഒരിക്കൽ വിദേശകാര്യസിക്രട്ടരിപദത്തിൽനിന്നു നീക്കിയതു്. വിപ്ലവഭട്ടനവർകൾക്ക് ഓർമ്മ തോന്നുന്നുണ്ടോ?

ഇന്നലെ കഴിഞ്ഞപോലെ തോന്നുന്നു—നയതന്ത്രശാലി പറഞ്ഞു—ഗുഡോൾഡ്പാം!

അതായിരുന്നു, സർ. വിക്ടോറിയൻ കാൽഘട്ടത്തിലെ സൌന്ദര്യബോധം.

ഒരുകണക്കിനു ചാത്തൻസ് പറയുന്നതും ശരിയാണു്. എന്നിരുന്നാലും...

സാർ പറയുന്നതാണു് ശരി—ചെക്കൻ പറഞ്ഞു—ഇനി ചാത്തന്റെ വിരചിതമായ കൃതിയെക്കുറിച്ചു പറയുകയാണെങ്കിൽ...

പറയൂ, പറയൂ

കേരള അവാർഡിനു പുറമേ, നമ്മെ പറഞ്ഞമാതിരി, കേന്ദ്രത്തിന്റെ വിഹിതവും അതിനു കിട്ടും,

പറഞ്ഞല്ലോ. ഇതറിയുന്നതിൽ എനിക്കു സന്തോഷമുണ്ടു്.

പിന്തുരാജ്യത്തെ അവാർഡാണു് സാർ ശരിപ്പെടുത്തി തരേണ്ടതു്.

ശ്രമിക്കാം. കൃതി സമർപ്പിക്കൂ.

അതു പറഞ്ഞാൽ പോര—ചാത്തൻസ് പറഞ്ഞു—ശിപായി പരമുപിള്ളയ്ക്കു പോലും പറയാൻ കഴിയുന്ന വാക്കാണു് ശ്രമിക്കാം എന്നു്.

ഇശ്ശ്ശ് ചാത്തൻസ്!—ചെക്കൻ ചുണ്ടിൽ വിരൽവെച്ചു—നയതന്ത്രഭാഷയിൽ അതു പറഞ്ഞാൽമതി. എന്നാൽ തന്നെ അധികമായി.

സോറി - ചാത്തൻസ് പറഞ്ഞു—തന്ത്രികത്തിൽ പരിചയമില്ലായ്മമൂലം പറഞ്ഞുപോയതാണു്.

സാരമില്ല. നെവർമൈൻഡ് ടേക്കിററിസി. ഫൊർ ഗെററിററ്—വിപ്ലവഭട്ടൻ പറഞ്ഞു—ഐ. എഫ്. എസ്. പരീക്ഷയ്ക്കു വേണമെങ്കിൽ എഴുതിക്കൊള്ളൂ. പാട്ടുപാടിയാൽ മതി. വൈവയിൽ ഞാൻ പാസ്സാക്കാം.

ശ്രമിക്കാം, സർ.

കൃതി വിശേഷാത്തമമാക്കാൻ രണ്ടുവാർത്തകൾ കൂടിയായാൽ മതി—ചെക്കൻ ചാത്തനോടു വാദം തുടർന്നുകൊണ്ടു പറഞ്ഞു—ജ്ഞാനപീഠവും നൊബേലും.

വിപ്ലവഭട്ടൻ പെട്ടെന്നു ചോദിച്ചു:

നൊബേൽസമ്മാനത്തെക്കുറിച്ചു പറയുമ്പോളാണു്, മി. ചെക്കൻ, ഓർമ്മവരുന്നതു്. യൂറോപ്പിൽ തങ്ങളുടെ പേരു പ്രചരിപ്പിക്കാൻ രണ്ടുപേർ എന്നെ സമീപിച്ചിട്ടുണ്ടു്.

കേരളത്തിൽനിന്നാണോ?

അതെയതെ. കേരളത്തിനു തന്നെയാണു് അവരുടെ ജന്മത്താൽ ഭാഗ്യം സിദ്ധിച്ചിരിക്കുന്നതു്.

ആരെല്ലാമാണു്?

മഹാകവി സ്ക്രൂവും മഹാനോവലിസ്റ്റ് ഡിക്രൂസും.

ആരെയാണു് സാറിനു് ഇഷ്ടമായതു്?

ഞാൻ വിചാരത്തിലാണു്. രണ്ടുപേരും എനിക്കു പ്രിയപ്പെട്ടവർ. ആരെ പ്രചരിപ്പിക്കണം എന്നറിയാതെ വിഷമിക്കുകയാണു്.

വല്ലാത്ത പ്രതിസന്ധി!

ഞാൻ ആലോചിക്കുകയായിരുന്നു....

കൃഷിഗാഥയ്ക്കു വല്ല കോളുമാണോ?—ചാത്തൻസ് ചോദിച്ചു.

ഏതാണു്—വിപ്ലവഭട്ടൻ പറഞ്ഞു—മുൻപറഞ്ഞ രണ്ടു പേരേയുമല്ലാതെ മൂന്നാമതൊരു നാമധേയം പ്രചരിപ്പിച്ചാലോ എന്നു വിസ്മയിക്കുകയായിരുന്നു.

എന്നാൽ ഞങ്ങൾ ജയിച്ചു. സർ—ചെക്കൻ ആവേശഭരിതനായി പറഞ്ഞു—പ്രത്യേകിച്ചും ചാത്തൻസ്. വർണ്ണശബളമായ അവൻസിന്റെ കവിജീവിതകിരീടത്തിൽ കോഹിനൂർ രത്നമായിരിക്കും നൊബേൽസമ്മാനം.

ഒന്നും തീരുമാനമായതായി കണക്കാക്കരുതു്—വിപ്ലവഭട്ടൻ താക്കീതു പറഞ്ഞു—ഞാൻ തല്ക്കാലം ഉറക്കെ ചിന്തിക്കുകയാണെന്നു കരുതിയാൽ മതി.

അങ്ങനെ ഉറക്കെ ചിന്തിച്ചാൽ മതി, സർ. അതുതന്നെ ഞങ്ങൾക്കു് ധാരാളമായി.

മററെ ചങ്ങായി ശ്രമിച്ച മാതിരിയാവില്ലല്ലോ? ചാത്തൻസ് ചോദിച്ചു.

ഏതു മററെ ചങ്ങായി?

ഒരു പ്രത്യേകരാജ്യത്തെ മഹാവേദാന്തി—ചാത്തൻസ് പറഞ്ഞു—അദ്ദേഹം ആ രാജ്യത്തെ ഒന്നാം പൌരനുമായിരുന്നു.

ആളെ മനസ്സിലായി—വിപ്ലവഭട്ടൻ പറഞ്ഞു.

വേദാന്തി ബർണേഡ് റസ്സൽപ്രഭുവിനു നൊബേൽ സമ്മാനം കിട്ടിയപ്പോൾ നമ്മുടെ മഹാവേദാന്തിക്കു സഹിച്ചില്ല. തനിക്കും കിട്ടേണ്ടതല്ലേ എന്നായി ഖാശി.

എന്നിട്ടു്?

അദ്ദേഹം യൂറോപ്പിലേക്കു് ഒരു പ്രത്യേക ദൂതനെ വിട്ടു. തന്റെ പേരും കൃതികളും വേദാന്തവും തന്ത്ര പ്രചരിപ്പിക്കാൻ;

എന്തായിരുന്നു അയാളുടെ സ്റ്റാററസ്?

പ്രത്യേക ദൂതൻ—ചാത്തൻസ് പറഞ്ഞു—എൻവോയ് എക്സ്ററ്റ്റാ ഓർഡിനറി ആൻഡ് മിനിസ്റ്റർ പ്ലെനിപൊട്ടൻഷ്യറി

ദെഹൻ. ദെൻ?

അയാൾ കാരോ അക്കാദമീഷ്യന്മാരെയായി കണ്ടു. മഹാവേദാന്തത്തേയും അയാളുടെ കൃതികളേയും പററി പറഞ്ഞു. ആരും പണ്ടു കേട്ടിട്ടില്ല. അയാളുടെ പേരു പറഞ്ഞു. അപ്പോൾ ഒരു അക്കാദമീഷ്യൻ ചോദിച്ചു:

ഡോക്ടർ ഹു?

പൊളിഞ്ഞ ദൂതൻ പല കഷണങ്ങളായി തിരിച്ചുവന്നു് ഒന്നാം പൌരനു റിപ്പോർട്ടു ചെയ്തു:

പ്രഭോ! ക്ഷമിക്കണം. താങ്കളുടേയോ എന്റേയോ കുററമല്ല. നമ്മുടെ വിദേശപ്രചാരവകുപ്പിന്റെ പിഴവായിരിക്കണം. ആദിശങ്കരൻ സഹായിച്ചു യൂറോപ്പിൽ ആരും താങ്കളെ കേട്ടിട്ടില്ല.

ബൈജൌ: വാട്ടു് ഹാപ്പൻസ്?

(ൻറള്ളോ! പിന്നെന്തുണ്ടായി?)

ആ ദൂതനെ—ചാത്തൻസ് ശൈലിയിൽ കണ്ണിരൊപ്പിക്കൊണ്ടു പറഞ്ഞു—ഒന്നാം പൌരൻ കൊന്നു കയ്യിൽ കൊടുത്തു.

നയതന്ത്രപരമായ ഒരു ചിരിയിൽ വിപ്ലവഭട്ടാചാര്യൻ ചിരിച്ചു് തുണ്ടുകളായി നാനാഭാഗത്തും ചിതറിവീണു.

(കഷണങ്ങൾ എന്നു മുമ്പൊരു ഖണ്ഡികയിൽ പ്രയോഗിച്ചതുമൂലമാണു് ഇവിടെ തുണ്ടുകൾ എന്നു തിരുത്തിയതു്.)

—o—

കുഞ്ഞിക്കവിതകൾ

ജനിച്ചു കഴിഞ്ഞിട്ടി-
ല്ലിനിയും മുഴുവൻ ഞാൻ
ജനിച്ചേടത്തോളവും
മരിച്ചുതീർന്നു പക്ഷേ,

x

ഭാരതമാതാവിന്നു
വയറി, ല്ലവളുടെ
മാനസ ഗുഹയിൽ നി-
ന്നാണല്ലോ പിറന്നു നാം.

x

ഇതെനിക്കു സഹിച്ചീടാൻ
മാത്രമില്ലാത്ത രോഗമാം
മരണംകൊണ്ടു മാറീടും
രോഗമല്ലന്തൊരു രോഗമോ?

—കുഞ്ഞുണ്ണി

രാത്രിയാകട്ടെ ഇപ്പകൽ...?

കാത്തിരുന്നു മടുത്തപ്പോൾ-
ളിറങ്ങിനടന്നണ്ടി
തെണ്ടലും വ്യർത്ഥമായപ്പോൾ
മടങ്ങിച്ചെന്നു്
രണ്ടാനക്കട്ടിയെ പച്ചയോടെ-
[കടിച്ചുതിന്നു
കുറച്ചു പച്ചവെള്ളവും-
[മുക്കിക്കുടിച്ചു്
ചുരുണ്ടുകൂടിക്കിടന്നിതേ
പിറേറന്നു സൂര്യൻ ചെന്നു-
[വിളിച്ചപ്പോൾ
അവൾ തന്റെ കലങ്ങിച്ചോന്ന-
[കൺകൊണ്ടും
സ്വദന്തക്ഷതമേററുവാ ച്ചീത്ത-
[ചുണ്ടുകൊണ്ടു പറഞ്ഞിതേ:
"സൂര്യാ നീയിങ്ങു വന്നെന്റെ-
യരികത്തു കിടക്കുക
എന്നെയിന്നലെ യത്താഴ-
പ്പട്ടിയിട്ടോർക്ക സർവ്വവും
രാത്രിയാകട്ടെയിപ്പകൽ-
കാളരാത്രിയാകട്ടെയിപ്പകൽ."

—കുഞ്ഞുണ്ണി

സമസ്യ

തിരുവനന്തപുരത്തെ ഹൃദയസ്പർശിയായ കഥയുമായി മലയാളനാടകവേദിയിലേയ്ക്കു കടന്നുവന്ന അനുഗൃഹീതനാടകകൃത്തായ കാലടിഗോപിയുടെ നേതൃത്വത്തിൽ പെരുമ്പാവൂർനിന്നും രൂപംകൊണ്ടിട്ടുള്ള നാടകശാലയുടെ ആദ്യനാടകമാണ് 'സമസ്യ'. യുവതലമുറയിലെ ശ്രദ്ധേയരായ നാടകകൃത്തുക്കളിലൊരാളായ കെ. എസ്. നമ്പൂതിരിയാണ് 'സമസ്യ'യുടെ രചയിതാവ്. ജീവിതത്തിലുംതന്നെ പഴക്കമുള്ള അന്ധവിശ്വാസങ്ങൾക്കും വിശ്വാസപ്രമാണങ്ങൾക്കുമെതിരെയുള്ള ഒരു കുരിശുയുദ്ധമാണീ നാടകമെന്നു പറഞ്ഞാൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. മനോഹരമായ ഒരു കഥാപശ്ചാത്തലം, ജീവനുള്ള കഥാപാത്രങ്ങൾ, യഥാതഥമായ ജീവിതാവിഷ്കാരം തുടങ്ങിയ മേന്മകൾ ഈ നാടകത്തിന്നവകാശപ്പെടാം.

ഒററസെററിൽ, മൂന്നുരംഗങ്ങളിലായി 'സമസ്യ'യുടെ കഥ നടക്കുന്നു. കിഴക്കേപ്പാട്ടുവാര്യത്തെ നാഥനായ ശങ്കരവാര്യർ രാഷ്ട്രീയരംഗത്തു വളരെയേറെ അനുഭവപാരമ്പര്യമുള്ളയാളാണ്. പക്ഷേ, രാഷ്ട്രീയം സ്വാർത്ഥമോഹികളുടെ വില്ലനച്ചുക്കായിമാറിയപ്പോൾ ഹൃദയവേദനയോടെ ആ രംഗത്തുനിന്നുമദ്ദേഹം അകന്നുനിന്നു. ഇന്ന്, ഇരുപത്തിനാലുമണിക്കൂറും വീട്ടിൽത്തന്നെ കഴിയിരിയ്ക്കുന്ന വാര്യർ എല്ലാവർക്കും ഒരു ഭാരമാണ്. വാര്യരെ സ്നേഹിക്കാനും ബഹുമാനത്തോടെ പെരുമാറാനും മരുമകളായ പാർവ്വതി മാത്രമേ ഉണ്ടായിരുന്നുള്ളൂ.

പാർവ്വതിയും ഇല്ലത്തെ നാരായണനും തമ്മിൽ പ്രേമത്തിലാണ്. ഒരു ജോലി കിട്ടിക്കഴിഞ്ഞാലുടനേ പാർവ്വതിയെ വിവാഹം കഴിക്കണമെന്ന ആഗ്രഹത്തോടെ കഴിയുന്ന നാരായണൻ തനിയ്ക്കൊരു ജോലിക്കു വേണ്ടി മന്ത്രിയോടു ശുപാർശചെയ്യാൻ വാര്യരോടപേക്ഷിച്ചു. വാര്യർ അതിനു വഴിപ്പെട്ടില്ല. ഈയവസരത്തിലാണു രാഷ്ട്രീയക്കാരനായ മേനോനും നാരായണനുമായി പരിചയപ്പെടുന്നതു്. നാരായണനൊരു ജോലി വാങ്ങിക്കൊടുക്കാമെന്ന് അയാൾ സമ്മതിച്ചു. അതിനു പ്രതിഫലമായി അയാൾ ആവശ്യപ്പെട്ടതു് നാരായണൻതന്നെ പൂജകഴിക്കുന്ന ക്ഷേത്രത്തിലെ വിഗ്രഹങ്ങളാണ്. നാരായണൻ അതിനു തയ്യാറായി. ഇതിനിടയിൽ, ട്രേഡുയൂണിയൻ നേതാവും വാര്യത്തെ നിത്യസന്ദർശകനുമായ വാസുമുഖേന വാര്യരുടെ പരിചയക്കാരനായ മന്ത്രിയെ നേരിട്ടുകണ്ട്, മററാരുമറിയാതെ നാരായണന്റെ ജോലിക്കാര്യം ശരിയാക്കാൻ പാർവ്വതി തീരുമാനിച്ചു. ബാഹ്യലോകത്തിന്റെ ആത്മാർത്ഥശൂന്യതയെക്കുറിച്ചറിവില്ലാതിരുന്ന ആ പെൺകുട്ടിക്കു തന്റെ മാനം നഷ്ടപ്പെടുത്തേണ്ടിവന്നു. ആ കുററവും വന്നുചേർന്നതു നിരപരാധിയായ വാര്യരുടെ ശിരസ്സിലാണ്. ഒടുവിൽ, നിരാധാരയായ പാർവ്വതിയേയും കൂട്ടി, ഈ ലോകത്തോടൊരു പ്രതികാരമെന്നവണ്ണം നാരായണൻ അയാളുടെ ഇല്ലത്തേയ്ക്കു പോകുന്നു. ശങ്കരവാര്യരും, സാവിത്രി അന്തർജ്ജനവും, അപ്ഫൻ നമ്പൂതിരിയും വിസ്മയാധീനരായി നില്ക്കെ സമസ്യയുടെ അവസാനതിരശ്ശീല വീഴുന്നു.

സിനിമാ-നാടകരംഗത്തു് പ്രശസ്തരായ വിലാസിനി, നെല്ലിക്കോട്ട് ഭാസ്കരൻ, കതിരവട്ടം പപ്പു, എം. എസ്. നമ്പൂതിരി, വൈക്കം സുകുമാരൻനായർ എന്നിവരും അത്രതന്നെ പ്രശസ്തരല്ലാത്ത മാളഅരവിന്ദൻ, ബാബു എൻ നമ്പൂതിരി, മോഹൻരാജ്, സിന്ധു ജെസ്സി തുടങ്ങിയവരുമാണീ നാടകത്തിലെ അഭിനേതാക്കൾ. അഭിനയത്തിന്റെ കാര്യത്തിൽ എല്ലാവരും നല്ല നിലവാരം പുലർത്തുന്നുണ്ടെങ്കിലും ശങ്കരവാര്യരായി വന്ന നെല്ലിക്കോട്ട് ഭാസ്കരനും ശർമ്മയായഭിനയിച്ച

നെല്ലിക്കോട്ട് ഭാസ്കരനും
വിലാസിനി (കാട്ടുകുടത്തിൽ) യും

ച്ച കതിരവട്ടം പപ്പുവും ഉജ്ജ്വലമായ ഭാവാഭിനയത്താൽ ആ കഥാപാത്രങ്ങളെ വളരെയേറെ വിജയിപ്പിച്ചു. വിലാസിനി അവതരിപ്പിച്ച സാവിത്രി അന്തർജ്ജനവും വളരെ നന്നായിരുന്നു. സിന്ധുവിന്റെ പാർവ്വതി നല്ല നിലവാരം പുലർത്തി. സംഭാഷണത്തിലെ തമിഴ്ച്ചുവ ഒഴിവാക്കുന്നതു നന്നു്.

ഈ നാടകം സംവിധാനം ചെയ്തിരിക്കുന്നതു് കാലടി ഗോപിയാണു്. നാല്പകെട്ടുകളിലും ക്ഷേത്രങ്ങളിലുമായി ജീവിതം തള്ളിനീക്കുന്ന അമ്പലവാസികളുടെ കഥ അതിന്റേതായ രൂപഭംഗികളോടെ തന്നെയാണദ്ദേഹം സംവിധാനം ചെയ്തിരിക്കുന്നതു്. കഥാപാത്രങ്ങളുടെ മാനസികഭാവങ്ങൾക്കനുസരിച്ച പശ്ചാത്തല സംഗീതം ചെണ്ട, മൃദംഗം, കുഴൽ, നാദസ്വരം തുടങ്ങിയ നാടൻവാദ്യോപകരണങ്ങൾ കൊണ്ടാണെന്നതു് ശ്രദ്ധേയമായി.

ആകെക്കൂടി മൂന്നു ഗാനങ്ങളുണ്ടീ നാടകത്തിൽ. ഏറ്റുമാനൂർ സോമദാസനെഴുതിയ കാവ്യഗുണമുള്ള ഈരടികൾക്കു് ഹൃദ്യമായ ട്യൂണുകൾ നൽകാൻ പ്രദീപ് സിംഗ് ശ്രദ്ധിച്ചിട്ടുണ്ടു്. പക്ഷേ, ആദ്യരംഗത്തിൽ പാർവ്വതി പാടിയ "മഞ്ഞുതുള്ളിയായെന്നുള്ളിൽ..." എന്നാരംഭിക്കുന്ന ഗാനം ആ കഥാപാത്രത്തിന്റെ സ്വഭാവവുമായി ഇണങ്ങിച്ചേരുന്ന ഒന്നല്ല ഒരു ഗ്രാമീണയുവതിയായ പാർവ്വതിയേക്കൊണ്ടു് പാശ്ചാത്യസംഗീതച്ഛായയുള്ള ഒരു ഗാനമാലപിപ്പിച്ചതു് തികഞ്ഞ ബുദ്ധിശൂന്യതതന്നെയായി.

ഇത്രയും പറഞ്ഞതുകൊണ്ടു് 'സമസ്യ' എല്ലാംതികഞ്ഞ ഒരു നാടകമാണെന്നു് ആരും കരുതരുതു്. എല്ലാം തികഞ്ഞ ഒന്നുംതന്നെ ഈ ലോകത്തു് ഇന്നേവരെ ഉണ്ടായിട്ടില്ല. പക്ഷേ, ഒരുകാര്യം സത്യമാണു്, 'സമസ്യ' നമ്മുടെ നാടകവേദിയുടെ ചരിത്രത്തിൽ മറക്കാനാവാത്ത ഒരദ്ധ്യായം എഴുതിച്ചേർത്തിരിക്കുന്നു. പോലീസുകാരുടേയും പുരോഹിതന്മാരുടേയും കഥകളിൽനിന്നു് നമ്മുടെ പ്രൊഫഷണൽ നാടകവേദി രക്ഷപ്പെടുന്നതിന്റെ ആദ്യസൂചനയാണീ നാടകം.

— പ്രസന്ന

—0—

എന്റെ സങ്കല്പങ്ങളിലെ ഭർത്താവ്

പൂനിലാവു് പരന്നൊഴുകുകയാണു്. എങ്ങും പ്രശാന്തമാനമായ അന്തരീക്ഷം! നേരിയ മഴ ചാറുന്നുണ്ടു്. മുല്ലപ്പൂക്കളുടെ സുഗന്ധമുള്ള ഇളംകാററു് എന്നെ കോൾമയിർകൊള്ളിക്കുന്നു. കാരണം—ഞാൻ "സങ്കല്പങ്ങളിലെ ഭർത്താവിനെക്കുറിച്ചു്" എഴുതാനിരിക്കുകയാണു്. ഇളംനീലകലർന്ന ആകാശത്തിൽ അങ്ങിങ്ങു് അഞ്ചാറു നക്ഷത്രങ്ങൾ പ്രകാശിക്കുന്നുണ്ടു്. ചുരുക്കിപ്പറഞ്ഞാൽ ഈ ശബ്ദായമാനമായ അന്തരീക്ഷം എനിക്കു് എഴുതുവാനുള്ള പ്രചോദനം തരുന്നുണ്ടു്.

സങ്കല്പത്തിലെ ഭർത്താവാണു് വിഷയം. എന്തെഴുതണം, എങ്ങിനെയെഴുതണം. എനിക്കൊന്നുമറിയില്ല. എങ്കിലും എനിക്കെല്ലാമറിയാം. പക്ഷേ, പകർത്താനാവുന്നില്ല എന്തൊരു വൈരുദ്ധ്യം, എന്തൊരു സങ്കല്പം!

"സങ്കല്പം മധുരമാണു്."

പുരുഷൻ സ്ത്രീയെക്കുറിച്ചു് സങ്കല്പിക്കുന്നതിനേക്കാളും മാധുര്യമേറും, സ്ത്രീ പുരുഷനെക്കുറിച്ചു സങ്കല്പിക്കുമ്പോൾ!

ഒരു പുരുഷനെ എങ്ങിനെയാണു് വർണ്ണിക്കണമെന്നു് എനിക്കറിയുകയില്ല. എങ്കിലും എന്റെ മനസ്സിലുള്ള സങ്കല്പങ്ങൾ തുറന്നെഴുതട്ടെ.

എനിക്കു് നിറം ഒരു പ്രശ്നമല്ല. പക്ഷേ, കരിക്കട്ടയുടെ നിറമാവരുതെന്നു മാത്രം. സുന്ദരനും സുമുഖനുമായ യുവാവല്ലെങ്കിലും വിരൂപനായ ഒരാളിനെ ഞാൻ ആഗ്രഹിക്കുന്നില്ല. കൊമ്പൻമീശയേക്കാളും ഏറെ ഞാൻ ഇഷ്ടപ്പെടുന്നതു് വടയൻ മീശയ ണു്. കടിയനും ദുർമ്മാർഗ്ഗിയുമാവിരിക്കരുതു് ആദർശബോധമൊന്നുമില്ലെങ്കിലും സദാചാരബോധവ നും കർമ്മനിരതനുമായിരിക്കണം. ഇപ്പോൾ ചില "ഹിപ്പി" വേഷത്തിൽ നടക്കുന്ന ത്ര ഫാഷനില്ലെങ്കിലും ആളിനു കുറച്ചൊക്കെ ഫാഷൻ വേണം. സിഗരററു വലിക്കുന്നതിൽ വിരോധമില്ല അതേ സമയം ബീഡി ഉപയോഗിക്കരുതെന്നു മാത്രം. മസ്സഹശീലനും വിട്ടുവീഴ്ചാമനോഭാവമുള്ളവനും ആയിരിക്കണം. ഒരു കവിയോ സാഹിത്യകാരനോ ഒന്നുമല്ലെങ്കിലും കലാപരമായ വാസനകൾ ഉണ്ടായാൽ നല്ലതു് കുടുംബസ്വത്തു് ഉണ്ടാവണമെന്നില്ല. ഉണ്ടായാലും വിരോധമില്ല. പക്ഷേ, ഒരുദ്യോഗസ്ഥനായിരിക്കണമെന്നുള്ളതു നിർബ്ബന്ധമാണു്. വളരെ ഉയർന്ന ഉദ്യോഗമൊന്നുമില്ലെങ്കിലും എന്റെ വിദ്യാഭ്യാസയോഗ്യതയ്ക്കനുസരിച്ച ഒരു ഉദ്യോഗമെങ്കിലും വേണം. ഗവൺമെന്റു് ഉദ്യോഗമായാൽ വളരെ നല്ലതു്.

മുഴുവൻ സമയവും സിനിമ കാണാൻ ചിലവാക്കിയില്ലെങ്കിലും മാസത്തിൽ ഒന്നുരണ്ടു തവണയെങ്കിലും സിനിമ കാണുന്നവനായിരിക്കണം ചുരുക്കിപ്പറഞ്ഞാൽ ഒരു കൂലിവേലക്കാരനാണെങ്കിലും സ്നേഹവും പരസ്പരവിശ്വാസവും ഉണ്ടായിരിക്കണം. മററുള്ളവരുടെ വാക്കുകൾക്കു് വില കൊടുക്കാത്ത അവനവന്റേതായ

മായാമണി

ചില അഭിപ്രായങ്ങൾ ഉണ്ടായിരിക്കണം.

സങ്കല്പങ്ങൾ ഒരിക്കലും യാഥാർത്ഥ്യമാകണമെന്നില്ല. സങ്കല്പങ്ങൾ പൂവണിയുകയാണെങ്കിൽ ഞാൻ കൃതാർത്ഥയായി.

കവിവാക്യം പോലെ "സ്ത്രീ തൊട്ടാൽ പൊട്ടിത്തെറിക്കുന്ന ഒരു പളുങ്കുപാത്രമാണു്." "അടുക്കു ആയാൽ മടിയിൽ വെയ്ക്കാം. അടുക്കാമരമായാലോ?" അങ്ങനെയങ്ങനെ പോകുന്ന വീട്ടുകളിൽ സങ്കല്പങ്ങൾ യാഥാർത്ഥ്യങ്ങളായി തീർന്നെന്നു വരികയില്ല. എന്റെ "സങ്കല്പങ്ങൾ യാഥാർത്ഥ്യങ്ങളായിരുന്നു എങ്കിൽ!"

—0—

"നിരവദ്യമായ ഒരു നെയ്ത്തിരിനാളം ഹൃദയതലത്തിൽ നൃത്തമാടുന്നു. കണിക്കൊന്ന പൂത്തുലയുന്നു. കാതിൽ കളഗാനനിനാദമൊഴുകുന്നു ഇവിടെ ചന്ദനത്തിരിയുടെസൗരഭ്യമായ മണമൊഴുകുന്നു. എന്റെ കവിതേ നീ വരികയാണോ?..."

അടുത്ത ലക്കത്തിൽ **'സങ്കൽപത്തിലെ ഭാര്യ'** എന്ന പംക്തിയിൽ **ശ്രീ. എ. വി. എം. നാരായണൻ** എഴുതുന്നു.

ബാലലോകം

നക്ഷത്രമേ നിന്റെ കാരുണ്യം

—സിറാജ് മീനത്തേരി

ഞാനൊരു കഥ പറയുകയാണ്.
പലരും പറഞ്ഞ കഥ
പഴകിപ്പോയ കഥ.
ഒരു നക്ഷത്രത്തിന്റെ കഥ അല്ല ഒരു നക്ഷത്രരൂപത്തിന്റെ കഥ.
അതിന്റെ മഹത്വത്തെപ്പററി, അതിന്റെ ആർദ്രതയെക്കുറിച്ച്.

യുഗങ്ങൾക്കപ്പുറത്ത്, ശാസ്ത്രശാഖകൾ മനുഷ്യമസ്തിഷ്കങ്ങളിൽ ഉരുത്തിരിഞ്ഞുവന്ന കാലത്ത്, സംഭവിച്ചുവെന്നു പറയപ്പെടുന്ന ഒരു കഥ

പൈതഗോറസ് എന്ന മഹാനായ ഗുരുനാഥന്റെ ശിഷ്യഗണത്തിൽ പെട്ട ഒരാളിന്റെ അന്ത്യനിമിഷങ്ങളെക്കുറിച്ചാണിവിടെ പറയുന്നത്.

തത്വചിന്തയും, ഗണിതവും, വൈദ്യശാസ്ത്രവും പഠിപ്പിക്കാനായി പൈതഗോറസ് ഒരു വിദ്യാലയം സ്ഥാപിച്ചു. ഗുരുകുലത്തിലെ അന്തേവാസികളുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരുന്നു. അന്തേവാസികൾ തന്നത്രരൂപം നൽകിയ നക്ഷത്രചിഹ്നമുള്ള ഒരു ബാഡ്ജ് എല്ലാവരും ധരിച്ചിരുന്നു. ഗണിതശാസ്ത്രത്തിന്റെയും ആരോഗ്യത്തിന്റെയും പ്രതീകമായാണ് പ്രസ്തുത ചിഹ്നം അംഗീകരിക്കപ്പെട്ടത്. അഞ്ചു നകളോടുകൂടിയ നക്ഷത്രമായിരുന്നു ബാഡ്ജിൽ ചിത്രീകരിച്ചിരുന്നത്. പൈതഗോറിയൻസ് എന്നറിയപ്പെട്ടിരുന്ന ശിഷ്യപരമ്പരയിലെ ഏതൊരംഗത്തെയും തിരിച്ചറിയാൻ ഈ ചിഹ്നം ഉപകരിച്ചിരുന്നു.

ഒരിക്കൽ ഗ്രീസിൽനിന്ന് വളരെ വിദൂരമായ ഒരു സ്ഥലത്തുകൂടി സഞ്ചരിക്കുകയായിരുന്നു, ഒരു പൈതഗോറിയൻ. കൈവശമുണ്ടായിരുന്ന പണമെല്ലാം തീർന്നു. വസ്ത്രങ്ങൾ മുഷിഞ്ഞ് കീറിപ്പറിഞ്ഞു. രോഗബാധിതനുമായി. നിരത്തിനോടു ചേർന്നുള്ള ഒരു സത്രത്തിന്റെ മുന്നിൽ എത്തിയപ്പോഴേക്കും അയാൾ ബോധം നശിച്ച് തഴെവീണു

സത്രത്തിന്റെ ഉടമയായ ആ നഗരത്തിലെ പ്രഭു ദീനദയാലുവായ ഒരാളായിരുന്നു. രോഗബാധിതനായ പൈതഗോറിയനെ സത്രത്തിൽ കിടത്തി ആവശ്യമായ ചികിത്സകളെല്ലാം ചെയ്തു. ആ നല്ല മനുഷ്യൻ. പക്ഷേ, തന്റെ ജീവിതം അവസാനിക്കാറായെന്ന് ബോദ്ധ്യമായ പൈതഗോറിയൻ പ്രഭുവിനോടു പറഞ്ഞു:

"പ്രഭോ. അങ്ങു ചെയ്ത സഹായങ്ങൾക്ക് പകരമായി ഒന്നും തരാൻ എന്റെ കൈവശമില്ല"

"എനിക്കൊന്നും ആവശ്യമില്ല ദൈവം നങ്ങളെ സുഖമാക്കട്ടെ" പ്രഭു പറഞ്ഞു.

"ഇല്ല പ്രഭോ! എന്റെ അന്ത്യമടുത്തു ഇപ്പോൾ അങ്ങ്ക്ക് തരാൻ ഒന്നുമില്ലെങ്കിലും, എന്നെങ്കിലുമൊരിക്കൽ അങ്ങ്ക്ക് അതു ലഭിക്കണം."

എന്നിട്ട്, ഒരു പലകക്കഷണവും ഒരു കരിക്കട്ടയും തന്ന് തരാൻ പൈതഗോറിയൻ ആവശ്യപ്പെട്ടു. പ്രഭു അതു നൽകിയപ്പോൾ, പൈതഗോറിയൻ കരിക്കട്ട ഉപയോഗിച്ച് പലകക്കഷണത്തിൽ അഞ്ചുമുനയുള്ള ഒരു നക്ഷത്രരൂപം വരച്ചു. പ്രസ്തുത പലകക്കഷണം സത്രത്തിനു വെളിയിൽ. യാത്രക്കാർ കാണത്തക്കവിധം കെട്ടിത്തൂക്കണമെന്ന് അയാൾ ആവശ്യപ്പെട്ടു.

"എന്തിനാണതു?" പ്രഭു ചോദിച്ചു.

"എന്റെ അന്ത്യാഭിലാഷമാണതു. ഞാൻ പൈതഗോറസിന്റെ ശിഷ്യരിൽ ഒരാളാണ്. ഈ ചിത്രം കാണുന്ന എന്റെ കൂട്ടുകാർ എന്നെക്കുറിച്ചു ചോദിക്കണം. അതിനുവേണ്ടിയാണ് ഞാനാ ചിത്രം വരച്ചതു."

ഏറെ താമസിയാതെ ആ മനുഷ്യൻ മരിച്ചു. അയാളുടെ മൃതദേഹം ബഹുമതിയോടെതന്നെ പ്രഭുവിന്റെ ചെലവിൽ അടക്കം ചെയ്തു. അയാളുടെ ആഗ്രഹമനുസരിച്ച് പലകക്കഷണം സത്രത്തിനു മുന്നിൽ കെട്ടിത്തൂക്കി.

വളരെ വർഷങ്ങൾക്കുശേഷം അതുവഴി നടന്നുപോകാനിടയായ അയാളുടെ സുഹൃത്ത് ആ നക്ഷത്രചിഹ്നംകണ്ടു പ്രഭുവിനോട് വിവരങ്ങളന്വേഷിച്ചു മനസ്സിലാക്കി. തന്റെ സുഹൃത്തിന്റെ ചികിത്സയ്ക്കും, ശവസംസ്കാരത്തിനും വേണ്ടതെല്ലാം ചെയ്ത പ്രഭുവിന് അയാൾ ധാരാളം പണം നൽകി.

പ്രസ്തുത ചിഹ്നമില്ലായിരുന്നെങ്കിൽ ആ പൈതഗോറിയന്റെ അന്ത്യത്തെക്കുറിച്ച് ആരറിയുമായിരുന്നു? അയാളുടെ സുഹൃത്തുക്കളായ മററു പൈതഗോറിയൻസ് ആരുംതന്നെ അറിയുകയില്ലായിരുന്നെന്നു തീർച്ച.

—o—

ജാതി

കർണ്ണാടകപ്രദേശത്തെ ഒരു ചെറിയ ഗ്രാമം. ഒരു സന്ധ്യ. കൃഷിക്കാർ കളത്തട്ടിൽ ഇരുന്ന് ആത്മപ്രശംസ നടത്തുന്നു.

പണക്കാരനായ വെങ്കട്ടയും അവിടെ ഇരിപ്പുണ്ട്. കൃഷിക്കാരുടെ സംസാരം അയാൾക്കു പിടിച്ചില്ല.

സഹിക്കവയ്യാതായപ്പോൾ അയാൾ പറഞ്ഞു:

"നിങ്ങളെന്തിനാണിങ്ങനെ സ്വയം പ്രശംസിക്കുന്നതു? സെമീന്ദാർ, എന്നെ നേരിട്ടു ക്ഷണിച്ചിരിക്കുകയാണ് മകളുടെ വിവാഹത്തിന്. അതു നിങ്ങളറിഞ്ഞോ?"

"അതിനെന്താ, ഞാൻ സെമീന്ദാരുടെ ഒപ്പമിരുന്നു് വിരുന്നുണ്ണുന്നതു നിങ്ങൾക്കു കാണണോ?"—അതുകേട്ട് കൃഷ്ണറാവു എന്ന കൃഷിക്കാരൻ പറഞ്ഞു:

"അതു നടക്കില്ല. തീർച്ച. നടന്നാൽ നിങ്ങൾക്ക് ഒരു ജോഡി കാളയെ വാങ്ങിച്ചുതരാം. ഇല്ലെങ്കിൽ നിങ്ങളുടെ സ്വത്തുമുഴുവനും എനിക്കു തരണം.

കൃഷിക്കാരൻ സമ്മതിച്ചു.

അടുത്തദിവസം. ഉച്ചയ്ക്ക് കൃഷ്ണറാവു സെമീന്ദാരുടെ അടുത്തെത്തി. സെമീന്ദാർ ഉണ്ണാൻ ഭാവിക്കുകയായിരുന്നു.

കൃഷിക്കാരൻ പറഞ്ഞു:

"എനിക്കങ്ങയോടൊരു രഹസ്യം പറയാനുണ്ട്. അറിഞ്ഞുകൂടാത്തതുകൊണ്ട് ചോദിക്കുകയാണ്. എനിക്കൊരു സ്വർണ്ണഇഷ്ടിക കിട്ടി. അതാരുടേതാണെന്ന് അങ്ങ്ക്കറിയാമോ?

സെമീന്ദാർ അത്ഭുതപ്പെട്ടുപോയി.

അയാൾ ആലോചിച്ചു. എങ്ങനെയെങ്കിലും ഇവനെ വശത്താക്കണം. പിന്നെ, സ്വർണ്ണഇഷ്ടികയും...

സെമീന്ദാർ ക്ഷണിച്ചു.

"സ്നേഹിതാ. വരൂ. വരൂ ആദ്യം ആഹാരം കഴിക്കാം. എന്നിട്ടാവാം സംസാരം.

രണ്ടുപേരും ഒപ്പമിരുന്നു. ഭക്ഷണം കഴിച്ചു.

"ഇനി ആ സ്വർണ്ണഇഷ്ടിക കാണട്ടെ. ആരുടേതാണെന്ന് ഇപ്പോൾ പറഞ്ഞുതരാം.

—സെമീന്ദർ അക്ഷമനായി.

"എന്റെ കൈയിലെവിടെ നിന്നാണ് സ്വർണ്ണഇഷ്ടിക ഞാൻ സ്വർണ്ണത്തിന്റെ വിലയറിയാൻ ചോദിച്ചതാണ്."

സെമീന്ദാർ ദേഷ്യംകൊണ്ട് തുള്ളി:

"കഴുതേ. കടന്നുപോ ഇവിടുന്ന്."

കൃഷ്ണറാവു ചിരിച്ചുകൊണ്ടു നടക്കുമ്പോൾ പറഞ്ഞു:

ഞാനെങ്ങനെ കഴുതയാവും. അങ്ങ് ഭക്ഷണംതന്നു. ഇനി ഒരു ജോഡി കാളകളും എനിക്കു കിട്ടാൻ പോകുന്നു."

— [illegible]

—o—

പരിദേവനം

എം. ഡി. രാജേന്ദ്രൻ

എനിക്കു ദുഃഖമീ-
നനുത്ത പച്ചപ്പിൻ
മിനുത്ത ശാദ്വലം-
വരണ്ടുപോയതിൽ.
എനിക്കു ദുഃഖമീ-
കറുത്ത മേഘങ്ങൾ
പൊടുന്നനെ പൊട്ടി-
യൊലിച്ചുപോയതിൽ.
വിയർപ്പുനാററവും-
വിളഞ്ഞനോട്ടവു-
മുതിർത്തു വീണുമീ
പകൽ വരുന്നതിൽ.
വിരിഞ്ഞുതേൻകണം
ചൊരിഞ്ഞു ചുററിലും
നിരന്നപൂവുകൾ
കൊഴിഞ്ഞുപോയതിൽ,
തിരയൊടുങ്ങുമീ-
തടാകസീമയിൽ
ചതഞ്ഞ മുക്ത
പരന്നിടുന്നതിൽ.
അതീന്നു സാക്ഷിയായ്
കറുത്ത കൺകളും
തുറിച്ചുനിൽക്കുമീ
വിയത്തിൽനോക്കുകിൽ:
വിയത്തിൽ നിന്നുതൻ
ചിറകൊടിഞ്ഞു വീ-
ണഴറ്റും ചെറു
കിളിയെ നോക്കുകിൽ
കിളിമുഴക്കുന്ന
കരച്ചിൽ കേൾപ്പതിൽ;
കരച്ചിലെങ്ങുമേ
പ്രതിധ്വനിപ്പതിൽ!
എനിക്കു ദുഃഖമീ
വിജനഭീകര
തുരങ്കവീഥിയിൽ
പിറന്നു വീണതിൽ;
വിലങ്ങുമേന്തിവൻ-
തമസ്സിൽ മുളലായ്,
ഞരക്കമാ,യിന്നും-
വിളമ്പിനിൽപ്പതിൽ!

—o—

മറവി

— സുബൈദ

അറയുടെ മൂലയിൽവെച്ചു, പഴയ വീഞ്ഞപ്പെട്ടി താങ്ങി, പുറത്തെ തറയിൽ വെച്ചപ്പോൾ ചിതലരിച്ചപെട്ടിയിൽനിന്നു്, ചെമ്മണ്ണു നിലത്തുവീണു. മുന്നു കൊല്ലംമുമ്പു് ആരോടെന്നില്ലാത്ത ദേഷ്യത്തോടെ പുസ്തകംവാരിനിറയ്ക്കുമ്പോൾ, ഞാലിയിലെ സിമൻറുതൂണിൽചാഞ്ഞിരുന്നു്, കൈയിലെ വെററിലയുടെ കോണുനുള്ളി നുറമത്തിത്തേക്കുന്ന ഉമ്മ പറഞ്ഞു:

"കുപ്പണ്ണായാ... അടക്കോം...ഒത്തുക്കോം വേണം. പഠിക്കണ്ടാണ് പറഞ്ഞാ... അത്രതന്നെ..."

നിരാശതയുടെ, ശാസന.

വളപ്പിൻെറ പിറകിലുള്ള പൊന്തക്കാട്ടിന്നരുകിൽ, അന്തിത്തിരി വെക്കാൻപോകാറുള്ള നാരായണിയെ കണ്ടപ്പോൾ പറഞ്ഞു:

"ഞാനിനി... സ്കൂളിലേക്കില്ല..."

"ഹെന്തെ...."

ഉത്തരം കിട്ടാഞ്ഞപ്പോൾ, യാത്രപോലും പറയാതെ, ചെമ്പകക്കാട്ടിന്നരികിലൂടെ നടന്നകന്ന നാരായണിയുടെ, പിമ്പുറം കൺവെട്ടത്തിൽനിന്നകന്നപ്പോൾ ആലോചിച്ചു:

"എന്തെ....?"

മുന്നുകൊല്ലത്തിന്നുശേഷവും, ചിതലരിച്ച പുസ്തകത്തിൻെറ താളിലേക്കു ഭയത്തോടെ പാംഞ്ഞാളിക്കുന്ന നെയ്യുറുമ്പിനെ നോക്കി ഇന്നും സ്വയം ചോദിക്കുന്നു:

"എന്തെ?"

കൈയിലെ പുസ്തകത്തിൽ പതിഞ്ഞ കണ്ണുകൾ അസ്വസ്ഥതയോടെ പിൻവലിച്ചപ്പോൾ മനസ്സിലായി:

ഡയറിയാണു്!

പ്ളാസ്റ്റിക്കവറിൽ ഭംഗിയായി "പ്രിന്റ്" ചെയ്ത കൊല്ലത്തിന്നു മങ്ങലേററിട്ടില്ല ഒരു യോദ്ധാവിൻെറ പ്രസരിപ്പോടെ അതവിടെ തലപൊക്കി നിൽക്കുന്നു.

1967.

കൊച്ചിയിലെ മലയാള നാട്ടു് ഏജൻറു് ശ്രീ: സി ജി. രാജുവിൻെറ സഹോദരി ശോഭയും കെ. ജി. രവീന്ദ്രനും. ഇവരുടെ വിവാഹം ഈയിടെ നടന്നു.

ആറിൽ പഠിക്കുമ്പോൾ,തടിച്ചു്, വെളുത്ത, സുന്ദരിയായ ജാനകിടീച്ചറാണു് ഡയറിയെപ്പററി ആദ്യം പറഞ്ഞുതന്നതു്. നെടുനാൾ അണയാതെനിന്ന ആവേശം, കെട്ടടങ്ങിയതു് എന്നാണാവോ?

എന്തിനു് ഇതൊക്കെ ഓർക്കണം?

മനസ്സിൽ, നാലു തിരിയിട്ടു് എരിയുന്ന ഓർമ്മകളുടെ നാളങ്ങൾ. കഴിഞ്ഞതോർക്കുമ്പോഴാണു് കൂടുതൽ വേദനതോന്നുന്നതു്. ഡയറിയുടെ ആദ്യത്തെ താളിൽ, ഭംഗിയിലെഴുതിയ പേരു് അപരിചിതമായി തോന്നി. ആവർത്തിച്ചു വായിച്ചു:

ശശികല.

ആരാണിവൾ.

ഓർമ്മകൾ, അതു് എന്നിൽനിന്നകലുന്നുണ്ടോ?

എങ്കിൽ—"എന്തെ?"

—o—

കുട്ടിക്കവിതകൾ

[പറയാമോ?

—കാവിൽ രാജു

മുത്തശ്ശിയ്ക്കൊരു പേരുണ്ടു്
മുത്തുപതിച്ചൊരു പേരുണ്ടു്
മദ്ധ്യക്ഷരവും അന്ത്യക്ഷരവും
ചേർന്നാൽ കയ്യിലണിഞ്ഞിടാം.
ആദ്യക്ഷരവും അന്ത്യക്ഷരവും
ചേർന്നാൽ കാലിലണിഞ്ഞിടാം.
പേരറിയാമോ, നാടറിയാമോ
വീടറിയാമോ, പറയാമോ?

—o—

ഞാൻ

ആരുമെൻ പേരുവെറുക്കുന്നു
ആയിരംകാലിൽ ചരിക്കുന്നു.
ആരുമെൻവീടിൽ വരുന്നില്ല
ആരുമെനാട്ടിലെനിയ്ക്കില്ല.
ആരുമെ തോണ്ടിക്കളഞ്ഞിട്ടും
പേടിച്ചുചുററിച്ചുരുണ്ടിട്ടും.

—o—

നുണങ്ങുകഥ

ഉദ്ധരണികൾ

ആധുനികസാഹിത്യത്തെപ്പററി, കാമു, കാഫ്ക, സാത്രെ തുടങ്ങിയവരെ ഉദ്ധരിച്ചുകൊണ്ടു് അയാൾ ഒരുഗ്രൻ ലേഖനം എഴുതി.

അതിനുശേഷം അയാൾ സ്വന്തം വരികൾ എണ്ണിനോക്കി. പിന്നെ താനുദ്ധരിച്ച ഉദ്ധരണികളും.

തൻെറ വരികൾ—10%
മററു് ഉദ്ധരണികൾ—90%

—ശ്രീധരൻ, മൊകേരി.

—o—

റോബോട്ട്റാം (രണ്ടാംഭാഗം)–3

—ഗഫൂർ

ഗോപിനാഥ്; പനങ്ങാട്ട്

ഇസ്താംബൂളിലെ ഇസ്രേലി കോൺസൽ ജനറലായിരുന്നു എഫ്രൂം എൽറോം. അദ്ദേഹം ഇസ്രയേലിന്റെ വിദേശകാര്യസർവ്വീസിൽ ചേർന്നതു് 1969-ലാണ്. അതിനുമുമ്പ് 29 വർഷക്കാലം അദ്ദേഹം പോലീസ്സർവ്വീസിലായിരുന്നു. കുററാന്വേഷണവിഭാഗത്തിന്റെ മേധാവിയായാണ് അദ്ദേഹം റിട്ടയർ ചെയ്തതു്. നാസിയുദ്ധത്തടവുകാരനായിരുന്ന അഡോൾഫ് ഐക്മാനെ ചോദ്യം ചെയ്തതുവഴി ഒരുകാലത്തു്. ലോകശ്രദ്ധയെ ആകർഷിച്ച വ്യക്തിയായിരുന്നു അദ്ദേഹം. ഭാര്യ എൽസയും ഒരേ ഒരു പുത്രനുമടങ്ങുന്ന കൊച്ചുകുടുംബമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നതു്. എന്നാൽ ആ പുത്രൻ രണ്ടു കൊല്ലം മുമ്പ് ഒരു വിമാനാപകടത്തിൽ മരണമടഞ്ഞതോടെ നിത്യദുഃഖത്തിന്റെ കയത്തിലേക്കു് എൽറോംകുടുംബം വീണുപോയി.

കഴിഞ്ഞ മേയ് 17-ാംതീയതി ആയുധധാരികളായ ഒരു സംഘം വിപ്ലവകാരികൾ ഈ അമ്പത്തെട്ടുകാരനെ അദ്ദേഹത്തിന്റെ ഓഫീസിൽനിന്നും തട്ടിക്കൊണ്ടുപോയി. കൃത്യം ആറു മണിക്കൂർ കഴിഞ്ഞപ്പോൾ ടർക്കിയിലെ ഒരു വാർത്താഏജൻസിഓഫീസിൽ അജ്ഞാതനായ ഒരാൾ ഒരു കത്തു കൊണ്ടിട്ടു. ടർക്കിഷ്ഗവണ്മെന്റു് ഇപ്പോൾ തടങ്കലിൽ വെച്ചിട്ടുള്ള എല്ലാ ഒളിപ്പോരാളികളേയും മേയ് 20-ാം തീയതി 5 മണിക്കകം മോചിപ്പിക്കണമെന്നു് ഭരണകൂടത്തിനുള്ള ഒരു അന്ത്യശാസനമായിരുന്നു അതു്. അല്ലാത്തപക്ഷം കോൺസൽ ജനറലിനെ വധിക്കുമെന്നും സന്ദേശത്തിൽ തുടർന്നു പറഞ്ഞിരുന്നു. 'തുർക്കികളുടെ വിമോചനസേന'യുടെ പേരിലാണ് സന്ദേശം അധികൃതർക്കു ലഭിച്ചതു്. കോൺസലിനെ അന്വേഷിച്ചു് പോലീസ് വന്നാൽ കൂടുതൽ കഴപ്പങ്ങളുണ്ടാകുമെന്ന മുന്നറിയിപ്പും വിമോചനസേന നൽകി. ഭാര്യയുടെ കൺമുമ്പിൽ നിന്നാണ് എൽറോമിനെ ബോധരഹിതനായ നിലയിൽ വിപ്ലവകാരികൾ വലിച്ചിഴച്ചു് ഒരു കാറിൽ കയററിക്കൊണ്ടുപോയതു്. ഈ ദാരുണമായ കാഴ്ചകണ്ടു് ആ സ്ത്രീയും ബോധഹീനയായി.

ഒരു സ്ത്രീയുടെ ദുഃഖം

തങ്ങളുടെ പ്രതിപുരുഷനു ടർക്കിയിൽ വെച്ചു് ഇങ്ങിനെ ഒരാപത്തു സംഭവിച്ചതായ വാർത്ത ഒരു ഞെട്ടലോടെയാണ് ഇസ്രയേൽ ശ്രവിച്ചതു് കോൺസലിനെ ഏററവും വേഗത്തിൽ കലാപകാരികളിൽനിന്നു മോചിപ്പിക്കണം എന്നു കാണിച്ചുകൊണ്ടു് അവിടെനിന്നു ടർക്കിയിലേക്കു് അടിയന്തിരസന്ദേശങ്ങൾ പാഞ്ഞു. എൽറോമിനെ തിരഞ്ഞുകൊണ്ടിരിക്കുകയാണെന്നും ഏററവും വേഗത്തിൽ അദ്ദേഹത്തെ കണ്ടെത്തുന്നതാണെന്നും കാണിച്ചു ടർക്കിഗവണ്മെന്റു് ഇസ്രയേലിനു് മറുപടിക്കത്തയച്ചു. ആ സമയത്തു പോലീസും പട്ടാളവും എൽറോമിനെത്തേടി രാജ്യവ്യാപകമായ തിരച്ചിൽ നടത്തുകയായിരുന്നു.

ഇതിനിടെ ടർക്കിയിലെ പത്രങ്ങളിൽ ഒരു കത്തു പ്രസിദ്ധം ചെയ്യപ്പെടുകയുണ്ടായി. കലാപകാരികളെ അഭിസംബോധന ചെയ്തുകൊണ്ട് ശ്രീമതി എൽറോം ഹീബ്രുഭാഷയിൽ എഴുതിയ ആ കത്തു ടർക്കിഷ് ഭാഷയിലേക്കു പരിഭാഷപ്പെടുത്തുകയാണുണ്ടായതു്. ടർക്കിയിലെ സ്ത്രീകൾ ആ കത്തു വായിച്ചു പൊട്ടിക്കരഞ്ഞു. മനഃസാക്ഷി മരവിക്കാത്ത ജനങ്ങളെ മുഴുവൻ ആ കത്തു ദുഃഖാകുലരാക്കി.

"യുവസ്നേഹിതരെ,

ഈ കത്തെഴുതുന്നതു ഹൃദയം തകർന്ന ഒരമ്മയാണ്. തന്റെ ഏകപുത്രൻ വിമാനപകടത്തിൽപ്പെട്ട് മരിച്ചതിൽപ്പിന്നെ കണ്ണീരു തോർന്നിട്ടില്ലാത്ത ഒരമ്മ. ഇന്നി എന്റെ ജീവിതത്തിലെ ഏക ആശാകേന്ദ്രം എന്റെ ഭർത്താവുമാത്രമാണ്. അദ്ദേഹവും നഷ്ടപ്പെടുന്ന ഒരവസ്ഥയെക്കുറിച്ച് എനിക്കു സങ്കല്പിക്കാൻപോലും വയ്യ."

"നിങ്ങളിൽ പലരും വിവാഹിതരായിരിക്കാം. നിങ്ങളുടെ നിലയെക്കുറിച്ച് ആശങ്കാകുലരായി വീട്ടിൽ കാത്തിരിക്കുന്ന ഭാര്യമാർ ഉള്ളവർ. ആ സ്ഥിതിക്ക് ഞാൻ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന മനോവ്യഥ എത്രയായിരിക്കും എന്നു നിങ്ങൾക്കു ഊഹിക്കാൻ കഴിഞ്ഞേക്കും."

"മാനുഷികവികാരങ്ങളുടെ പേരിലെങ്കിലും ഈ ദുർബ്ബലയായ സ്ത്രീയുടെ അപേക്ഷ നിങ്ങൾ കേൾക്കൂ."

"ദയവായി, പ്രിയപ്പെട്ടവരെ, എന്റെ ഭർത്താവിനെ വിട്ടുതരൂ."

എൽസാ എൽറോം

(ഒപ്പ്)

ഹൃദയസ്പർശിയായ ഈ കത്ത് കലാപകാരികളിൽ യാതൊരു മനഃപരിവർത്തനവും ഉണ്ടാക്കിയില്ല. മേയ് 23-ാംതീയതി എൽറോമിന്റെ മൃതദേഹം ഇസ്രാംബൂളിലെ ഒരു ആൾപാർപ്പില്ലാത്ത വീട്ടിൽനിന്ന് പോലീസ് കണ്ടെടുത്തു. മൃഗീയമായ രീതിയിലാണ് അദ്ദേഹം വധിക്കപ്പെട്ടതെന്ന് ശരീരത്തിലെ നിരവധി മുറിവുകൾ കണ്ടാൽ അറിയാമായിരുന്നു. അങ്ങിനെ ടർക്കിഗവണ്മെൻറും ടർക്കിയിലെതന്നെ വിമോചനസേനയും തമ്മിൽ നടന്ന ഒരു ശക്തിപരീക്ഷണത്തിന് ഇസ്രയേലിനു നൽകേണ്ടിവന്ന വിലയ്ക്കു സ്വന്തം പ്രതിപുരുഷന്റെ ജീവനായിരുന്നു. എത്ര വിലപ്പെട്ട ഒരു മനുഷ്യനാണ് എൽറോമിന്റെ മരണംമൂലം തങ്ങൾക്കു നഷ്ടപ്പെട്ടതെന്ന് ഇസ്രയേൽപ്രധാനമന്ത്രി ശ്രീമതി ഗോൾഡാ മേയർ ടർക്കിഷ്ഭരണകൂടത്തിനു് പിറേറന്നയച്ച പ്രതിഷേധക്കത്തിൽ വ്യക്തമാക്കിയിരുന്നു. ജീവിതത്തിലെ എല്ലാം നഷ്ടപ്പെട്ട എൽസയെ ആശ്വസിപ്പിക്കാൻ ശ്രീമതി ഗോൾഡാമേയക്കു് വാക്കുകൾ കിട്ടിയില്ല.

—0—

ആത്രേയാശ്രമം കൈതമുക്ക് തിരുവനന്തപുരം

കദളീരസായനം

ശരീരത്തിലെ സൗന്ദര്യാംശങ്ങൾ ദൈനംദിനം നഷ്ടപ്പെട്ട് ഓജസ്സും ഉന്മേഷവും നശിച്ച്, ജീവിതംതന്നെ ഭാരമായിത്തോന്നുന്നവർക്കു് ഏററവും ഫലപ്രദം. ശരീരച്ചൂട്, ദാഹം, കൈകാൽകഴപ്പ്, സന്ധികൾതോറും വേദന, വയറുകത്തൽ, എപ്പോഴും ക്ഷീണം, ആഹാരംവെറുപ്പ്, ഭയം, ദേഷ്യം മുതലായവ ലക്ഷണങ്ങളിൽ ചിലവമാത്രം.

ഒരു മാസത്തെ ഉപയോഗത്തിനുള്ള മരുന്നിനു വില രൂപാ 20-00 അഞ്ചുരൂപാ മുൻകൂറായി അയയ്ക്കുക.

'ഒരു പെണ്ണിന്റെ കഥ' എന്ന ഭേദപ്പെട്ട ചിത്രത്തിനുശേഷം ചിത്രാഞ്ജലി പിക്ചേഴ്സിനുവേണ്ടി കെ. എസ്. ആർ മൂർത്തി നിർമ്മിച്ചു പ്രദർശനത്തിനിറക്കിയിരിക്കുന്ന 'ഇൻക്വിലാബ് സിന്താബാദ്' ശ്രീധരൻ എന്ന ഒരു രാഷ്ട്രീയപ്രവർത്തകന്റെ ജീവിതത്തെ ചുററിപ്പററിയുള്ളൊരു കഥയുടെ അഭ്രാവിഷ്കാരമാണ്.

ശ്രീധരൻ തന്റെ മുറപ്പെണ്ണായ രാജമ്മയെ സ്നേഹിച്ചിരുന്നു. പക്ഷേ, പെണ്ണിനെ കൊടുക്കില്ലെന്നുപറഞ്ഞ് അമ്മാവൻ ശ്രീധരനെ ആട്ടിയിറക്കി ശ്രീധരൻ രാഷ്ട്രീയത്തിൽ മുഴുകി, മറെറല്ലാം മറന്ന്, അച്ഛനമ്മമാരോടും അനിയത്തിമാരോടുമുള്ള കടമയൊക്കെ മറന്ന് വീട്ടുപട്ടിണിയാക്കി പാർട്ടിപ്രവർത്തനത്തിനിറ

ങ്ങി ഉയർന്ന നേതാവായി ഒരു ജാഥ നയിക്കവേ അറസ്റ്റുചെയ്യപ്പെട്ട ശ്രീധരൻ ജയിലിൽ ലഹളകൂട്ടിയതോടെ ശല്യം ഒഴിവാക്കാനായി കോട്ടയത്തുനിന്നും പൊൻകുന്നത്തേക്കയയ്ക്കപ്പെട്ടു. ഇവിടെവെച്ചാണ് പണ്ടു കഥകളിനടനായിരുന്ന, പിന്നീട് കാലക്ഷേപം കഴിക്കാൻവേണ്ടി പോലീസിൽ ചേർന്ന പാഞ്ചാലിരാമൻ നായരെ പരിചയപ്പെട്ടതു്. ശ്രീധരന്റെ പ്രസംഗം കേട്ടിട്ടുള്ള രാമൻനായർ തന്റെ മകളും ഒരു സ്കൂളദ്ധ്യാപികയുമായ വാസന്തിയിൽനിന്ന് ശ്രീധരനു വായിക്കാൻ പുസ്തകങ്ങളെത്തിച്ചുകൊടുത്തു. പുസ്തകങ്ങൾവഴി ശ്രീധരനും വാസന്തിയും തമ്മിലടുത്തു. ഒരിക്കൽ അവർതമ്മിൽ പോലീസ്സ്റ്റേഷനിൽവച്ചു പരസ്പരം കാണാനുമിടയായി. ശ്രീധരൻ ജയിൽചാടിയതോടെ പാഞ്ചാലി സസ്പെൻഡു ചെയ്യപ്പെട്ടു. ശ്രീധരനും സഹപ്രവർത്തകൻ സഖാവു മാത്യുവും സ്ഥിരം ചെന്നെത്തുന്ന ഒരു ഷെൽട്ടറാണ് മുൻ കോളേജ്മേററും ഇപ്പോൾ ഒരദ്ധ്യാപകനുമായ വേണുവിന്റെ വീട്. വേണുവിനു കൂട്ടുകാരുമായി രാഷ്ട്രീയാഭിപ്രായവ്യത്യാസമുണ്ടെങ്കിലും അയാൾ മനുഷ്യത്വമുള്ളൊരു നല്ല സുഹൃത്താണ്. അയാൾ അവർക്ക് ഊണും ഉടുപ്പും കൊടുത്തു. ജയിൽചാടിയ ശ്രീധരൻ മറെറാരു സമരമുഖത്തുവച്ച് വീണ്ടും അറസ്റ്റു ചെയ്യപ്പെട്ടുവെങ്കിലും അവിടെയും അയാൾ പോലീസിനെ വെട്ടിച്ചു രക്ഷപ്പെട്ടു. വേണുവിനുപുറമേ ശ്രീധരനെ സംരക്ഷിക്കുന്ന മറെറാരാൾകൂടെ യുണ്ട്. ശ്രീധരന്റെ മുറപ്പെണ്ണായിരുന്ന തുളസിപ്പറമ്പിലെ രാജമ്മ. അവളിപ്പോൾ പഴയ ആളല്ല. പട്ടണത്തിലെ പ്രധാന വേശ്യയാണ്. ടൂറിസ്റ്റ് രാജമ്മ. അവൾക്കൊരു ദുഃഖസാന്ദ്ര

ഇങ്ക്വിലാബ് സിന്താബാദ്!

മായ കഥയുണ്ട്. വീട്ടുകാരുടെ നിർബ്ബന്ധംമൂലം അവളൊരു വിവാഹത്തിനു വഴങ്ങി. ധൂർത്തനായ ഭർത്താവ് ഉള്ളതൊക്കെ കടിച്ചുതീർത്തു. ഒടുവിലവളെ കൂട്ടിക്കൊടുക്കാൻ തുടങ്ങി. അതോടെ രാജമ്മ ഭർത്താവിനെ ഇറക്കിവിട്ട്, വേശ്യാവൃത്തി ആരംഭിച്ചു. സ്ഥലത്തെ ധനാഢ്യനും കാര്യംകാണാൻ ഏതു പാർട്ടിയുടേയും അനുഭാവിയായി മാറുന്ന ആളുമായ ചെരിയാൻവക്കീൽവരെ രാജമ്മയുടെ പതിവുകാരനാണ്.

വാസന്തിക്കു കോട്ടയത്തേക്കു ട്രാൻസ്ഫറായി. അവൾ വേണുവിന്റെ സഹപ്രവർത്തകയായി. വേണുവഴി അവളും ശ്രീധരനുമായുള്ള ബന്ധം പുനരാരംഭിച്ചു. ശ്രീധരനെ തിരഞ്ഞു നടന്ന പാഞ്ചാലിരാമൻ നായർ വേണുവിന്റെ വീട്ടിൽനിന്നിറങ്ങിവന്ന മാത്യുവിനെ പി

ടിക്കുടി. രക്ഷപ്പെടാനുള്ള ശ്രമത്തിൽ മാത്യു പാഞ്ചാലിയെ കത്തിക്കൊന്നു അയാൾ ധരിച്ചിരുന്നതു് വേണുവിന്റെ ഷർട്ടായതുകൊണ്ടു് നിരപരാധിയായ വേണു കൊലക്കുററത്തിനു് അറസ്റ്റ് ചെയ്യപ്പെട്ടു ജീവപര്യന്തം തടവിനു ശിക്ഷിക്കപ്പെട്ടു. വേണു ജയിലിലായപ്പോൾ ടൂറിസ്റ്റ്"രാജമ്മ ഹംസമായി. അവൾ ശ്രീധരന്റെ കത്തു് വാസന്തിക്കു് എത്തിക്കുക പതിവായി. അതിലൊരു കത്തു് പോലീസ് പിടിച്ചു. അവൾ കത്താരുടേതാണെന്നു പറഞ്ഞില്ലെങ്കിലും, ഇതിനിടെ അറസ്റ്റ് ചെയ്യപ്പെട്ട ശ്രീധരൻ എല്ലാം തുറന്നു പറഞ്ഞു. നിരാലംബയായ വാസന്തി രാജമ്മയോടൊത്തു താമസമാക്കി

മന്ത്രിസഭ രാജിവച്ചു. ഗവർണ്ണർ ഭരണമേറ്റെടുത്തു. രാഷ്ട്രീയക്കേസ്സുകൾ പിൻവലിക്കപ്പെട്ടു ജയിൽ മോചിതരായ നേതാക്കളെ സ്വീകരിക്കാൻ അവസരവാദികൾ—ചെറിയാൻവക്കീലന്മാർ—മുമ്പോട്ടുവന്നു തെരഞ്ഞെടുപ്പിൽ ശ്രീധരനെ സ്ഥാനാർത്ഥിയാക്കാൻ പാർട്ടി തീരുമാനിച്ചു പക്ഷേ, അപ്പോൾ വരുന്നു പൊതുജനങ്ങളുടെ ഭീമഹർജി. ശ്രീധരൻ ദുർന്നടപ്പുകാരനാണു്. അയാൾ വേശ്യാവീട്ടിൽ പോവുന്നു. വാസന്തിയെ പ്രേമിക്കുന്നു കമ്മിററിയായി. ചർച്ചയായി പാർട്ടി തീരുമാനം ശ്രീധരൻ രാജമ്മയെ കാണുകയോ വാസന്തിയെ വിവാഹം കഴിക്കുകയോ ചെയ്യരുതെന്നായിരുന്നു.തീരുമാനം ധിക്കരിച്ചു ശ്രീധരൻ കമ്മററിവിട്ടു പോകേണ്ടിവന്നു അയാൾ രാജമ്മയെ കണ്ടപ്പോൾ ശ്രീധരന്റെ ഭാവി രക്ഷിക്കാൻവേണ്ടി മാത്യുവിടന്റെ പ്രേരണയാൽ രാജമ്മ കളവുപറഞ്ഞു, 'വാസന്തി വിവാഹിതയായെന്നു്'. നിരാശനായ ശ്രീധരനെ അടുത്ത നിരാശ കാത്തുനിന്നു. അയാൾ പാർട്ടിയിൽനിന്നും പുറന്തള്ളപ്പെട്ടു. എന്നിട്ടും പാർട്ടി ആപീസിന്റെ ഉൾമുറിയിൽ കിടക്കാൻ അയാൾക്കനുവാദം കിട്ടി. ചുമച്ചുകരച്ചു് അവിടെ കിടന്നുകൊണ്ടു്, ചെറിയാൻ വക്കീൽ എം. എൽ. എ. ആവുന്നതും മന്ത്രിയാവുന്നതും അയാൾ അറിഞ്ഞു. ഒടുവിൽ രാജമ്മ വന്നു് അയാളെ വിളിച്ചുകൊണ്ടുപോയി വാസന്തി അയാളെ കാത്തിരുന്നു. ജനകീയമന്ത്രി വരുന്നതിന്റെ ബഹളം ആ പുനസ്സമാഗമവേളയുടെ വികാരനിർഭരമായ മൗനത്തിനു ഭംഗമുണ്ടാക്കി. പാർട്ടിയുടെ മന്ത്രിയെ കാണാനായി ശ്രീധരൻ ഓടി. മന്ത്രിയെ സ്വീകരിക്കുന്ന ജനതതിയുടെ ആവേശം ഉൾക്കൊണ്ടുകൊണ്ടു് അയാൾ ആർത്തുവിളിക്കാൻ ശ്രമിച്ചു: ഇങ്ക്വിലാബ് സിന്താബാദ്"! പക്ഷേ, ചുമ! ആ ചുമയോ ജനത്തിന്റെ അർത്ഥശൂന്യമായ മുദ്രാവാക്യജല്പനഭരിയിൽ ഞെരിഞ്ഞമർന്നു

ശ്രീധരന്റെ ത്യാഗത്തിന്റെയും രാജമ്മയുടെ ദുർവ്വിധിയുടെയും വാസന്തിയുടെ ദുഃഖത്തിന്റെയും ചെറിയാൻ വക്കീലിന്റെ ഉയർച്ചയുടെയും ഈ കഥ ആത്മാർത്ഥതയുടെ പരാജയത്തിന്റെയും കാപട്യത്തിന്റെ വിജയത്തിന്റെയും കഥകൂടിയാണു്. കഥയും തിരക്കഥയും സംഭാഷണവും എസ്. എൽ. പുരം സദാനന്ദൻ രചിച്ചിരിക്കുന്നു അനവധാനതയാൽ വന്നുഭവിച്ച പാകപ്പിഴകൾ മൂലം കഥയുടെ ശില്പഭദ്രതയ്ക്കും യഥാതഥാത്വത്തിനും കഥാപാത്രങ്ങളുടെ ചിത്രീകരണത്തിനും സാരമായ ഉടവു തട്ടിയിട്ടുണ്ടു്. എങ്കിലും കാണികളെ മുഷിപ്പിക്കുന്നില്ല. പരിചയസമ്പന്നനായ സദാനന്ദന്റെ തിരക്കഥ. സേതുമാധവന്റെ സംവിധാനം തിരക്കഥയോടു നീതിപുലർത്തുന്നു പാകപ്പിഴകളുണ്ടെങ്കിലും ചിലേടങ്ങളിൽ അന്തരീക്ഷസൃഷ്ടിയിൽ വിജയം വരിക്കാൻ സേതുവിനു കഴിഞ്ഞിരിക്കുന്നു. പക്ഷേ, 'ഒരു പെണ്ണിന്റെ കഥ'യിലെ പലേ രംഗങ്ങളിലും പ്രകടമായി കണ്ട നാടകീയതീവ്രത ഈ ചിത്രത്തിൽ ഒരൊററ രംഗത്തിൽപോലും ദർശിക്കാൻ കഴിഞ്ഞില്ലെന്നു പറഞ്ഞേ തീരൂ ശരാശരി സംവിധാനമെന്നുപറഞ്ഞു മാറാം.

ഷീല, ജയഭാരതി, മധു, മെല്ലിഇറാനി എന്നിവരാണു് ഇങ്ക്വിലാബ് സിന്താബാദിൽ എടുത്തുപറയത്തക്ക കഴിവു പ്രദർശിപ്പിച്ചവർ മെല്ലിഇറാനിയുടെ ഛായാഗ്രഹണത്തിന്റെ മേന്മമാത്രം പല രംഗങ്ങളെയും മിഴിവുററതാക്കുന്നതായി തോന്നി. 'ഒരു പെണ്ണിന്റെ കഥ'യോളമെത്തിയില്ലെങ്കിലും ഷീലയുടെ അഭിനയം ഉന്നതനിലവാരം പുലർത്തുന്നു. സ്വന്തം ദുഃഖങ്ങൾ കടിച്ചമർത്തി, മററുള്ളവർക്കു സഹായം ചെയ്യുന്ന, സ്വന്തം കാമുകനെപ്പോലും മററൊരുത്തിക്കായി ത്യജിക്കുന്ന ടൂറിസ്റ്റ്"രാജമ്മ എന്ന മനുഷ്യത്വമുള്ള വേശ്യയെ പെട്ടെന്നൊന്നും മറക്കാൻ നമ്മെ അനുവദിക്കാത്ത തരത്തിലാണു് ഷീല ആ കഥാപാത്രത്തെ അവതരിപ്പിച്ചിട്ടുള്ളതു്. മലയാളത്തിന്റെ ഏററവും മികച്ച നടിയാവാൻ കച്ചകെട്ടിയിറങ്ങിയിരിക്കയാണെന്നു തോന്നുന്നു ജയഭാരതി. വാസന്തിടീച്ചറെ കണ്ടുകഴിഞ്ഞാൽ അവർ നമ്മുടെ നാളത്തെ പ്രധാന നായികയാവാൻ യോഗ്യയാണെന്നു ബോദ്ധ്യപ്പെടും. സംഭാഷണത്തിലെ കൃത്രിമത്വവും നാടകീയതയും ഉപേക്ഷിക്കാൻ പരിചയസമ്പന്നനും അഭിനയകലാനിപുണനുമായ മധുവിനു് ഇനിയും കഴിയാതെവരുന്നതു കഷ്ടമാണു്. സംഭാഷണരചയിതാവിന്റെ കുററവുമാവാം. മധുവിന്റെ ശ്രീധരനും മികച്ച അഭിനയത്താൽ മിഴിവുററതായി നില്ക്കുന്നു.

മധു, ജി. കെ. പിള്ള, ഷീല തുടങ്ങിയവർ
ഇങ്ക്വിലാബ് സിന്താബാദ് എന്ന ചിത്രത്തിൽ

യശഃശരീരനായ സത്യൻ വേണു എന്ന നല്ല മനുഷ്യന്റെ ഭാഗം അഭിനയിക്കുന്നു. ചുരുക്കം രംഗങ്ങളിലേ പ്രത്യക്ഷപ്പെടുന്നുള്ളുവെങ്കിലും സത്യൻ സത്യൻ തന്നെ.

മററുള്ളവരിൽ മെച്ചം പാഞ്ചാലി രാമൻനായരെ അവതരിപ്പിക്കുന്ന അടൂർ ഭാസിയും നീക്കുന്നം നീലാംബരൻ എന്ന വിപ്ലവകവിയുടെ ഭാഗമെടുത്ത ശങ്കരാടിയുമാണു്. വീരൻ, നെല്ലിക്കോട്ടു ഭാസ്കരൻ, പറവൂർ ഭരതൻ, ഗോവിന്ദൻകുട്ടി തുടങ്ങിയവർ അവരവരുടെ കഥാപാത്രങ്ങളോടു നീതി പുലർത്തുന്നു.

ഒരു ദുഃഖമേ അവശേഷിക്കുന്നുള്ളു. 'ഒരു പെണ്ണിന്റെ കഥ'യിൽനിന്നു ചിത്രാഞ്ജലിയുടെ ചുവടു മുമ്പോട്ടല്ല എന്നൊരു തോന്നൽ!

—ബാർകാ

—o—

അ എന്ന വേട്ടക്കാരൻ

(11-ൽനിന്നും തുടർച്ച)

ന്റെ തിളക്കത്തിൽ സൂര്യൻ സമയത്തെയുംകൊണ്ട് നൃത്തംവച്ചു. രാത്രിയിൽ ചന്ദ്രനവിടെ സമയംമറന്നുറങ്ങിക്കിടന്നു.

കാലക്രമേണ അയാളുടെ തോക്കിനെ പുല്ലുകൾ മൂടി. അതിന്റെ തിളക്കം അസ്തമിച്ചു.

കാടിന്റെ ജാലകങ്ങളിൽനിന്നു കാവല്ക്കാർ എന്നേ പിരിഞ്ഞിരുന്നു അവക്ക് മറെറാന്നും ചെയ്യാനുണ്ടായിരുന്നില്ല. ഇനി താഴ്‌വര. ആകാശവും കൊട്ടുമുടികളും. മേഞ്ഞുപോവുന്ന നിഴലുകളും കാററും. രാത്രിയുടെ അഗാധശബ്ദങ്ങളും ചന്ദ്രന്റെ സ്വപ്നവും. അലയുന്ന മാറെറാലികളും പുകമഞ്ഞിന്റെ തീർത്ഥാടനവും.

കാലമൊരു കാററായി വന്ന് അ എന്ന വേട്ടക്കാരനെ തൊട്ടു. തന്റെ സന്തോഷവാർത്തയറിയിച്ചു. അയാൾ തന്റെ ശരീരത്തെ മണ്ണിൽനിന്നുയർത്തി. പാതിരാനക്ഷത്രങ്ങളെപ്പോലെയെരിഞ്ഞ കണ്ണുകളിൽ തിളങ്ങുന്ന കണ്ണീർക്കണങ്ങളോടെ ആ തടാകനിലമയ.ലേയ്ക്കു മുഴുകി ഇല്ലെന്നായി.

—o—

വായ്ക്കുക! രസിക്കുക!! ചിത്രങ്ങളടങ്ങിയ ശാസ്ത്രഗ്രന്ഥങ്ങൾ

1. **മദനലീലകൾ.** ഏററവും നവീനപൂർണ്ണചിത്രഗ്രന്ഥം, മൈഥുനാവയവങ്ങളുടെ പ്രകൃതം വിവിധ സംയോഗരീതികൾ ഇവ — വില 7 00
2. **സെക്സ് അററ്ലസ്.** സ്ത്രീപുരുഷലൈംഗികാവയവങ്ങൾ, പ്രവർത്തനം, സംയോഗമുറകൾ, ഫാമിലിപ്ലാനിംഗ് etc. ചിത്രഗ്രന്ഥം. — വില 5 00
3. **സ്ത്രീപുരുഷ ശരീരശാസ്ത്രം.** ലൈംഗികാവയവങ്ങളുടെ വളർച്ച, രതിമാതൃകകൾ, രഹസ്യമുറകൾ, ഗർഭോല്പാദനം, etc. ചിത്രങ്ങൾ സഹിതം — വില 5 00
4. **കാമശാസ്ത്രം.** വാത്സ്യായനൻ മുതൽ ഹാവ്‌ലോക് എല്ലീസ്‌വരെ നിർദ്ദേശിച്ചിട്ടുള്ള കാമശാസ്ത്രരഹസ്യങ്ങളും ലീലകളും ചിത്രഗ്രന്ഥം — വില 4 00
5. **സ്ത്രീകളും പ്രസവരഹസ്യവും.** ഗർഭോല്പാദനംമുതൽ പ്രസവംവരെയുള്ള രഹസ്യങ്ങൾ, ചിത്രങ്ങൾസഹിതം. വിവാഹിതർ അറിയേണ്ടതു്. — വില 3 00
6. **സ്വഭാവപഠനശാസ്ത്രം.** നടപ്പ്, ഭാവം, കൈയ്യക്ഷരം, ഒപ്പ്, ജന്മദിനം etc. നോക്കി സ്വഭാവവും കഴിവുകളും പഠിക്കാനുള്ള ചിത്രഗ്രന്ഥം. — വില 3 00
7. **പ്രേമലേഖനങ്ങൾ.** ശോകപര്യവസായിയായ പ്രേമകഥ. ധാരാളം അത്യുഗ്രലൗലറേറഴ്സ് സാമ്പിളായി ഉപയോഗിക്കാൻ ഉത്തമം. — വില 3 00
8. **ഹണിമൂൺ.** (രതിലീലകൾ) വിവാഹിതരാകാൻ പോകുന്നവർ അറിഞ്ഞിരിക്കേണ്ട എല്ലാ രഹസ്യസംഗതികളും ചിത്രങ്ങൾസഹിതം. — വില 2 00
9. **വിവാഹജീവിതവും സംയോഗരീതികളും.** ഒന്നുമറിയാൻപാടില്ല അവ ഈ ചിത്രഗ്രന്ഥം വായിച്ചാൽ ജീവിതം സുഖകരമാക്കാം. — വില 2 00
10. **കല്യാണരാത്രിയിലെ കാമലീലകൾ.** എന്തുമെന്തും ദാമ്പത്യം പൂർണ്ണമായുള്ളതാക്കാനും സുഖിക്കാനും ഈ ചിത്രഗ്രന്ഥം പഠിക്കുക. — വില 2 00
11. **വശീകരണശാസ്ത്രം.** ഇഷ്ടമുള്ളവരെ നിയന്ത്രണത്തിലാക്കാനും കാര്യങ്ങൾ സാധിക്കുവാനും ഈ ഗൂഢശാസ്ത്രം പഠിക്കുക. — വില 1 00
12. **ശീഘ്രസ്ഖലനവും നിവാരണമാർഗ്ഗങ്ങളും** ചികിത്സാഗ്രന്ഥം — വില 1 00

എല്ലാ പുസ്തകങ്ങൾക്കും V. P. ചെലവ് പുറമെ, കാററ്‌ലോഗ് സൗജന്യം.

F. P. A. I. Thariannagar, Kuzhikala, QUILON Dt;

കെ. ജി. സേതുനാഥിന്റെ "അസ്ഥിമാടം" എന്ന റേഡിയോനാടകത്തിന്റെയും, നോവലിന്റെയും ചലച്ചിത്രാവിഷ്ക്കാരം "ദീപാവലി പ്രമാണിച്ച് കേരളത്തിലെ 16 പ്രമുഖകേന്ദ്രങ്ങളിൽ



താരങ്ങൾ: നസീർ, കൊട്ടാരക്കര, മുത്തയ്യ, S. P. പിള്ള, ബഹദൂർ, വീരൻ, ജോസ്പ്രകാശ് മുതുകുളം, ഷീല, ജയഭാരതി, T. R. ഓമന, അടൂർഭവാനി etc.

ഗാനങ്ങൾ: **വയലാർ** സംഗീതം: **ബാബുരാജ്**

വിതരണം: ഡിന്നിഫിലിംസ്, കോട്ടയം, കോഴിക്കോട്, എറണാകുളം.

കാലം

—ഗോപൻ


ചെറുപ്പകാലത്തു മഹദ്വചന
LIBRARY
1
ങ്ങൾ തേൾക്കുകയും
വായിക്കുകയും ചെയ്യുക
ഇന്നെ ശീലമായിരുന്നു..
2
ഇവിടെ സ്വസംഗ്രഹത്തെക്കാളും
മുൻപന്തിയിൽ തന്നെയാണും..
3
പക്ഷെയുവത്വം ഉന്മാദമാകുന്ന
തിന്റെ മദ്ധ്യത്തിലേക്കിറ
ങ്ങുകയും ചെയ്തോടി... ഞാൻ
മദ്യവിമുക്തനായി
4
പത്തുവർഷം കഴിഞ്ഞ് ഞാൻ
ഇന്ന് ചിന്തിക്കുന്ന ദിവസ
ത്തെക്കുറിച്ചോർക്കുമ്പോൾ
ഉണരുന്നതിനു
ശേഷമുള്ള
ഉറക്കം പോലെ
ആണ്...
5
ഞാൻ ഇന്നു ചിന്തിക്കുന്നു.. മദ്യപാനം മാരക
മാണെന്നറിഞ്ഞ്.. സ്വസംഗ്രഹത്തിനെ
തുടച്ചുകളഞ്ഞു... ഞാ
ൻ ഒരു നല്ലവനായി
ജീവിക്കുന്നു...
6
ഇന്നെനിക്കു
ചെയ്യുവാനുള്ളത്
ഗോപൻ